
# സത്യദൂതൻ

2023 ഫെബ്രുവരി | ലക്കം 02

വില ₹ 30



## ബുർകിന ഫാസൊയിലെ ശഹീദുകൾ; അഹ്മദിയ്യത്തിന്റെ നക്ഷത്രങ്ങൾ

## തെറ്റിദ്ധരിക്കപ്പെട്ട ഇസ്‌ലാമിക ജിഹാദ്

## നരവേട്ടക്കിറങ്ങിയ ജിഹാദികൾ

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം*



The Sathyadoothan Monthly

لا اله الا الله محمد رسول الله


# സത്യദൂതൻ

2023 ഫെബ്രുവരി
ഹി.ശ.1403- തബ്‌ലീഗ്
1444 റജബ് - ഷഹബാൻ
പുസ്തകം 95 ലക്കം 02
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**ജിഹാദ് സൃഷ്ടിക്കുന്ന നാശങ്ങൾ**



**7**
പ്രഭാഷണം
**ബുർകിന ഫാസൊയിലെ ശഹീദുകൾ; അഹ്മദിയ്യത്തിന്റെ നക്ഷത്രങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2023 ജനുവരി 23-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**11**
**തെറ്റിദ്ധരിക്കപ്പെട്ട ഇസ്‌ലാമിക ജിഹാദ്**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)



**16**
**കരുണയും നീതിയും**
എ.എം. മുഹമ്മദ് സലീം

**18**
**ഒരു പുണ്യാത്മാവിനെ എറിഞ്ഞു കൊല്ലുന്നു**
എൻ.അബ്ദുർറഹിം സാഹിബ്

**24**
**വിപ്ലവത്തിന്റെ അർത്ഥം**
കെ.സി. മഖ്ബൂൽ അഹ്മദ്, കോഴിക്കോട്

**27**
**ഗർഭഛിദ്രവും ജനനനിയന്ത്രവും: ഇസ്‌ലാമികാദ്ധ്യാപനങ്ങൾ**
സഫീർ അഹ്മദ് ഖാൻ യു. കെ

**33**
ഭാഗം - 36
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**39**
കുറിപ്പുകൾ
**നരവേട്ടക്കിറങ്ങിയ ജിഹാദികൾ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



മനുഷ്യർക്ക് ശിക്ഷ വരുന്ന നാളിനെ പറ്റി അവർക്ക് മുന്നറിയിപ്പു നൽകുക. അപ്പോൾ അക്രമം ചെയ്തവർ പറയും: ഞങ്ങളുടെ നാഥാ അടുത്തൊരവധിവരെ ഞങ്ങൾക്ക് അവസരം നൽകേണമേ. ഞങ്ങൾ നിന്റെ വിളിക്കുത്തരം നൽകുകയും ദൂതന്മാരെ പിൻപറ്റുകയും ചെയ്തു കൊള്ളാം (അപ്പോൾ അല്ലാഹു ചോദിക്കും) നിങ്ങൾക്ക് ഒരു വീഴ്ച്ചയുമുണ്ടാകുകയില്ല എന്ന് നിങ്ങൾ മുമ്പ് സത്യം ചെയ്തിരുന്നില്ലേ? (14:45)



## നബിവചനം

ഹദ്റത്ത് ഹുദൈഫ(റ) യിൽ നിന്നും നിവേദനം: ആരുടെ കൈയ്യിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവാണേ സത്യം നിങ്ങൾ ജനങ്ങളെ നന്മചെയ്യാൻ പ്രേരിപ്പിക്കുകയും തിന്മചെയ്യുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യുക. അല്ലാത്ത പക്ഷം നിങ്ങളുടെ മേൽ അല്ലാഹുവിൽ നിന്ന് ശിക്ഷ ഇറങ്ങുവാൻ സാധ്യതയുണ്ട്. പിന്നെ വൈകിയ വേളയിൽ നിങ്ങൾ താണുകേണപേക്ഷിച്ചാലും അത് സ്വീകരിക്കപ്പെട്ടി ല്ലെന്ന് വരാം. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം



യാഥാർത്ഥ്യം എന്തെന്നാൽ ദൈവം വളരെ ശക്തനും ഊക്കുള്ളവനുമാകുന്നു. സ്നേഹത്തോടും കൂറോടും കൂടി അവന്റെ മുന്നിൽ തലകുനിക്കുന്നവൻ ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. ശത്രു പറയുന്നു, തന്റെ ആസൂത്രണം വഴി അവരെ നശിപ്പിച്ചു കളയാമെന്ന്! ദുർവിചാരക്കാരൻ വിഭാവനം ചെയ്യുന്നു, തനിക്കവരെ ചതിച്ചു കളയാമെന്ന്! എന്നാൽ ദൈവം പറയുന്നു: അല്ലയോ അവിവേകീ! നീ എന്നോട് പൊരുതുമോ? എന്റെ പ്രിയപ്പെട്ടവനെ എളിമയി ലാക്കുവാൻ നിനക്കു കഴിയുമോ? യഥാർത്ഥത്തിൽ സ്വർഗ്ഗത്തിൽ വച്ച് തീരുമാനി ക്കപ്പെട്ടതെന്തൊ, അതല്ലാതെ ഭൂമിയിൽ ഒന്നും നടക്കുന്നില്ല. ആകാശത്തിൽ നീട്ടപ്പെട്ട കൈയ്യോളം ഭൂമിയിൽ ഒരു കൈക്കും നീളം ഉണ്ടാകുകയില്ല. ആകയാൽ ദ്രോഹ കൃത്യങ്ങൾ ആസൂത്രണം ചെയ്യുന്നവൻ അവിഹിതവും ലജ്ജാകരവുമായ ഗൂഢാലോചനകൾ നടത്തുമ്പോൾ, ആരുടെ ഇഛ കൂടാതെ ഒരിലപോലും കൊഴിയുകയില്ലയോ ആ മേലായ ശക്തിയെ കുറിച്ച് ഓർക്കാതിരിക്കുന്നുവെങ്കിൽ അവർ ബുദ്ധിശൂന്യരാകുന്നു. അവർ തങ്ങളടെ ഉദ്ദേശ്യങ്ങളിൽ എപ്പോഴും ലജ്ജിതനും പരാജിതനുമായി തന്നെയിരിക്കും. അവരുടെ അകൃത്യങ്ങൾ കാരണം സദ്വൃത്തന്മാർക്ക് യാതൊരു ഉപദ്രവുമേൽക്കുകയില്ല. മറിച്ച് അതുമുഖേന ദൈവികമായ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുകയും അല്ലാഹുവിന്റെ സൃഷ്ടികളിൽ ദൈവജ്ഞാനം വർദ്ധിക്കുമാറാകുകയും ചെയ്യുന്നു. സർവ്വശക്തനും പ്രതാപവാ നുമായ അല്ലാഹു ബാഹ്യ ദൃഷ്ടികൾക്ക് ഗോചരീഭവിക്കുന്നില്ലെങ്കിലും അത്ഭുതാ വഹമായ ദൃഷ്ടാന്തങ്ങളിലൂടെ സ്വയം വെളിപ്പെടുകയാണ് ചെയ്യുന്നത്. (കിതാബുൽ ബരിയ്യ. മുഖദ്ദിമ. ഭാ 1,2)


എഡിറ്റോറിയൽ

# തീവ്രവാദം: പ്രസരിക്കുന്ന കാലം

സൗമ്യതയും കാരുണ്യവും ഉദാരതയും കാണിച്ച മതങ്ങളും ജനസമൂഹങ്ങളും രാഷ്ട്രീയ പാർട്ടികളും ഭരണകൂടങ്ങളും തീവ്രതയിലേക്കും വെറുപ്പിലേക്കും വിദ്വേഷത്തിലേക്കും വഴിമാറുന്ന അസാധാരണമായ പ്രതിഭാസമാണ് ലോകത്ത് പലയിടത്തും കാണുന്നത്. മതഭക്തി എന്നാൽ മതതീവ്രതയും കാർക്കശ്യവും അസഹിഷ്ണുതയുമാണ് എന്ന അർത്ഥബോധം പോലും സമൂഹത്തിൽ പ്രചരിച്ചിരിക്കുന്നു. പടിഞ്ഞാറും കിഴക്കുമുള്ള രാജ്യങ്ങളിൽ ഈ പ്രതിഭാസത്തിന്റെ പ്രഭാവം കാണാം. മത-സാമൂഹിക ജീവിത പ്രത്യയ ശാസ്ത്രങ്ങൾ ഉയർത്തി പിടിച്ച സ്നേഹത്തിന്റേയും വിവേകത്തിന്റേയും മിതത്വത്തിന്റെയും മാനവീയ മൂല്യങ്ങൾ അസ്തപ്രജ്ഞമാകുകയും വൈകാരികതക്കും കാർക്കശ്യത്തിനും ശക്തിപ്രകടനത്തിനും പ്രാമുഖ്യം വരികയും ചെയ്തിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. പൊതുവേ ശാന്തതയിലും സഹവർത്തിത്വത്തിലും ജീവിച്ചിരുന്ന മതസമൂഹങ്ങൾ അക്രമാസക്തവും പ്രക്ഷുബ്ദവും ഹിംസാത്മകവുമായി തീർന്നിരിക്കുന്നു. സമൂഹ മനസ്സിന്റെ ഈ ഭാവപകർച്ചയും ഗതിമാറ്റവും കണ്ട് തദാനുഗതരായി ലോകത്തുടനീളമുള്ള ജനനേതാക്കന്മാർ ഇത്തരം പ്രവണതകളുടെ ഒഴുക്കിൽ ശക്തി സംഭരിക്കുകയാണ്. പഞ്ചേന്ദ്രിയങ്ങളെ ത്രസിപ്പിക്കുകയും ത്വരിപ്പിക്കുകയും ചെയ്യുന്ന ദൃശ്യശ്രാവ്യ വാർത്താ മാധ്യമങ്ങൾ വിവേകത്തെയും ആത്മബോധത്തെയും നശിപ്പിക്കുന്നു എന്നതും അതിവൈകാരികത എന്ന സാമൂഹിക രോഗത്തിന് കാരണമാണ്.

മതം പൊതുവേ വിട്ടുവീഴ്ച്ചയുടെയും മാപ്പിന്റെതും ആർദ്രതയുടേതുമാണ്. ബാഹ്യമായ നിയന്ത്രണത്തേക്കാളും സമ്മർദ്ദത്തേക്കാളും ആത്മനിയന്ത്രണത്തിലാണ് മതം ഊന്നുന്നത്. യഥാർത്ഥ നന്മ ഹൃദയവും ഭയഭക്തിയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ തീവ്രവാദം രോഗാതുരമായ ഒരു മാനസികാവസ്ഥയാണ്. അത്തരം ചില വൈകല്യങ്ങളും നിലപാടുകളും സ്വഭാവത്തിന്റെ ഭാഗമായുള്ള വ്യക്തികളുമുണ്ട്. അവർ മതത്തിലായാലും രാഷ്ടീയത്തിലായാലും സാമൂഹിക ഗ്രൂപ്പുകളിലായാലും തീവ്രമായി പ്രതികരിക്കുന്ന അയവില്ലാത്ത കാർക്കശ്യ നിലപാടുകൾ സ്വീകരിക്കുന്നു. ജീവിത വിശുദ്ധിയിൽ കളങ്കിതരായ അവർ അത് മറച്ച് പിടിക്കാൻ കൂടി തീവ്രത ആയുധമാക്കുന്നു. ഒരേതൂവൽ പക്ഷികൾ കൂട്ടം കൂടുന്നത്പോലെ ഇത്തരക്കാർ സംഘം ചേർന്നാണ് തീവ്രവാദ ഗ്രൂപ്പുകൾ രൂപം കൊള്ളുന്നത്. മതത്തിൽ വ്യാഖ്യാന സാദ്ധ്യതകളുള്ള മതസൂക്തങ്ങളെ അവരുടെ മനോഭാവത്തിനനുസരിച്ച് വ്യാഖ്യാനിച്ച് തീവ്രവാദത്തിന്ന് മതത്തിന്റെ ഛായ വരുത്തുകയാണ് ചെയ്യുന്നത്. ആത്മ സമർപ്പിതരായ ഭക്തരോട് മതം സ്നേഹപൂർവ്വം ആവശ്യപ്പെടുന്ന അച്ചടക്കങ്ങളും നിയന്ത്രണങ്ങളും അധികാര ശാസനങ്ങളാക്കി ഇവർ ഉപയോഗപ്പെടുത്തുന്നു. മതം ഇത്തരം കാർക്കശ്യമാണെന്ന് കരുതുന്ന അജ്ഞരായ മതസമൂഹം ഇത്തരം തീവ്രവാദ മനോഭാവക്കാർക്ക് പിന്നിൽ എളുപ്പത്തിൽ അണിനിരക്കുന്നു. വംശീയ-ഗോത്ര-മത ജാതി ബോധം ഇത്തരം തീവ്രവാദ ഭീകരവാദ ഗ്രൂപ്പുകളുടെ ഊർജ്ജ സ്രോതസ്സാണ്. തീവ്രവാദം അതിതീവ്ര രൂപത്തിലും തീവ്രരൂപത്തിലും മൃദുരൂപത്തിലും ലോകത്തെല്ലായിടത്തും ദൃശ്യമാണ്.

അഹ്മദിയ്യാ ജമാഅത്ത് ഉദ്ഘോഷിക്കുന്ന ഇസ്ലാം മതത്തിന്റെ സൗന്ദര്യവും മസീഹിയ്യത്തിന്റെ കാരുണ്യവും ആത്മ സംസ്ക്കരണവും ലോകം എത്രയും വേഗം തിരിച്ചറിയുമാറാകട്ടെ. ഇബ്നു അബ്ബാസ് നിവേദനം ചെയ്ത് അർത്ഥഗർഭമായ ഒരു നബി വചനം ഇപ്രകാരമാണ്: ***'ദീനിന്റെ കാര്യത്തിൽ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് ദീനിലെ തീവ്രത മൂലമാണ്.' (അഹ്മദ്)***



ഹദ്റത്ത് അഹ്മദ് (അ)

# ജിഹാദ് സൃഷ്ടിക്കുന്ന നാശങ്ങൾ

**നൂറ് വർഷങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹ് താലീബാൻ പ്രദേശത്തെ ജിഹാദിനെ കുറിച്ച് നടത്തിയ അത്ഭുതകരമായ പ്രവചനം**

ജിഹാദ് എന്ന പേരിൽ മറ്റു മതക്കാരുടെമേൽ ആക്രമണം നടത്തുകയെന്ന മുസ്ലിംകളിൽ കാണപ്പെട്ടു വരുന്ന ഇന്നത്തെ പ്രവണത ശറഈ (നിയമാനുസൃതമായി) ജിഹാദ് അല്ലെന്നും മറിച്ച് അല്ലാഹുവിന്റെയും റസൂലിന്റെയും കൽപ്പനകൾക്ക് വിരുദ്ധമായ പ്രവർത്തിയും കടുത്ത പാതകവുമാകുന്നു എന്നും ഓർത്തുകൊള്ളേണ്ടതാണ്. എന്നാൽ ഈ സമ്പ്രദായത്തിൽ പറ്റി പിടിച്ച് ചില ഇസ്ലാമിക രാഷ്ട്രങ്ങളിൽ ഇതു ഒരു പഴയ ശീലമായിക്കഴിഞ്ഞിരിക്കയാൽ, അത് വേഗം ഉപേക്ഷിക്കുക സാധ്യമല്ല. എന്നാൽ അത്തരം ഉപദേശങ്ങൾ നൽകുന്നവരെ തങ്ങളുടെ ശത്രുക്കളായി കരുതുകയും അവിശ്വാസികളോട് യുദ്ധം ചെയ്യുന്ന ആവേശത്തോടെ അയാളുടെ കഥകഴിക്കുവാൻ തയ്യാറാവുകയും ചെയ്തേക്കാം. എന്നാൽ ഞാൻ ആലോചിച്ചു കൊണ്ടിരിക്കുകയാണ് മുൻ അഫ്ഗാൻ അമീർമാരിൽ കാണപ്പെട്ടിട്ടില്ലാത്ത തരത്തിൽ അഫ്ഗാൻകാരിൽ പ്രഭാവം ചെലുത്തി പോരുന്ന ഇപ്പോഴത്തെ കാബൂൾ അധിപനായ അമീർ ആലിമിങ്ങളെ വിളിച്ചു ചേർത്ത് ഈ ജിഹാദ് പ്രശ്നത്തെ പറ്റി ചർച്ച നടത്തുകയും പിന്നീട് ഉലമാക്കന്മാർ മുഖേന തന്നെ സമാന്യജനങ്ങളെ അവരുടെ തെറ്റുകളെ കുറിച്ച് ഉണർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതോടൊപ്പം ഈ രാജ്യത്തിലെ ഉലമാക്കന്മാരിൽ പുഷ്തു ഭാഷയിൽ ചില പുസ്തകങ്ങൾ തയ്യാറാക്കി വിപുലമായ തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഈ പ്രവർത്തനങ്ങൾ ജനങ്ങളിൽ സൽഫലങ്ങൾ ഉണ്ടാക്കുമാറാകും. വിവരംകെട്ട മുല്ലമാർ ബഹുജനങ്ങളിൽ പരത്തി വിടുന്ന കൊലപാതകാവേശം ക്രമത്തിൽ ക്രമത്തിൽ കുറഞ്ഞു കൊള്ളുന്നതുമാണ്. ഈ എത്രയും പ്രധാനപ്പെട്ട പരിഷ്ക്കരണ പരിപാടിയിലേക്ക് അമീർ അവർകൾ ശ്രദ്ധ തിരിക്കാത്ത പക്ഷം മുല്ലമാരുടെ ഇത്തരം ഫത്വകളുടെ നേരെ നിശബ്ദത കൈകൊള്ളുന്നതിന്റെ അന്തിമ ഫലങ്ങൾ ഗവൺമെന്റിനു തന്നെയും വലിയ കഷ്ട നഷ്ടങ്ങൾ വരുത്തി വച്ചേക്കും. ഇക്കാലത്ത് മതപരമായ ഏറ്റവും നിസ്സാര തർക്കങ്ങൾക്ക് പോലും ഒരു വ്യക്തിയെ അല്ലെങ്കിൽ ഒരു ഫിർക്കയെ മുഴുവനും കാഫിറായി പ്രഖ്യാപിക്കുകയെന്നത് ഈ മുല്ലമാരുടെയും മൗലവിമാരുടെയും ശീലമായിക്കഴിഞ്ഞിരിക്കുന്നു. പിന്നെ കാഫിറുകളെ കുറിച്ചുള്ള അവരുടെ ജിഹാദ് ഫത്വകളും മറ്റും ഇവരുടെ കാര്യത്തിലും നടപ്പാക്കി തുടങ്ങുന്നതാണ്.

ചുരുക്കത്തിൽ ഈ സാഹചര്യത്തിൽ അമീർ അവർകൾ തന്നെ ഈ ഫത്വകളിൽ നിന്ന് സുരക്ഷിതനായിരിക്കാൻ സാധ്യമല്ല. ഏതെങ്കിലും അവസരത്തിൽ ഈ മുല്ലാവർഗ്ഗം ശാഖാപരമായ കാര്യത്തിൽ അമീറിന്ന് തന്നെയും വിരോധം പുലർത്തികൊണ്ട് അദ്ദേഹത്തെയും ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്താക്കിയെന്നും വരും. അദ്ദേഹത്തിന്റെ കാര്യത്തിലും കുഫ്ഫാറിനെ കുറിച്ചുള്ള ഫത്വ നടപ്പാക്കാൻ തുനിഞ്ഞേക്കുകയും ചെയ്യും. ആകയാൽ മുഅ്മിനിനേയും കാഫിറിനേയും പടച്ചു വിടുകയും അവരുടെ പേരിൽ ജിഹാദ് ഫത്വ പുറപ്പെടുവിക്കുകയും ചെയ്യുന്ന അവകാശാധികാരങ്ങൾ ആരുടെ കൈയ്യിലാണോ ആ ജനവിഭാഗം അമീർ അവർകൾക്കും വെറുതെ ഇരിക്കാൻ കഴിയാത്ത വിധം ആപൽക്കാരിയായ ഒരു ജനവിഭാഗമാകുന്നു. ഏതൊരു ഗവൺമെന്റിന്നും എതിരായ രാജ്യദ്രോഹ പ്രവർത്തനങ്ങളുടെയും വിപ്ലവങ്ങളുടെയും ഉറവിടങ്ങൾ ഇത്തരം ആൾക്കാർ തന്നെയാണെന്നതിൽ സംശയമേ ഇല്ല. സാമാന്യ ജനം ഇത്തരമാളുകളുടെ സ്വാധീനത്തിലാണുള്ളത്. അവരുടെ ഹൃദയങ്ങളെ പ്രവർത്തിപ്പിക്കുന്ന യന്ത്രഘടകം ഇവരുടെ കൈയ്യിലാണുള്ളത്. അവർ ഇഷ്ടപ്പെടുന്ന ഭാഗത്തേക്ക് അവയെ തിരിച്ചു വിടാനും അങ്ങനെ ഒരു തരം ഖിയാമത്തിന്റെ കാഴ്ച്ചകൾ പെട്ടെന്ന് സൃഷ്ടിക്കാനും അവർക്ക് കഴിഞ്ഞേക്കും. ആകയാൽ സമാന്യ ജനത്തെ ഇവരുടെ പിടിയിൽ നിന്നും വിടുവിക്കുകയെന്നത് കുറ്റമോ പാപമോ അല്ല. വളരെ ശാന്തമായ മാർഗ്ഗത്തിൽ അവർക്ക് ജിഹാദിന്റെ യാഥാർത്ഥ്യം മനസ്സിലാക്കി കൊടുക്കുകയാണ് വേണ്ടത്. (ജിഹാദ്)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്‌റൂർ അഹ്‌മദ് (അയ്യദഹു) 2023 ജനുവരി 23-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്‌ബയുടെ സംഗ്രഹം.

# ബുർകിന ഫാസൊയിലെ ശഹീദുകൾ; അഹ്‌മദിയ്യത്തിന്റെ നക്ഷത്രങ്ങൾ




**ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്‌മദ്** (അയ്യദഹു...)

അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ബലിയർപ്പിക്കുന്നവരെ സംബന്ധിച്ച് അല്ലാഹു പറയുന്നു: അവർ മരിച്ചവരല്ല, ജീവിച്ചിരിക്കുന്നവരാകുന്നു. അഹ്‌മദിയ്യാ ജമാഅത്ത് നൂറു വർഷത്തിലേറെയായി അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ത്യജിച്ചുകൊണ്ടിക്കുന്നു. ഈ ശുഹദാക്കൾ, പദവികൾ ഉയർന്നുക്കൊണ്ടിരിക്കുന്ന സ്ഥാനം കരസ്തമാക്കി. ഈ ലോകത്തും അവരുടെ പേരുകൾ എക്കാലത്തേക്കും പ്രകാശിതമായി. അല്ലാഹു തആലയുടെ മാർഗത്തിൽ അവരുടെ ജീവിതം സമർപ്പിച്ചത് തങ്ങൾക്ക്‌വേണ്ടി മാത്രമല്ല; മറിച്ച് അത് ജമാഅത്തിന്റെ ജീവിതത്തിനും ഹേതുവായിരിക്കുകയാണ്. അവ ശേഷിച്ചവരുടെ ജീവിതത്തിനും പുരോഗതികൾക്കും നിമിത്തമായി മാറുന്നതും ഇതു തന്നെയാണ്. പിന്നെ എങ്ങനെയാണ് അവർ മൃതരാകുക.

വാഗ്ദത്ത മസീഹ്[(അ)]ന്റെ കാലത്ത് ഹദ്റത്ത് സാഹിബ് സാദാ സയ്യിദ് അബ്ദുൽ ലത്തീഫിന്റെ ത്യാഗത്തോടെയാണ് അഹ്‌മദിയ്യ ജമാഅത്തിലെ ഈ ജീവത്യാഗം ആരംഭിച്ചത്. ജീവത്യാഗങ്ങൾ തുടക്കത്തിൽ അഫ്ഗാനിസ്ഥാനിലെയും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെയും അഹ്‌മദികളിൽ ആണ് ഉണ്ടായിരുന്നത്. 2005 ൽ ആഫ്രിക്കൻ രാജ്യമായ കോംഗോയിലെ ഒരു അഹ്മദി ജമാഅത്തിന് വേണ്ടി മാത്രമായി ജീവിതം ത്യജിച്ചു. എന്നാൽ ഈ അടുത്ത ദിവസം ബുർക്കിന ഫാസോയിൽ, ആഫ്രിക്കൻ അഹ്‌മദികൾ കാണിച്ച സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും വിശ്വാസത്തിന്റെയും മാതൃക സമാനതകളില്ലാത്തതാണ്. വാഗ്ദത്ത മസീഹിന്റെ സത്യതയെ നിഷേധിച്ചാൽ ഞങ്ങൾ നിങ്ങളുടെ ജീവൻ രക്ഷിക്കാം എന്ന് അവർക്ക് അവസരം നൽകിയിരുന്നു. എന്നാൽ പർവതങ്ങളേക്കാൾ ശക്തമായ വിശ്വാസമുള്ള ആളുകൾ, ജീവിതം ഇന്നല്ലെങ്കിൽ നാളെ പോകേണ്ടതാ

> ആഫ്രിക്കൻ അഹ്മദികൾ കാണിച്ച സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും വിശ്വാസത്തിന്റെയും മാതൃക സമാനതകളില്ലാത്തതാണ്. വാഗ്ദത്ത മസീഹിന്റെ സത്യതയെ നിഷേധിച്ചാൽ ഞങ്ങൾ നിങ്ങളുടെ ജീവൻ രക്ഷിക്കാം എന്ന് അവർക്ക് അവസരം നൽകിയിരുന്നു. എന്നാൽ പർവതങ്ങളേക്കാൾ ശക്തമായ വിശ്വാസമുള്ള ആളുകൾ, ജീവിതം ഇന്നല്ലെങ്കിൽ നാളെ പോകേണ്ടതാണ്. അതിനാൽ അതിനെ രക്ഷിക്കാൻ നമുക്ക് നമ്മുടെ വിശ്വാസത്തെ വ്യാപാരം ചെയ്യാൻ കഴിയില്ലെന്ന് മറുപടി നൽകി. ഞങ്ങൾ കണ്ട സത്യത്തെ ഉപേക്ഷിക്കാൻ ഞങ്ങൾക്കു കഴിയില്ല. അങ്ങനെ ഒന്നിന് പുറകെ മറ്റൊന്നായി അവർ അവരുടെ ജീവൻ ബലിയർപ്പിച്ചു. അവരുടെ സ്ത്രീകളും കുട്ടികളും ഈ രംഗം കണ്ടുകൊണ്ടിരുന്നു; ആരും തന്നെ അലമുറയിട്ടില്ല.

ണ്. അതിനാൽ അതിനെ രക്ഷിക്കാൻ നമുക്ക് നമ്മുടെ വിശ്വാസത്തെ വ്യാപാരം ചെയ്യാൻ കഴിയില്ലെന്ന് മറുപടി നൽകി. ഞങ്ങൾ കണ്ട സത്യത്തെ ഉപേക്ഷിക്കാൻ ഞങ്ങൾക്കു കഴിയില്ല. അങ്ങനെ ഒന്നിന് പുറകെ മറ്റൊന്നായി അവർ അവരുടെ ജീവൻ ബലിയർപ്പിച്ചു. അവരുടെ സ്ത്രീകളും കുട്ടികളും ഈ രംഗം കണ്ടുകൊണ്ടിരുന്നു; ആരും തന്നെ അലമുറയിട്ടില്ല.

വാഗ്ദത്ത മസീഹ്(അ)ന്റെ കാലത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിന്റെ ത്യാഗത്തിന്ശേഷം അഹ്മദിയ്യാ ലോകത്ത് ത്യാഗങ്ങളുടെ പുതിയ ചരിത്രം സൃഷ്ടിച്ചവരാണ് ഇവർ. അവർ തങ്ങളുടെ ലൗകിക ജീവിതം ത്യജിച്ചു കൊണ്ട് ശാശ്വതജീവൻ കരസ്തമാക്കി. ജീവനും സമ്പത്തും സമയവും ത്യാഗം ചെയ്യുമെന്നു ചെയ്ത വാഗ്ദാനം നിറവേറ്റിക്കൊണ്ട് പിന്നീട് വന്ന ഇവർ മുൻഗാമികളേക്കാൾ മുൻകടക്കുയുണ്ടായി. അല്ലാഹു തആല (ഇവരെ) തന്റെ വഴിയിൽ ത്യാഗം ചെയ്യുന്നവർക്ക് നൽകിയ സുവാർത്തകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ.

വിശദാംശങ്ങളനുസരിച്ച്, ബുർക്കിന ഫാസോയിലെ നഗരമായ ഡോറിയിലെ ഒരു പുതിയ ജനവാസ സ്ഥലമാണ് മഹ്ദിയാബാദ്. ജനുവരി 11 ന് ഇശായുടെ സമയത്ത് ഇസ്‌ലാം അഹ്മദിയ്യത്തിനെ നിഷേധിക്കാത്തതിന്റെ പേരിൽ പ്രായമുള്ള ഒമ്പത് അഹ്മദികളെ പള്ളിയുടെ മുറ്റത്ത് ബാക്കി നമസ്കാരക്കാർക്ക് മുന്നിൽ വെച്ച് ഓരോരുത്തരെയായി ശഹീദുകളാക്കുകയുണ്ടായി. ആയുധധാരികളായ എട്ട് പേരായിരുന്നു പള്ളിയിൽ എത്തിയിരുന്നത്. അഹ്മദിയ്യാ പള്ളിയിൽ വരുന്നതിനു മുമ്പ് മഗ്‌രിബ് മുതൽ ഇശാ വരെ അടുത്തുള്ള വഹാബി പള്ളിയിൽ അവർ സമയം ചെലവഴിച്ചു. പക്ഷേ അവിടെ ആരെയും ഉപദ്രവിച്ചില്ല. അഹ്മദിയ്യാ മസ്ജിദിൽ വരുമ്പോൾ, ആ സമയത്ത് ഇശായുടെ ബാങ്ക് വിളിക്കുകയായിരുന്നു. ബാങ്ക് കഴിഞ്ഞപ്പോൾ, കുറച്ച് ആളുകൾ വന്നിട്ടുണ്ടെന്നും അവർക്ക് സംസാരിക്കണമെന്നും അതിനാൽ സുഹൃത്തുക്കൾ വേഗം പള്ളിയിലേക്ക് വരണമെന്നും മുഅദ്ദിനോട് വിളമ്പരം ചെയ്യിപ്പിച്ചു. ഇമാം അൽഹാജ് ഇബ്രാഹിം ബദ്ഗയോട് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങളെക്കുറിച്ച് അവർ ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു. ഇമാം സാഹിബ് പറഞ്ഞു: ഞങ്ങൾ മുസ്‌ലിംകളും നബി(സ)യിൽ വിശ്വസിക്കുന്നവരും ആണ്. ഞങ്ങൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തുമായി ബന്ധപ്പെട്ടവരാണ്. ഹദ്റത്ത് ഈസാ(അ) വഫാത്തായിരിക്കുന്നു. (ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)) വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമാണ്.

തികച്ചും കാഫിറാണ് അഹ്മദികളെന്ന് ഭീകരർ പറഞ്ഞു. തുടർന്ന് തൊട്ടടുത്ത തയ്യൽ കേന്ദ്രത്തിലെ വാഗ്ദത്ത മസീഹിന്റേയും ഖലീഫമാരുടേയും ഫോട്ടോകളെ കുറിച്ച് ചോദിച്ചു. ഇമാം സാഹിബ് ഓരോ ചിത്രവും പരിചയപ്പെടുത്തി. അവർ പറഞ്ഞു: വാഗ്ദത്ത മസീഹിന്റെ വാദം തെറ്റാണ്. (നഊദുബില്ലാഹ്.) അതിനുശേഷം അവർ പള്ളിയിൽ ഉണ്ടായിരുന്ന എഴുപത് വിശ്വാസികളെ പ്രായത്തിനനുസരിച്ച്, കുട്ടികളേയും യുവാക്കളേയും മുതിർന്നവരേയും ഗ്രൂപ്പുകളാക്കി. പത്ത് പന്ത്രണ്ട് ലജ്നകളും ഉണ്ടായിരുന്നു. പ്രായമായവരോട് പള്ളിയുടെ മുറ്റത്തേക്ക് വരാൻ ആവശ്യപ്പെട്ടു. അതിൽ ഉണ്ടായിരുന്ന വികലാംഗനായ അഹ്മദിയെ നിന്നെക്കൊണ്ട് പ്രയോജനമൊന്നുമില്ല; അകത്ത് തന്നെ നിൽക്കുക എന്ന് പറഞ്ഞ് വിലക്കി. ബാക്കിയുള്ളവരെ പള്ളിയുടെ മുറ്റത്തേക്ക് കൊണ്ടുവന്ന് ഇമാം സാഹിബിനോട് പറഞ്ഞു: അഹ്മദിയ്യത്തിനെ നിഷേധിക്കുകയാണെങ്കിൽ നിങ്ങളുടെ ജീവൻ രക്ഷപ്പെടുന്നതാണ്. ഇമാം സാഹിബ് മറുപടി പറഞ്ഞു: എന്റെ തല വെട്ടിയാലും ഞാൻ അഹ്മദിയ്യത്തിനെ ഉപേക്ഷിക്കില്ല. ഭീകരർ അദ്ദേഹത്തെ നിലത്ത്

കിടത്തി കഴുത്തിൽ കത്തി വെച്ച് കൊലപ്പെടുത്താൻ ശ്രമിച്ചു. അദ്ദേഹം പറഞ്ഞു: എന്നെ എഴുന്നേൽപ്പിച്ച് നിർത്തിക്കൊണ്ട് കൊല്ലുക. അവർ അദ്ദേഹത്തെ വെടിവെച്ചു ശഹീദാക്കുകയുണ്ടായി.

ബാക്കിയുള്ളവർ പേടിച്ച് അംഗീകരിക്കുമെന്ന് കരുതിയ ഭീകരർ മറ്റൊരു അഹ്മദിയെ വിളിച്ച് ചോദിച്ചു: അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നോ അതോ മരിക്കുന്നോ? അദ്ദേഹവും (ധൈര്യസമേതം) പറഞ്ഞു: അഹ്മദിയ്യത്ത് ഉപേക്ഷിക്കാൻ സാധ്യമല്ല. അവർ അദ്ദേഹത്തേയും നിറയൊഴിച്ച് ശഹീദാക്കി. ഇങ്ങനെ ബാക്കിയുള്ളവരെ ഓരോരുത്തരെയായി വിളിച്ച് ശഹീദാക്കി. അവരിൽ ഒരാൾ പോലും ചെറിയ ബലഹീനത കാണിക്കുകയോ അഹ്മദിയ്യത്തിനെ നിഷേധിക്കുകയോ ചെയ്തില്ല. ആരുടെയും വിശ്വാസത്തിന് ഭംഗം വന്നില്ല. അവരെല്ലാം പരസ്പരം മറ്റുള്ളവരേക്കാൾ വിശ്വാസവും വിശ്വസ്തതയും ധൈര്യവും പ്രകടിപ്പിക്കുകയും അല്ലാഹുവിന്റെ സന്നിധിയിൽ തങ്ങളുടെ ജീവൻ സമർപ്പിക്കുകയും ചെയ്തു. ഓരോ ശഹീദിനും കുറഞ്ഞത് മൂന്ന് തവണ വെടിയേറ്റിട്ടുണ്ട്. ഇവരിൽ രണ്ട് പേർ ഇരട്ട സഹോദരന്മായിരുന്നു.

ഹദ്റത്ത് സാഹിബ്സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിനെ സംബന്ധിച്ച് തദ്കിറത്തുശ്ശഹാദത്തൈൻ എന്ന ഗ്രന്ഥത്തിൽ ഹദ്റത് മസീഹ് മൗഊദ്[അ] പറയുന്നു: അല്ലാഹു അദ്ദേഹത്തിന് നിരവധി പിൻഗാമികളെ സൃഷ്ടിക്കുന്നതാണ്. അതിനാൽ നം ഇന്ന് സാക്ഷികളാണ്, ആഫ്രിക്കയിലെ ജനങ്ങൾ അതിനു മാതൃക കാണിക്കുകയും പ്രാധിനിത്യത്തിനുള്ള കടമ നിറവേറ്റുകയും ചെയ്തു.

ഈ ഭീകരവാദികളുടെ മുഴുവൻ ചെയ്തികളും ഒന്നര മണിക്കൂർ നീണ്ടുനിന്നു. ഈ സമയത്ത് (കുട്ടികൾ ഉൾപ്പെടെയുള്ള) മറ്റ് അംഗങ്ങളുടെ മുന്നിൽ ആ മഹത്തുക്കളെ ശഹീദാക്കിക്കൊണ്ടിരുന്നപ്പോൾ അവർ എത്രമാത്രം അസ്വസ്ഥതയിലും പ്രയാസത്തിലുമാണ് കഴിഞ്ഞിട്ടുണ്ടാകുക എന്നത് ഊഹിക്കാവുന്നതേയുള്ളൂ.

ഇമാം അൽഹാജ് ഇബ്രാഹിം ബിദ്ഗാ സാഹിബ് ഈ പ്രദേശത്തെ ഏറ്റവും വലിയ വഹാബി ഇമാമായിരുന്നു. തമാശെക് ഗോത്രത്തിൽപ്പെട്ടവരായിരുന്നു പ്രദേശത്തെ ജനങ്ങൾ. ഇമാം സാഹിബ്, വളരെ അറിവുള്ള ആളും തമാശെക് ഭാഷാ പണ്ഡിതനും അഹ്മദിയ്യത്തിനുമുമ്പ് പല ഗ്രാമങ്ങളുടെ ചീഫ് ഇമാമുമായിരുന്നു. ഈ പ്രദേശത്തെ മഹാ പണ്ഡിതന്മാർ അദ്ദേഹത്തിന്റെ അടുത്ത് ഇരിക്കുന്നത് തങ്ങളുടെ ബഹുമതിയായി കണക്കാക്കിയിരുന്നു. 1998 ൽ ഡോറിയയിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായ വാർത്ത ഇമാം സാഹിബിന് എത്തിയപ്പോൾ, അദ്ദേഹം ഏഴ് പേരുമായി മിഷൻ ഹൗസിലെത്തി. വളരെയധികം ഗവേഷണങ്ങൾക്ക് ശേഷം അദ്ദേഹം ബൈഅത്ത് ചെയ്തു. അദ്ദേഹം സത്യം മനസ്സിലാക്കി അംഗീകരിക്കുകയും തുടർന്ന് ത്യാഗത്തിന്റെ ഉയർന്ന മാതൃക കാണിക്കുകയും ചെയ്തു. അദ്ദേഹം നിർഭയനായ പോരാളിയും അഹ്മദിയ്യത്തിൽ ലയിച്ചയാളുമായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമത്തിലൂടെ അഹ്മദിയ്യത്ത് പ്രദേശത്തുടനീളം വ്യാപിക്കുകയും നിരവധി ജമാഅത്തുകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. തബ്ലീഗിൽ പ്രത്യേക അഭിനിവേശമായിരുന്നു. വധഭീഷണി ഉണ്ടായിട്ടും തന്റെ ശ്രമം ഉപേക്ഷിച്ചിരുന്നില്ല. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ ആത്മാർഥ ബന്ധമായിരുന്നു. അദ്ദേഹം ആളുകളോട് വളരെ സഹാനുഭൂതിയുള്ള ആളായിരുന്നു. മറ്റുള്ളവർക്ക് വേണ്ടി ത്യാഗം ചെയ്യുന്ന സ്വഭാവമായിരുന്നു. പ്രദേശത്തെ ജനങ്ങൾ അദ്ദേഹത്തെ ഏറെ ബഹുമാനിച്ചിരുന്നു. എല്ലാ സാമ്പത്തിക ആഹ്വാനങ്ങളിലും അദ്ദേഹം ആദ്യം സ്വയം ത്യാഗം ചെയ്യുമായിരുന്നു. എല്ലാ ജമാഅത്ത് പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു.

അൽഹസ്സൻ അഗ് മാലിഐൽ സാഹിബ് ആണ് അടുത്തത്. കർഷകനായിരുന്ന അദ്ദേഹം 1999 ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. ബൈഅത്ത് മുതൽ, അദ്ദേഹം ആത്മാർത്ഥതയിലും വിശ്വസ്തതയിലും മുന്നേറികൊണ്ടിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠനും തഹജ്ജുദ് അനുഷ്ഠിക്കുന്നയാളും ആയിരുന്നു. ജമാഅത്തിന് വേണ്ടി ജീവിതവും സമ്പത്തും സമയവും അദ്ദേഹം അസാധാരണമായ നിലയിൽ ത്യാഗം ചെയ്തിരുന്നു.

ഹുസൈനി അഗ് മാനിഐൽ സാഹിബ് ആണ് അടുത്തത്. അദ്ദേഹം 1999 ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. തന്റെ ഗ്രാമത്തിലെ ആദ്യ അഹ്മദികളിൽ ഒരാളായിരുന്ന അദ്ദേഹം ഇപ്പോൾ അൻസാറുല്ലാഹ് സഈമായി സേവനമനുഷ്ഠിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഇരട്ട സഹോദരൻ അൽ ഹസൻ അഗ് മാനിഐൽ സാഹിബും ഈ സംഭവത്തിൽ രക്തസാക്ഷിത്വം വരിച്ചിട്ടുണ്ട്. രണ്ട് സഹോദരന്മാരും ഒരേ ദിവസമാണ് ജനിച്ചതും മരിച്ചതും.

അടുത്തയാൾ ഹമീദോ അഗ് അബ്ദുർറഹ്മാൻ സാഹിബാണ്. കർഷകനായിരുന്ന അദ്ദേഹം 1999 ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. അദ്ദേഹം ഹൃദയ ശുദ്ധനും സൗമ്യനുമായിരുന്നു. ഇമാം സാഹിബിന്റെ സഹായിയായിരുന്ന അദ്ദേഹം ജമാഅത്ത് പ്രവർത്തനങ്ങളിൽ മുൻപന്തിയിലായിരുന്നു.

അടുത്തയാൾ സുലിഹ് ആഗ് ഇബ്രാഹിം സാഹിബ് ആണ്. അദ്ദേഹം ഒരു കർഷകനായിരുന്നു. പതിവായി ജമാഅത്തായി നമസ്കരിക്കുന്നയാളും ചന്ദഃകൾ നൽകുന്നയാളുമായിരുന്നു. പണ്ഡിതനായിരുന്ന അദ്ദേഹം മതപരമായും വിദ്യാഭ്യാസപരമായും സംസാരിക്കാറുണ്ടായിരുന്നു. വളരെ സൗമ്യ

മായ സ്വഭാവമായിരുന്നു അദ്ദേഹത്തിന്. എല്ലാവരോടും നന്നായി പെരുമാറുക എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

ഉസ്മാൻ അഗ് സോദെ സാഹിബ് ആണ് അടു ത്തത്. മഹ്ദിയാബാദ് മസ്ജിദ് നിർമ്മാണത്തിൽ സജീവമായി പങ്കെടുത്തിരുന്നു. ഒരു ബിസിനസുകാരനായിരുന്ന അദ്ദേഹം നമസ്കാരത്തിലും തഹജ്ജുദ് അനുഷ്ഠിക്കുന്നതിലും കൃത്യനിഷ്ഠയുള്ള ആളായിരുന്നു. വളരെ ആത്മാർത്ഥനായിരുന്ന അദ്ദേഹം സ്ഥിരമായി എനിക്കും ദുആക്ക് കത്ത് എഴുതുമായിരുന്നു.

ആഗാലി അഗ് മഗോയേൽ സാഹിബ് ആണ് അടുത്തത്. കർഷകനായിരുന്ന അദ്ദേഹം 1999 ൽ തന്റെ പിതാവിനൊപ്പം അഹ്മദിയ്യത്ത് സ്വീകരിച്ചു. വളരെ ആത്മാർത്ഥ അഹ്മദിയായിരുന്നു. നമസ്കാരങ്ങളിലും ചന്ദഃകളിലും അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു.

ഒരു കർഷകനായിരുന്ന മൂസ ആഗ് അദ്രാഹി സാഹിബ് ആണ് അടുത്തത്. തഹജ്ജുദിലും നമസ്കാരത്തിലും കൃത്യതയുള്ളയാളും ദൈവസ്മരണയിൽ മുഴുകുന്നയാളുമായിരുന്ന അദ്ദേഹം ആത്മാർത്ഥതയും അർപ്പണബോധവുമുള്ള ഒരു അഹ്മദിയുടെ ഉദാഹരണമായിരുന്നു. അദ്ദേഹം എനിക്ക് പതിവായി ദുആക്ക് കത്തുകൾ എഴുതുമായിരുന്നു.

ശഹീദുകളിൽ ഏറ്റവും പ്രായം കുറഞ്ഞയാളായിരുന്നു അഗോമാ അഗ് അബ്ദുർറഹ്മാൻ സാഹിബ്. 1999 ൽ ഇരുപത് വയസ്സുള്ളപ്പോൾ അഹ്മദിയ്യത്ത് സ്വീകരിക്കുകയും പിന്നീട് ജമാഅത്തിനോട് ഉള്ള ആത്മാർത്ഥതയിലും വിശ്വസ്തതയിലും മുന്നേറുകയും ചെയ്തു. അദ്ദേഹം വളരെ ആത്മാർത്ഥതയും അർപ്പണബോധവുമുള്ള അഹ്മദിയായിരുന്നു. വളരേ നിസ്വാർഥനും അഹ്മദിയത്തിൽ ലയിച്ചയാളും ആയിരുന്നു. ഞാൻ നായിബ് ഇമാം ആണെന്ന് ഒരു മടിയും കൂടാതെ തീവ്രവാദികളോട് പറഞ്ഞു. എട്ട് പേർ ശഹാദത്ത് വരിച്ചപ്പോൾ, മുതിർന്നവർ ത്യാഗം ചെയ്ത പാതയിൽ ത്യാഗം സഹിക്കാൻ ഞാനും തയ്യാറാണ് എന്നായിരുന്നു ഏറ്റവും പ്രായം കുറഞ്ഞ ഇദ്ദേഹത്തിന്റെ ധീരമായ മറുപടി. മുഖത്ത് വെടിവെച്ചാണ് ഭീകരർ ക്രൂരമായി ഇദ്ദേഹത്തെ കൊലപ്പെടുത്തി ശഹീദാക്കിയത്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: എല്ലാവരുടെയും പേരിനോട് ചേർന്ന് അഗ് എന്ന വാക്ക് ഉണ്ട്. ഈ വാക്കിന്റെ അർത്ഥം മകൻ എന്ന് ആണ്. ചുരുക്കത്തിൽ ഇവർ അഹ്മദിയ്യത്തിന്റെ തിളങ്ങുന്ന നക്ഷത്രങ്ങളാണ്. അവർ ഒരു മാതൃക ഉപേക്ഷിച്ചു കൊണ്ടാണ് പോയത്. അല്ലാഹു അവരുടെ മക്കളിലും വിശ്വാസവും ആത്മാർഥതയും വളർത്തട്ടെ. സന്തപ്ത കുടുംബങ്ങൾക്ക് അല്ലാഹു ക്ഷമയും ധൈര്യവും നൽകട്ടെ. അവരുടെ മുതിർന്നവർ അവരുടെ ജീവൻ ബലിയർപ്പിച്ചതിന്റെ ഉദ്ദേശ്യം മനസ്സിലാക്കാൻ ഇവർക്ക് സാധിക്കുമാറാകട്ടെ.

ശഹീദുകളുടെ കുടുംബങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവരെ സ്വയം പര്യാപ്തരാക്കുന്നതിനുംവേണ്ടി നാലാം ഖലീഫയുടെ കാലത്ത് സയ്യിദ്നാ ബിലാൽ ഫണ്ട് സ്ഥാപിച്ചിരുന്നു. ഇത് ശുഹദാക്കൾക്കായി ചിലവഴിക്കപ്പെടുന്നു. ശുഹദാക്കൾക്കായി സംഭാവന നൽകാൻ ആഗ്രഹിക്കുന്നവർ ഈ ഫണ്ടിൽ അടയ്ക്കേണ്ടതാണ്. ഇത് ഈ ശുഹദാക്കൾക്ക് ഒരു ഔദാര്യമല്ല, അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയെന്നത് നമ്മുടെ കടമയാണ്.

ഹുസൂർ തിരുമനസ്സ് ഹദ്റത് മസീഹ് മൗഊദ്[അ] ന്റെ ഒരു ഉദ്ധരണി പരാമർശിച്ചുകൊണ്ട് പറഞ്ഞു: ഈ ത്യാഗങ്ങൾ ചെയ്തവർ പരീക്ഷണത്തിൽ വിജയിച്ചിരിക്കുന്നു. ഇനി പിന്നിലുള്ളവരുടെ (വിശ്വാസത്തിന്റെ) പരീക്ഷണമാണ്. വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ അല്ലാഹു നമ്മെ എല്ലാവരെയും സഹായിക്കട്ടെ. അല്ലാഹു ഈ ശുഹദാക്കളുടെ പദവി ഉയർത്തട്ടെ. അവരുടെ ത്യാഗഫലമായി റസൂൽ[സ]ന്റെ അധ്യാപനങ്ങൾ ലോകത്ത് പ്രചരിക്കുന്നത് കാണാൻ സാധിക്കട്ടെ.

ശുഹദാക്കളുടെ ജനാസ നമസ്കരിക്കുന്നതിനോടൊപ്പം ഡോക്ടർ കരീമുല്ലാഹ് സേർവി സാഹിബിന്റെയും അദ്ദേഹത്തിന്റെ ഭാര്യ അമേരിക്കയിലെ അമത്തുൽ ലത്തീഫ് സേർവി സാഹിബയുടേയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു ഹുസൂർ തിരുമനസ്സ് വിളംബരപ്പെടുത്തുകയുണ്ടായി.




# തെറ്റിദ്ധരിക്കപ്പെട്ട ഇസ്‌ലാമിക ജിഹാദ്

വിശുദ്ധ ഖുർആനിലെ 'അദ്ൽ ഇഹ്സാൻ ഈതാ ഇതിൽ ഖുർബാ' എന്നീ മൂന്ന് വാക്കുകളുടെ അടിസ്ഥാനത്തിൽ ജിഹാദിനെ വിശകലനം ചെയ്ത് പരിശോധിക്കുകയാണ് ഖലീഫത്തുൽ മസീഹ് നാലാമൻ.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)
(ഖലീഫത്തുൽ മസീഹ് നാലാമൻ)

മനസ്സാക്ഷിസ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ വ്യക്തവും അസന്നിഗ്ദവുമായ പ്രഖ്യാപനം പരിശോധിച്ചതിന്ന് ശേഷം ഈ തത്വങ്ങളുമായി പ്രത്യക്ഷത്തിൽ തന്നെ എതിരായ ഇസ്‌ലാമിക ജിഹാദിനെ പറ്റിയുള്ള അദ്ധ്യാപനം എന്താണെന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. ഒരു വശത്ത് നിരുപാധികമായി മനസ്സാക്ഷി സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുകയും മറുവശത്ത് അന്യമതസ്ഥർക്കെതിരെയും ലോകജനതക്കെതിരെയും മുസ്‌ലിംകൾ തങ്ങൾക്ക് ശരിയാണെന്ന് തോന്നുന്ന കാര്യങ്ങൾക്ക് വേണ്ടി വാളെടുക്കുകയും ചെയ്യുക എന്നു വന്നാൽ അത് എന്ത് തരത്തിലുള്ള നീതിയായിരിക്കും?

ഈ വിഷയം മനസ്സിലാക്കാൻ നാം വായനക്കാരുടെ ശ്രദ്ധ വിശുദ്ധ ഖുർആനിലെ ഒരു വചനത്തിലേക്ക് ക്ഷണിക്കുന്നു.

**യുദ്ധം ഉണ്ടാക്കിയവർക്കെതിരെ യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർക്കെതിരെ അക്രമം ചെയ്യപ്പെട്ടിരിക്കയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്ന് പറഞ്ഞ ഒറ്റക്കാരണത്താൽ അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ടവരാണ് അവർ. അല്ലാഹു ചിലരെ മറ്റു ചിലരെക്കൊണ്ട് തടഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ചർച്ചുകളും സിനഗോഗുകളും മസ്ജിദുകളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവിടെ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്നു. തീർച്ചയായും തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുന്നതാണ്. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാണ്.' (സൂറാ അൽ ഹജ്ജ്: 22:40-41)**

ഈ വചനങ്ങളാണ് വാളുകൊണ്ടുള്ള ഇസ്‌ലാമിക ജിഹാദിന്റെ നിരോധനാജ്ഞകളുടെ മൂലക്കല്ല് രൂപീകരിക്കുന്നത്. ഈ വെളിപാടു വചനങ്ങളാണ് ആദ്യമായി വാളെടുക്കാൻ അനുവദിക്കുന്നത്. ഈ വചനങ്ങൾ വാളുകൊണ്ടുള്ള ജിഹാദിന്ന് മുസ്‌ലിംകളെ അനുവദിക്കുക മാത്രമല്ല, യഥാർത്ഥത്തിൽ ആജ്ഞാപിക്കുകയും അനുപേക്ഷണീയമായ മൂന്നുപാധികൾക്ക് അടിത്തറ പാകുകയും ചെയ്യുന്നു. ഈ വചനത്തെ പറ്റിയുള്ള ഒരു ബാഹ്യമാത്ര പഠനം പോലും പ്രതിരോധത്തിന് മാത്രമാണ് വാൾ അനുവദിക്കപ്പെട്ടത് എന്നും ഒരിക്കലും ആക്രമണത്തിന്നുള്ള ആയുധമാക്കാൻ വേണ്ടിയല്ല എന്ന് തെളിയിക്കുന്നതാണ്. .

ഒന്നാമതായി **ജിഹാദ്** എന്ന പദത്തിന് ഒരിക്കലും ഒരു സായുധ സംഘട്ടനം എന്ന് അർത്ഥമില്ല. മേൽ ഉദ്ധരിച്ച പ്രതിരോധ സമരത്തിൽ പോലും **കിതാൽ** എന്ന പദമാണ് ഉപയോഗിച്ചത് **ജിഹാദ്** അല്ല. **കിതാൽ** എന്ന പദം രണ്ട് സൈന്യങ്ങൾ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന അവസ്ഥക്കാണ് ബാധകമാവുന്നത്.

തങ്ങളുടെ നിലനിൽക്കാനുള്ള അവകാശം അടിച്ചമർത്താൻ ഉപയോഗിച്ച അതേ ആയുധം കൊണ്ട് സ്വയം പ്രതിരോധിക്കാൻ മാത്രമാണ് മുസ്‌ലിംകൾക്ക് അനുവാദം നൽകപ്പെട്ടത്. അവർ അക്രമണത്തിന്ന് കുറിമാനമാക്കപ്പെട്ടുകഴിഞ്ഞുവെന്ന് ഈ വചനം പ്രഖ്യാപിക്കുന്നു. എത്രത്തോളമെന്നാൽ അവർ തങ്ങളുടെ വീടുകളിൽനിന്നും പുറന്തള്ളപ്പെട്ടവരും ദീർഘകാലം

അക്രമകരമായ യുദ്ധത്തിന്ന് ശരവ്യമായിത്തീർന്നവരുമാണ്. ശത്രുവിന് അവരെ ആക്രമിക്കാനുള്ള കാരണം തങ്ങളുടെ സംരക്ഷകൻ ദൈവമാണ് എന്ന് വാദിച്ചതിനാൽ മാത്രമാണ്. മുസ്‌ലിംകൾക്ക് സ്വയം പ്രതിരോധിക്കാൻ അവസാനം അനുമതി നൽകപ്പെടുകയാണുണ്ടായതെന്ന് വിവേകശാലിയായ ഏതൊരു മനുഷ്യനും കാണാൻ സാധിക്കും. അതൊരിക്കലും തന്നെ അവരുടെ ഭാഗത്ത് നിന്നുള്ള അക്രമണമായിരുന്നില്ല.

പ്രതിരോധ യുദ്ധത്തിന്ന് ചുമതലപ്പെടുത്തുക എന്നത് മുസ്‌ലിംകളുടെ മാത്രം വിഷയമായിരുന്നില്ല. വാൾകൊണ്ട് അടിച്ചമർത്തപ്പെട്ട എല്ലാ മതസ്ഥർക്കും ബാധകമായ ഒരു സന്ദേശമാണ് ഈ വചനം ഉയർത്തിപ്പിടിക്കുന്നത് ഈ വശമാണ്. എല്ലാ മതങ്ങൾക്കും ഈ മൗലികാവകാശം അനുവദിച്ചിരിക്കുന്നു എന്ന് അസന്ദിഗ്ദമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ചിലർക്ക് അവരുടെ ആരാധനാലയങ്ങൾ സംരക്ഷിക്കാൻ അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ മസ്ജിദുകൾ മാത്രമല്ല ക്രിസ്ത്യൻ ചർച്ചുകളും സിനഗോഗുകൾ മുതലായവയും നശിപ്പിക്കപ്പെടുമായിരുന്നു.

മേൽ വചനങ്ങളുടെ വെളിച്ചത്തിൽ വൈരുദ്ധ്യങ്ങളുണ്ടാകുമെന്ന ഭീതിയില്ലാതെ തന്നെ ഇസ്‌ലാം അടിസ്ഥാനപരമായ മനസ്സാക്ഷി സ്വാതന്ത്ര്യമാണ് സംരക്ഷിക്കുന്നത് എന്ന നിഗമനത്തിൽ എത്താം. അതിനെ **ജിഹാദ്** എന്നോ **കിതാൽ** എന്നോ എന്ത് പേരിട്ട് വിളിച്ചാലും അത് മുസ്‌ലിംകൾക്ക് മാത്രമുള്ള ഒരു അവകാശമായി പരാവർത്തനം ചെയ്യാൻ സാദ്ധ്യമല്ല. ഈ വചനത്തിൽ എന്തെങ്കിലും താക്കീത് നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് മുസ്‌ലിംകൾക്കാണ്. അതായത് അവർ അന്യ ആരാധനാലയങ്ങളോട് ബഹുമാനാദരങ്ങൾ കാട്ടിയില്ലെങ്കിൽ ദൈവം അവരോട് ഏറ്റവും നന്നായി പെരുമാറില്ല എന്നാണ് താക്കീത്. മുസ്‌ലിംകൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അവരുടെ ആരാധനാലയങ്ങളും ആദരപൂർവ്വം പരിരക്ഷിക്കപ്പെടാനുള്ള അവകാശം എടുത്തു മാറ്റപ്പെടും. അന്യരുടെ ആരാധനാലയങ്ങളോട് ബഹുമാനാദരം കാട്ടിവേണം മുസ്‌ലിംകൾ ഈ അവകാശം സമ്പാദിക്കേണ്ടത്.

മേൽ ഉദ്ധരിച്ച വചനം കേവല നീതിയുടെ മൂല്യം ഉയർത്തിപ്പിടിക്കുക മാത്രമല്ല **ഇഹ്സാൻ** ന്റെ മേഖലയിലേക്ക് കൂടി പ്രവേശിക്കുന്നു. അതിനർത്ഥം നീതിയുടെ നിർവ്വഹണത്തിന്ന് അപ്പുറത്തേക്ക് പോകുക മാത്രമല്ല അന്യരെ ഉപചരിക്കുന്നതിൽ ഔദാര്യത്തിന്റേയും കാരുണ്യത്തിന്റേയും അനുഗ്രഹങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. അത് അർത്ഥമാക്കുന്നത് ഒരാൾ ആരാധിക്കുന്നത് ആക്രമണത്തിന്ന് കാരണമാകുന്ന രീതിയിലാണെങ്കിൽ പോലും യഥാർത്ഥ മുസ്‌ലിം ആ ആരാധകനെ ആദരിക്കണം എന്ന് മാത്രമല്ല ആ ആരാധനാലയം ആക്രമിക്കപ്പെടുമ്പോൾ സംരക്ഷിക്കാൻ തയ്യാറാവുകയും വേണം എന്നാണ്. ഇക്കാര്യം മൗണ്ട് സീനായിലെ വിശുദ്ധ സെന്റ് കാതറിൻ മൊണാസ്ട്രിയിൽ* ഇപ്പോഴും സൂക്ഷിച്ച പ്രവാചകൻ മുഹമ്മദ് നബി (സ) അയച്ച താഴെക്കാണുന്ന എഴുത്തിൽ നിന്നും വ്യക്തമാണ്.

**ക്രിസ്ത്യാനികളുടെ ചർച്ചുകളെയും മൊണാസ്ട്രികളെയും മറ്റ് ആരാധനാലയങ്ങളെയും ശത്രുക്കളുടെ ആക്രമണത്തിൽ നിന്നും പ്രതിരോധിക്കൽ മുസ്‌ലിംകളുടെ കടമയാണ്. ആരാണോ ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തുന്നത് അവർ ദൈവത്തിന്റെ ആജ്ഞ ലംഘിച്ചവരാണ്. അയാൾ തന്റെ മതത്തിന്ന് (അതായത് ഇസ്‌ലാം മതത്തിന്ന്) ഒരു ചീത്തപ്പേരുണ്ടാക്കുകയാണ് ചെയ്യുന്നത്.**

**ഇഹ്സാൻ** നെക്കാൾ ഒരു ചുവടു കൂടി മുന്നോട്ട് വെക്കാനാണ് പരിശുദ്ധ പ്രവാചകൻ മുസ്‌ലിംകളോട് ആവശ്യപ്പെടുന്നത്. നിങ്ങളുടെ ബന്ധു മിത്രാദികളെപ്പോലെ മറ്റു മതങ്ങളോട് പെരുമാറാനുള്ള മഹിതമായ തലത്തിലേക്കുയരാനാണ്. പരിശുദ്ധ പ്രവാചൻ മുഹമ്മദ് നബി (സ)ക്ക് മനുഷ്യ സമൂഹത്തോടുള്ള അനുരക്തി ഒരു മാതാവിന്ന് തന്റെ കുഞ്ഞിനോടുള്ള സ്നേഹത്തെ കവച്ചു വെക്കുന്നതാണ്. മനുഷ്യ സമൂഹത്തിന്റെ അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ സംരക്ഷണം ഉയർത്തിപ്പിടിക്കുന്നതിലുള്ള ജിഹാദിൽ അദ്ദേഹം ഏർപ്പെട്ടിരിക്കുക മാത്രമല്ല. അവരിൽ നിന്ന് സമ്പാദിച്ചതിനേക്കാൽ കാരുണ്യവും സ്നേഹവും അവർക്ക് തിരിച്ച് നൽകുകയാണ് ചെയ്തത്.

ഒരു മുസ്‌ലിം ഒരു സാഹചര്യത്തിലും മറ്റുള്ളവരോട് ദ്രോഹം പ്രവർത്തിക്കാൻ പാടുള്ളതല്ല. മാത്രമല്ല, ഒരു നിരപരാധിയെ ശിക്ഷിക്കുമ്പോൾ കാട്ടുന്നതിനേക്കാൾ കുടുതൽ ദാക്ഷിണ്യം ഒരു അപരാധിയോട് കാട്ടേണ്ടതുണ്ട്.

അത്ഭുതകരമായ കാര്യം, ഇസ്‌ലാം മതത്തിന്റെ സ്ഥാപകർ മുസ്‌ലിം ശക്തി ഏറ്റവും ബലഹീനമായ ഘട്ടത്തിൽ, ബദർ യുദ്ധവേളയിൽ, മുസ്‌ലിംകൾക്ക് സഹായം ഏറ്റവും ആവശ്യമായ ഘട്ടത്തിൽ പോലും ഖ്യാതികേട്ട ഒരു പോരാളിയിൽ നിന്നുള്ള സഹായം നിരാകരിക്കുകയുണ്ടായി. ഈ സംഭവത്തെ തുടർന്ന് ആ സമയത്ത് അവിശ്വാസിയായ ഒരു പോരാളി മുസ്‌ലിംകളുടെ ഭാഗം ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചു. പ്രവാചകന്റെ അനുചരന്മാർ ഇത്കേട്ട് കൂടുതൽ സന്തോഷഭരിതരായി. എന്നാൽ പരിശുദ്ധ പ്രവാചകൻ (സ) ആ അപേക്ഷ നിരസിച്ചുകൊണ്ട് ദൈവത്തിന്റെ കാര്യത്തിൽ ഒരു അവിശ്വാസിയുടെ സഹായം സ്വീകരിക്കില്ല എന്ന് പറഞ്ഞു. പ്രവാചകന്റെ ഈ നിരാകരണത്തെ തുടർന്ന് ആ വ്യക്തി ദൈവത്തിന്റെ ഏകത്വത്തിൽ പ്രതിജ്ഞ (കലിമ)

ചൊല്ലി. വ്യക്തമായും അയാൾ ബദർ യുദ്ധത്തിൽ പങ്ക് ചേരാൻ ആഗ്രഹിച്ചു. അപ്പോൾ പരിശുദ്ധ പ്രവാചകൻ അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെ ചോദ്യം ചെയ്യാതെ അദ്ദേഹത്തിന്റെ അവകാശ വാദം അംഗീകരിക്കുകയാണുണ്ടായത്. അങ്ങനെയാണെങ്കിലും വസ്തുത എന്തെന്നാൽ ഈ മനുഷ്യൻ മക്കത്ത് നിന്നുള്ള അക്രമകാരികൾക്കെതിരെ തന്റെ വ്യക്തിപരമായ വിദ്വേഷം തീർക്കാനായിരുന്നു യുദ്ധത്തിൽ പങ്കെടുക്കുന്നത് എന്ന് പ്രവാചകന് നല്ലത് പോലെ അറിയാമായിരുന്നു. ഇസ്ലാമിന്റെ പ്രവാചകൻ അദ്ദേഹത്തെ ഇസ്ലാമിലേക്ക് സ്വീകരിക്കുകയാണുണ്ടായത്. കാരണം ഒരു മനുഷ്യന്റെ ഹൃദയത്തിലുള്ളത് ദൈവത്തിന്ന് മാത്രമേ അറിയാൻ സാധിക്കൂ എന്ന അചഞ്ചലമായ തത്വപ്രകാരമായിരുന്നു അത്. അതിനാൽ പ്രവാചകൻ ഈ മൗലികാവകാശം അനുവദിക്കുകയായിരുന്നു ചെയ്തത്.

ഈ തത്വം തന്നെയാണ് എല്ലാ കപട വിശ്വാസികളോടും എല്ലാ കാലത്തും സ്വീകരിച്ചത്. ഇത് **സൂറാ: അൽ മുനാഫികൂനിലെ** ആദ്യത്തെ മൂന്ന് വചനങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്.

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. കപടവിശ്വാസികൾ നിന്റെയടുക്കൽ വരുമ്പോൾ താങ്കൾ അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു എന്നവർ പറയും. നീ അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്ന് അല്ലാഹുവിന്നറിയാം. എന്നാൽ കപട വിശ്വാസികൾ കളവ് പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.**

**അവർ തങ്ങളുടെ ശപഥങ്ങളെ ഒരു കവചമാക്കിയിരിക്കുകയാണ്. അങ്ങനെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് അവർ മനുഷ്യരെ തടയുന്നു. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് വളരെ ചീത്തയായത് തന്നെ. (63:1-3)**

ഇതിന്നർത്ഥം അവരുടെ രണ്ട് വിധത്തിലുള്ള ദുരുദ്ദേശ്യങ്ങൾ നിവർത്തിക്കാനായി അവർ തങ്ങളുടെ കപടതയിൽ അഭയം തേടിക്കൊണ്ടിരിക്കും എന്നാണ്. ഒന്നാമതായി യുദ്ധാവസ്ഥയിൽ ആയിരുന്നപ്പോൾ അവർ സ്വയം മുസ്ലിംകളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ്. രണ്ടാമതായി തങ്ങൾ സ്വയം മുസ്ലിമാണെന്ന നാട്യത്തിൽ അവർക്ക് നിഷ്ക്കളങ്കരായ മുസ്ലിം ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുന്നു എന്നുള്ളതാണ്. എന്നിട്ടും അവരുടെ ഹൃദയത്തിലുള്ളത് മറച്ച് വെച്ച് വായ കൊണ്ട് തങ്ങൾ മുസ്ലിംകളാണ് എന്ന് പ്രചരിപ്പിക്കാനുള്ള മൗലികാവകാശം തടയാൻ പരിശുദ്ധ പ്രവാചകന്ന് (സ) അനുമതി നൽകപ്പെട്ടിരുന്നില്ല. അപ്പോഴും അവർ മുസ്ലിംകളാണെന്ന് അവകാശപ്പെടാൻ അനുവദിക്കപ്പെട്ടിരുന്നു.

ഇന്ന് ലോകത്തുള്ള വിവിധ മുസ്ലിം രാജ്യങ്ങളിൽ വിവിധ തരത്തിലുള്ള വൈരുദ്ധ്യങ്ങൾക്ക് നാം സാക്ഷ്യം വഹിക്കുന്നു. മതത്തിൽ ബലാൽക്കാരമുണ്ടെന്ന് പ്രചരിപ്പിക്കുക മാത്രമല്ല അത് അതികഠിനമായി പ്രാവർത്തികമാക്കുകയും ചെയ്യുന്നു. മുസ്ലിമാണെന്ന് സ്വയം അവകാശപ്പെടുകയും **കലിമ** (മുസ്ലിംകളുടെ വിശ്വാസ പ്രഖ്യാപന സൂക്തം) ചൊല്ലുകയും, മറ്റു മുസ്ലിംകളെപ്പോലെ കഅബക്ക് നേരെ തിരിഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്ക്, തങ്ങൾ മുസ്ലിമാണെന്ന് പറയാനുള്ള അവകാശം മുല്ലമാർ (മുസ്ലിം പുരോഹിതന്മാർ) നിഷേധിക്കുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ബലമുപയോഗിച്ച് ഒരാളുടെ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിക്കുക എന്നത് ദൈവത്തിന്ന് വേണ്ടിയുള്ള സേവനമാണ്. എന്നാൽ ഇത് വിശുദ്ധ ഖുർആന്റെ അസന്നിഗ്ദമായ അദ്ധ്യാപനത്തിന്നെതിരും മുഹമ്മദ് നബി (സ) യുടെ നടപടികൾക്കെതിരെയുമുള്ള ഒരു തുറന്ന യുദ്ധമാണ്. എന്നിട്ടും അവരെന്താണ് നടപ്പാക്കാൻ ശ്രമിക്കുന്നത്? ഈ ആളുകൾ എങ്ങനെയാണ് വിധിനാളിൽ ദൈവത്തെ അഭിമുഖീകരിക്കുക? അവർ അശ്രദ്ധരായിരിക്കാം. പക്ഷേ ദൈവം ഇതെല്ലാം ശ്രദ്ധാപൂർവ്വം നോക്കിക്കാണുന്നുണ്ട്.

ഈ വാദത്തിന്ന് കൂടുതൽ പിന്തുണക്കായി നാം ഒരു നബി വചനം ഉദ്ധരിക്കുകയാണ്.

**ഹദ്റത്ത് ഉസാമ ഇബ്നു സൈദ് വിവരിക്കുന്നു: പരിശുദ്ധ പ്രവാചകൻ ഞങ്ങളെ ഒരു യുദ്ധമുഖത്തേക്കയച്ചു. വഴി മദ്ധ്യേ കാട്ടിൽ ഒളിച്ചിരുന്ന ഒരു അവിശ്വാസിയുമായി ഏറ്റുമുട്ടുകയുണ്ടായി. അതിന്ന് ശേഷം തനിയെയായ മുസ്ലിമിനെ ആ അവിശ്വാസി കണ്ടു മുട്ടിയപ്പോൾ അയാൾ ആ മുസ്ലിമിനെ ആക്രമിക്കുകയും കൊല്ലുകയും ചെയ്തു. അവസാനം ആ അവിശ്വാസി എന്റെ പിടിത്തത്തിൽ വന്നു. അയാളെ കൊല്ലുവാനുള്ള എന്റെ ഉദ്ദേശ്യം വെളിപ്പെടുത്തി. അതിന്ന് മറുപടിയായി അയാൾ കലിമത്തുത്തൗഹീദ് (ഇസ്ലാമിന്റെ വിശ്വാസ പ്രഖ്യാപനം) ഉച്ചരിച്ചു. അതായത് 'അല്ലാഹു ഒഴികെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് അവന്റെ ദൂതനുമാണ്" എന്ന്. മറ്റു വാക്കുകളിൽ പറഞ്ഞാൽ അയാൾ സ്വയം തന്നെ മുസ്ലിമാണെന്ന് വിശ്വാസ പ്രഖ്യാപനം നടത്തി. ഞാൻ അയാളുടെ വിശ്വാസ പ്രഖ്യാപനം നിരാകരിച്ചു. മുന്നോട്ട് വന്ന് അയാളെ വധിച്ചുകളഞ്ഞു. ഈ സംഭവം ഞാൻ പരിശുദ്ധ പ്രവാചകനോട് വിവരിച്ചപ്പോൾ അത്യധികം ആശ്ചര്യത്തോടെ അവിടുന്ന് ചോദിച്ചു. നിങ്ങൾ അയാളെ സത്യമായും കൊലപ്പെടുത്തിയോ? അയാൾ കലിമ ചൊല്ലി എന്ന യാഥാർത്ഥ്യം നിലനിൽക്കെ താങ്കൾ അയാളെ കൊലപ്പെടുത്തിയോ? ഞാൻ പറഞ്ഞു: 'അല്ലാഹു**

**വിന്റെ തിരുദൂതരെ, അതെ.' പരിശുദ്ധ പ്രവാചകൻ പ്രതിവചിച്ചു. വിധിനാളിൽ കലിമ താങ്കൾക്കെതിരെ സാക്ഷി നിൽക്കുമ്പോൾ താങ്കൾക്ക് പറയാൻ എന്തുണ്ട് ന്യായം? ഞാൻ ആവർത്തിച്ചുകൊണ്ട് പരിശുദ്ധ പ്രവാചകന്ന് മുമ്പിൽ ഉണർത്തി, അല്ലയോ അല്ലാഹുവിന്റെ തിരുദൂതദരേ അയാൾ ഭയം കൊണ്ട് കപടമായാണ് വിശ്വസിച്ചത്. അപ്പോഴെല്ലാം പരിശുദ്ധ പ്രവാചകൻ പ്രതിവചിച്ചുകൊണ്ടിരുന്നു, അയാൾ കളവ് പറയുകയാണെന്ന് താങ്കൾ അയാളുടെ ഹൃദയം തുറന്ന് നോക്കിയോ? ആ വധിക്കപ്പെട്ട ആൾക്ക് വേണ്ടി കലിമ താങ്കൾക്കെതിരെ സാക്ഷി പറയുമ്പോൾ താങ്കൾ എന്ത് മറുപടിയാണ് അല്ലാഹുവിനോട് പറയുക? ഹദ്റത്ത് ഉസാമാ ബ്നു സെയ്ദ് പറയുകയാണ്: ഞാൻ ആ ഒരു പ്രവൃത്തി ചെയ്യുന്ന ദിവസത്തിന്ന് മുമ്പ് മുസ്‌ലിമായില്ലെങ്കിൽ എന്ന് തീക്ഷ്ണമായി അഭിലഷിച്ചുപോയി.**

മതകാര്യത്തിൽ യാതൊരു ബലപ്രയോഗവും പാടില്ല എന്ന ഹൃസ്വവും സമഗ്രവുമായ ഖുർആനിക പ്രഖ്യാപനത്തിൽ അതിന്റെ അർത്ഥമുണ്ട്. അതേ സമയം അതിന്റെ അർത്ഥം സംക്ഷേപിച്ചിരിക്കുന്ന ആ വചനത്തിന്റെ വിശാലമായ പ്രായോഗിക ക്ഷമതയുടെ വിശകലനം അത്ഭുതകരമാണ്.

അതിന്റെ അർത്ഥം ഈ വിധത്തിൽ വ്യാഖ്യാനിക്കപ്പെടാം. അതായത് മറ്റൊരാളിൽ ബലം പ്രയോഗിക്കാൻ യാതൊരാൾക്കും അനുവാദമില്ല. അതേ സമയം ആരിലാണോ കീഴടങ്ങാൻ വേണ്ടി ബലം പ്രയോഗിക്കുന്നത് അയാൾക്ക് ബലം പ്രയോഗിക്കുന്ന ആൾക്കെതിരെ നീങ്ങാനും അനുവാദമില്ല. വിശ്വാസത്തിന്റെ ഉയർന്ന തലത്തിൽ ഉള്ള ഒരാൾ തന്റെ മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്ന് വേണ്ടി എത്ര പീഡനങ്ങളും വേദനകളും സഹിച്ചാലും ശരി അയാൾ ഒരിക്കലും അതിന്ന് വഴങ്ങുന്നതല്ല. എങ്കിലും എല്ലാ ജനങ്ങൾക്കും ഒരേ അളവിലുള്ള വിശ്വാസവും ആത്മാർത്ഥതയും ആയിരിക്കില്ല എന്ന വസ്തുത നാം അവഗണിക്കരുത്. വേദന സഹിക്കാനുള്ള ശേഷി എല്ലാവരിലും ഒരേപോലെ ഉണ്ടെന്നും നാം കരുതരുത്. വിചിത്രമെന്ന് പറയട്ടെ ഊന്നലുകളിൽ അൽപ്പം ചില മാറ്റത്തോടെ ഇതേ വചനം തന്നെ അവരുടെ സഹായത്തിന്നും എത്തുമ്പോൾ സന്ദേശം ഇങ്ങനെയായി മാറും: ***ഒരാളുടെ ശേഷിയിൽ കവിഞ്ഞ് വേദന സഹിക്കേണ്ടുന്ന ആവശ്യമില്ല.*** ആയതിനാൽ എല്ലാ ബലഹീനരായ വ്യക്തികളും കുറ്റവിമുക്തരാക്കപ്പെടുകയും അവർക്ക് പുനർവാഗ്ദാനം ചെയ്യപ്പെടുകയും ചെയ്യുന്നു. അവരിൽ നിന്നും മർദ്ധനത്താൽ പിഴിഞ്ഞെടുക്കപ്പെടുന്നത് എന്നതിന്നർത്ഥം മറ്റൊന്നുമല്ല. കാരണം ഒരിക്കലും ബലപ്രയോഗം മതത്തിൽ അനുവദനീയല്ല. അതിനാൽ നിയമ വിരുദ്ധമായ ഒരു പ്രവർത്തിയുടെ ഫലം അങ്ങനെ നിർത്ഥകവും പൊള്ളയുമായിത്തീരുന്നു.

ബലഹീനരായവർക്ക് സമാശ്വാസത്തിന്റെ ഈ സന്ദേശം കൂടുതൽ വ്യക്തതയോടെ താഴെയുള്ള വചനങ്ങളിൽ അറിയിക്കുന്നു:

**അല്ലാഹുവിൽ വിശ്വസിച്ചതിന്ന് ശേഷം വല്ലവരും നിഷേധിക്കുന്നതായാൽ – തന്റെ ഹൃദയം സത്യവിശ്വാസം കൊണ്ട് സമാധാനം പ്രാപിച്ചു ഉറച്ചിരിക്കെ നിർബന്ധിക്കപ്പെട്ട ഒരുവൻ ഇതിൽ നിന്നും ഒഴിവാണ്. നേരെ മറിച്ച് തുറന്ന ഹൃദയത്തോടുകൂടിത്തന്നെ അവർ സത്യത്തെ നിഷേധിച്ചാൽ അവരുടെ മേൽ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള കോപമുണ്ട്. അവർക്ക് കഠിനമായ ശിക്ഷയുമുണ്ടാകുന്നതാണ്. (അന്നഹ്ൽ 16: 107)**

വിശ്വസിച്ചതിന്ന് ശേഷം അവരുടെ വിശ്വാസം ഉപേക്ഷിക്കാൻ അതികഠിനമായ പീഡനങ്ങളും മർദ്ദനങ്ങളും ഏറ്റുവാങ്ങിയ സംഭവങ്ങൾ ഇപ്പോൾ നമുക്ക് പരിഗണിക്കാം. അവർ തങ്ങളുടെ സമ്പത്തും ഭൗതികമായ സ്ഥാനമാനങ്ങളും സത്യത്തിന്റെ പാതയിൽ ത്യജിച്ചു എന്ന് മാത്രമല്ല അതിലുപരി അവരുടെ ജീവൻ പോലും ഈ മാർഗ്ഗത്തിൽ ഹോമിക്കപ്പെടുയുണ്ടായി. അവർ നീതിയുടെ പല ഘട്ടങ്ങളിലൂടെ പുരോഗമിച്ചാണ് ഔദാര്യത്തിന്റെ (പരോപകാരത്തിന്റെ) മേഖലയിലേക്ക് പ്രവേശിച്ചത്. അവരാണ് തങ്ങളുടെ വിശ്വാസത്തെ സുന്ദരമാക്കിത്തീർത്തവർ.

ഉദാരതയുടെ ഈ അവസ്ഥയിൽ കവിഞ്ഞ ഒരു സ്ഥാനമുണ്ട് അതിലൊന്നാണ് **ഈത്താഇദിൽ ഖുർബാ**. ഒരാൾ തന്റെ വിശ്വാസത്തിന്റെ സംരക്ഷണത്തിന്റെ മാർഗ്ഗത്തിൽ പോരാടുക എന്നത് ഉദാരഗുണത്തേക്കാൾ കവിഞ്ഞ നല്ല ഗുണമാവുമോ? അതായത് അവർക്ക് തങ്ങളുടെ ത്യാഗത്തെ പരിഗണിക്കുമ്പോൾ ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ **ഈത്താ ഇദിൽ ഖുർബാ** യുടെ പദവിയിൽ എത്താൻ സാധിക്കുമോ? തീർച്ചയായും അവർ ആ പദവിയിൽ എത്തുന്നതാണ്. ഈ ത്യാഗങ്ങളെല്ലാം തനിക്ക് വേണ്ടിയുള്ളതല്ല ദൈവത്തിന്ന് വേണ്ടിയാണ് എന്ന വിചാരമില്ലാതെ ഉള്ളതെല്ലാം ഇവർക്ക് ത്യജിക്കാൻ സാദ്ധ്യമല്ല. അവരുടെ കാര്യത്തിൽ അവരെ കർമ്മോജ്ജ്വലമാക്കുന്ന ഒരു ഘടകം ദൈവത്തോടുള്ള അവരുടെ അനുരക്തിയും അവന് വേണ്ടി പ്രതികരിക്കാനുള്ള തീവ്രമായ ആഗ്രഹവുമാണ്. തങ്ങളുടെ യഥാർത്ഥ രക്തബന്ധത്തിൽപ്പെട്ട അടുത്ത ബന്ധുവിന്ന് സമർപ്പിക്കുന്നതിനേക്കാൾ ഉന്നതമായ ത്യാഗമായിരിക്കുമത്. പീഡനങ്ങൾക്ക് വിധേയമാകുകയാണെങ്കിൽ ചില മാതാക്കൾ വളരെ വിരളമായി തങ്ങളുടെ മക്കളെ പകരം കൊണ്ടുപോകാൻ സമ്മതിക്കും. എന്നാൽ ദൈവത്തിന്റെ ഈ സ്നേഹഭാജനങ്ങൾ ദൈവത്തിന്ന് വേണ്ടി എന്തു ചെയ്യാനും എന്ത് പീഡനങ്ങളേൽക്കാനും തയ്യാറാണ്. വിശ്വാസ

ത്തിന്ന് പലവിധ മാനങ്ങളുണ്ടാവാം എന്നത് സ്വാഭാവികമാണ്. ചില ആളുകൾ തങ്ങളുടെ വിശ്വാസ ത്തിന്ന് വേണ്ടി ജീവൻ ത്യജിക്കാൻ തയ്യാറാണ്. എന്നാൽ അവർ അത്ത രം ത്യാഗങ്ങൾ എല്ലാ നിലക്കും ഒഴിവാക്കി കിട്ടുന്നതിൽ തികച്ചും സന്തോഷവാന്മാരുമായിരിക്കും. ചിലരാകട്ടെ തങ്ങളുടെ വിശ്വാസ ത്തിന്ന് വേണ്ടി ജീവൻ ബലിയർ പ്പിക്കാൻ തീവ്രാഭിലാഷമുള്ളവരാ യിരിക്കും പരിശുദ്ധ പ്രവാചക (സ)ന്റെ നിരവധി അനുചരന്മാർ വിപദ്ഘട്ടം അഭിമുഖീകരിക്കു മ്പോൾ പിന്മാറുന്നതിന് പകരം അവിടത്തോട് തങ്ങളുടെ രക്തസാ ക്ഷിത്ത്വത്തിന്ന് വേണ്ടി പ്രാർത്ഥി ക്കാൻ അപേക്ഷിക്കാറുണ്ടായിരു ന്നു. ഉഹ്ദ് യുദ്ധം നമുക്ക് അത്തര ത്തിലുള്ള തീവ്രമായ ആഗ്രഹത്തി ന്റെ അസാധാരണമായ ഒരു ഉദാഹരണമാണ് കാണിക്കുന്നത്.

റസൂൽ തിരുമേനി(സ) ക്ക്, വീണ്ടും വിണ്ടും പോർമുഖത്തേക്ക് സ്വയം പോയിക്കൊണ്ടിരുന്ന ഒരു അനുചരനുണ്ടായിരുന്നു. എന്നാൽ എല്ലായ്പ്പോഴും പരിക്കുകളൊന്നും പറ്റാതെ അയാൾ തിരിച്ചുവന്നു കൊണ്ടിരുന്നു. അവസാനം അദ്ദേ ഹം തന്റെ രക്തസാക്ഷിത്വത്തിന്ന് വേണ്ടി പരിശുദ്ധ പ്രവാചക(സ) നോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെ ടുകയുണ്ടായി.

അവരിൽ ചിലർ ഒരു തവണ മാത്രം രക്തസാക്ഷിയായതിൽ സംതൃപ്തരായിരുന്നില്ല. രക്ത സാക്ഷിയായ അവർ ജീവിതത്തിലേ ക്ക് തിരിച്ചു വന്നാൽ സത്യത്തിന്ന് വേണ്ടി ജീവൻ സമർപ്പിക്കാൻ വീണ്ടും തയ്യാറാവുക എന്നതായിരു ന്നു അവരുടെ ഹൃദയപൂർവ്വമായ ആഗ്രഹം. അവർ ഭീകരമായ അടിച്ച മർത്തലിന്ന് വഴങ്ങുന്നവരായിരുന്നി ല്ല. ഈ ആളുകളാണ് **ഈത്തായി ദിൽ ഖുർബാ** എന്ന അവസ്ഥ യിലും ആ പരിധിയിലും കവിഞ്ഞ് നിൽക്കുന്നവർ

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി (സ) ഒരിക്കൽ അവിടുത്തെ അനുചരൻ ഹദ്റത്ത് ജാബിറുബ്നു അബ്ദുല്ലാ(റ)യെ വളരെ മ്ലാന മുഖനായി കാണപ്പെടുകയുണ്ടായി. ഹദ്റത്ത് ജാബിറിന്റെ പിതാവ് ഉഹദ് യുദ്ധത്തിൽ കൊല്ലപ്പെട്ട ഒരു രക്തസാക്ഷി ആയിരുന്നു. മ്ലാന വദനനായി ഇരിക്കുന്ന ജാബിറി(റ) നോട് പ്രവാചകൻ (സ) പറഞ്ഞു.

**ഞാൻ താങ്കൾക്ക് ചില ശുഭവാർത്തകൾ നൽകട്ടയോ, ഹദ്റത്ത് ജാബിർ പ്രതിവചിച്ചു. 'അതെ അല്ലാഹുവിന്റെ തിരുദൂതരേ,' അതിന്ന് ശേഷം പരിശുദ്ധ പ്രവാചകൻ പറഞ്ഞു താങ്കളുടെ പിതാവ് രക്തസാക്ഷിയായപ്പോൾ യാതൊരു ഔപചാരികതയുമില്ലാ തെ സർവ്വ പ്രതാപിയായ അല്ലാഹു അദ്ദേഹത്തെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു: 'നീ എന്താണോ ആഗ്രഹിക്കുന്നത് അത് നീ പറയുക' താങ്കളുടെ പിതാവ് മറുപടി പറഞ്ഞു: 'ഓ എന്റെ അല്ലാഹുവേ എന്ത് തരത്തിലുള്ള അനുഗ്രഹങ്ങളാണ് നീ എന്റെ മേൽ ചൊരിയാതിരുന്നത്? എനിക്ക് കുറേ നാളായി ഒരു ആഗ്രഹമുണ്ട്. എങ്ങനെയെങ്കിലും എന്നെ നിന്റെ ശത്രുക്കളുമായി ഏറ്റു മുട്ടാൻ ഭൂമിയിലേക്ക് പറഞ്ഞയക്കുക. എന്നിട്ട് നിനക്ക് വേണ്ടി ഒരു തവണ കൂടി വധിക്കപ്പെടുക. ഞാനിത് വീണ്ടും വീണ്ടും വീണ്ടും ഒരു നൂറു വട്ടം ആവർത്തിച്ചു കൊല്ല പ്പെടാൻ ആഗ്രഹിക്കുന്നു' അല്ലാ ഹു പറഞ്ഞു: 'ഒരു തവണ എന്റെ മുന്നിൽ വന്നു കഴിഞ്ഞ ഒരാൾ മടങ്ങിപോകില്ല എന്ന കാര്യം വിധിക്കപ്പെട്ട കാര്യമായിരുന്നി ല്ലെങ്കിൽ ഞാൻ താങ്കളുടെ ആഗ്ര ഹം സഫലമാക്കിത്തരുമായിരുന്നു.**

വിശ്വാസത്തിന്ന് വേണ്ടി മൃത്യു വിനെ വരിക്കുക എന്ന വിഷയം വളരെ വിശദമായി ഖുർആൻ ചർച്ച ചെയ്തിട്ടുണ്ട്. വിശ്വാസത്തിന്റെ പ്രാഥമികാവസ്ഥയെ സംബന്ധി ച്ചും ബലഹീനരോട് നീതിപൂർവ്വ മുള്ള പെരുമാറ്റത്തെ സംബന്ധിച്ച വാഗ്ദാനത്തെ കുറിച്ചും പ്രതിപാദി ക്കുന്നു. അത് പരോപകാരത്തെ കുറിച്ചും പരോപകാരത്തിന്ന് നൽകപ്പെടുന്ന പ്രതിഫലത്തെ കുറിച്ചും പരാമർശിക്കുന്നു. പിന്നീട് വിശുദ്ധ ഖുർആൻ തന്റെ സ്വന്തം കുഞ്ഞിനെ സ്നേഹിക്കുന്ന മാതാ വിനേക്കാൾ സത്യത്തെ സ്നേഹി ക്കുന്ന വിശ്വാസികളുടെ മുന്നണി യെ കുറിച്ച് പ്രതിപാദിക്കുന്നു. അവരാകട്ടെ തങ്ങളുടെ ത്യാഗ ത്തിന്ന് ഒരു പ്രതിഫലവും കാംക്ഷി ക്കുന്നില്ല. എന്നാൽ സത്യത്തിന്ന് വേണ്ടി സ്വയം സമർപ്പിക്കുന്നതിൽ വ്യക്തിപരമായ സന്തോഷം കണ്ടെത്തുകയാണ് ചെയ്യുന്നത്.

വി.വ: എ.എം.



# കരുണയും നീതിയും

ദൈവം പരമകാരുണികനാണ്. കാരുണ്യവും നീതി നിർവ്വഹണവും പരസ്പരം എങ്ങിനെ ഒത്തുപോകും. നീതി നിർവ്വഹണം ചട്ടപ്രകാരമുള്ളതും പലപ്പോഴും ശിക്ഷയും വിലക്കുകളും വേദനയുമുള്ളതാണ്. കാരുണ്യം സ്നേഹ സാന്ദ്രവും മനുഷ്യന് സാന്ത്വനം നൽകുന്നതുമാണ്. അതുകൊണ്ട് ദൈവത്തിന്റെ കാരുണ്യം നീതി നിർവ്വഹണത്തിന്റെ താൽപര്യത്തിന്നെതിരാവുന്നില്ല.

എ. എം. മുഹമ്മദ് സലീം

അറ്റമില്ലാത്ത കാരുണ്യത്തിന്റെ സ്റോതസ്സാണ് പ്രപഞ്ച നാഥനായ ദൈവം. നമുക്ക് ഭൂമിയിൽ ലഭിച്ച ഈ ജീവിതം തന്നെ അതിന്നുള്ള സാക്ഷ്യമാണ്. നമ്മുടെ ഇഛകൊണ്ടോ നമ്മുടെ മുൻകൂട്ടിയുള്ള ആസൂത്രണം കൊണ്ടോ നമ്മുടെ ആഗ്രഹം കൊണ്ടോ അല്ല മറിച്ച് പരമ കാരുണികനായ അല്ലാഹു അവന്റെ നിരുപാധികമായ കാരുണ്യദാനം എന്ന നിലക്ക് നൽകിയതാണ് നമ്മുടെ ഈ ജീവിതം. ആകാശവും ഭൂമിയും, സൂര്യനും ചന്ദ്രനും, വായുവും വെള്ളവും തുടങ്ങി മനുഷ്യൻ ജീവിക്കുന്ന ഈ പ്രപഞ്ചസാകല്യം മുഴുവനും കരുണാവാരിധിയായ ദൈവം നമുക്ക് വേണ്ടി സൃഷ്ടിച്ചു തന്നതാണ്. മനുഷ്യ കരങ്ങൾക്ക് അതിൽ യാതൊരു പങ്കുമില്ല. അതിനെയെല്ലാം ആശ്രയിച്ച് ജീവിക്കുന്ന അതിലെ നിസ്സഹായനായ ഒരു പരാദം മാത്രമാണ് മനുഷ്യൻ!!. വാവിട്ട് കരഞ്ഞ് കൊണ്ട് ഭൂമിയിൽ ജനിക്കുന്ന മനുഷ്യ ശിശു അവന് ആത്മ ബോധം വെച്ച് കുറേനാൾ കഴിയുമ്പോഴാണ് സ്വയം തിരിച്ചറിവും അല്ലാഹുവിന്റെ ഈ അപാരമായ ദാനങ്ങളെ പറ്റിയും അൽപ്പമെങ്കിലും അറിഞ്ഞു തുടങ്ങുന്നത് തന്നെ.

അങ്ങനെയുള്ള മനുഷ്യനെ ബഹുമാനപുരസ്സരമാണ് അല്ലാഹു ഖുർആനിൽ പ്രതിപാദിക്കുന്നത്. **'തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങൾ നിന്ന് ആഹാരം നൽകുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളേക്കാൾ അവരെ ശ്രേഷ്ടരാക്കുകയും ചെയ്തിരിക്കുന്നു'** (17:71) മനുഷ്യകുലോത്തമനും പാപരഹിതനുമായ മുഹമ്മദ് നബി(സ) യെ പറ്റി തന്റെ കാരുണ്യഗുണം ചാർത്തിക്കൊണ്ട് അല്ലാഹു പറഞ്ഞ വചനമാണ് മാനവംശത്തിന്റെ ഏറ്റവും വലിയ അഭിമാന മുദ്ര. അല്ലാഹു പറയുന്നു: **'തീർച്ചയായും ഇതിൽ അല്ലാഹുവിനെ ആരാധിക്കുന്നവർക്ക് ഒരു സന്ദേശമുണ്ട്. നാം നിന്നെ (മുഹമ്മദ് നബി(സ)) പ്രപഞ്ചത്തിന്ന് ഒരു കാരുണ്യമായി (റഹ്മത്തൻ ലിൽ ആലമീൻ) മാത്രമാണ് അയച്ചിട്ടുള്ളത്'** (21:107,108) മനുഷ്യൻ തെറ്റുകൾ വരുത്തുകയും കുറ്റങ്ങളിൽ വീണു പോകുകയും ദേഹേച്ഛകൾക്ക് വംശവദനാവുകയും ചെയ്യുന്ന ദുർബല സൃഷ്ടിയാണ്. പക്ഷേ അല്ലാഹു മനുഷ്യന്ന് എപ്പോഴും കാരുണ്യം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഖുർആൻ പറയുന്നു: **'നിങ്ങൾക്ക് കാരുണ്യം ചെയ്യണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. എന്നാൽ നിങ്ങൾ (ദുർമാർഗ്ഗത്തിലേക്ക്) ചാഞ്ഞു പോകണമെന്നാണ് സ്വേഛകളെ പിന്തുടരുന്നവർ ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് (ഭാരം) ലഘൂകരിക്കപ്പെടണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. കാരണം മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.'** (4:2,29) കാരുണ്യത്തേയും പൊറുമയേയും സ്മരിച്ചുകൊണ്ടാണ് അല്ലാഹു ശിക്ഷയെ കുറിച്ചു പോലും പ്രതിപാദിക്കുന്നത്: **'അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാണെന്നും അറിയുക'** (5:99). കാരുണ്യം തന്റെ ബാദ്ധ്യതയാണെന്ന വിളംബരപ്പെടുത്തി കൊണ്ടുള്ള ഖുർആന്റെ മറ്റൊരു ശ്രദ്ധേയമായ സുവർണ്ണ സൂക്തം കാണുക: **'നിങ്ങൾക്ക് സമാധാനം ഉണ്ടാവട്ടെ; നിങ്ങളുടെ നാഥൻ കാരുണ്യത്തെ തന്റെ ബാദ്ധ്യതയാക്കിവെച്ചിരിക്കുന്നുവെന്ന് പറയുക.'** (6:55) സർവ്വോപരി അല്ലാഹു പറയുന്നു: **'വ റഹ്മത്തീ**

**വസിയത്ത് കുല്ല ശയ്അൻ ' (എന്റെ കാരുണ്യം സർവ്വ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു)** (7:157)

കാരുണ്യവും നീതി നിർവ്വഹണവും പരസ്പരം എങ്ങിനെ ഒത്തുപോകും. നീതി നിർവ്വഹണം ചട്ടപ്രകാരമുള്ളതും പലപ്പോഴും ശിക്ഷയും വിലക്കുകളും വേദനയുമുള്ളതാണ്. അതു കൊണ്ട് കാരുണ്യം നീതി നിർവ്വഹണത്തിന്റെ താൽപര്യത്തിന്നെതിരല്ലേ എന്ന സംശയത്തിന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്ന സൂക്ഷ്മായ ഉത്തരം ഇങ്ങനെയാണ്. **'ഓർക്കുക, കാരുണ്യമാണ് ദൈവത്തിന്റെ അടിസ്ഥാന ഗുണം. നീതി എന്നത് യുക്തിയും നിയമവും സ്ഥാപിതമായതിന്ന് ശേഷം പ്രാവർത്തികമാകുന്ന ഒന്നാണ്. നീതി മറ്റൊരു രീതിയിലുള്ള കാരുണ്യം തന്നെയാണ്. ഒരു വ്യക്തിക്ക് യുക്തിജ്ഞാനം നൽകപ്പെട്ടാൽ അതിലൂടെ അയാൾ സർവ്വശക്തനായ ദൈവത്തിന്റെ പരിധികളെകുറിച്ചും നിയമത്തെ കുറിച്ചും ബോധവാനാകുന്നു. അയാൾ പിന്നെ നീതിയുടെ താൽപര്യങ്ങൾക്ക് വിധേയനായിത്തീരുന്നു. എന്നാൽ കാരുണ്യത്തിന്ന് യുക്തിയുടെയും നിയമത്തിന്റേയും ഉപാധികളില്ല. ദൈവം മനുഷ്യവംശത്തെ കാരുണ്യത്തിലൂടെ ഉയർത്തിക്കൊണ്ടുവരുവാൻ ഇച്ഛിക്കുന്നു.' (കിതാബുൽ ബരിയ്യ).** ഹദ്റത്ത് അഹ്മദ്(അ) മറ്റൊരിടത്ത് പറയുന്നു. **'ദൈവത്തെ പറ്റി പറയുമ്പോൾ നമുക്ക് അവന്റെ മാലികിയ്യത്തിനെ (ഉടമസ്ഥത്വം) മുൻനിർത്തി റഹീം (കരുണാനിധി) എന്ന് വിളിക്കാം. പക്ഷേ അവനെ നീതിപാലകൻ എന്ന് വിളിക്കാൻ സാദ്ധ്യമല്ല. ഒരാൾ മറ്റൊരാളുടെ ഉടമസ്ഥതയിലായിരിക്കെ അയാൾക്ക് ഉടമസ്ഥനിൽ നിന്നും നീതി അവകാശപ്പെടാൻ സാദ്ധ്യമല്ല. വണക്കത്തോടെ കാരുണ്യത്തിന്ന് വേണ്ടി യാചിക്കുക മാത്രമേ കരണീയമായുള്ളൂ. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ സർവ്വശക്തനായ ദൈവത്തിന്ന് നീതി പാലകൻ എന്ന ഗുണവിശേഷം നൽകാത്തത്. കാരണം നീതി പരസ്പരം തുല്യത ആവശ്യപ്പെടുന്നു....... സർവ്വ സൃഷ്ടികളും അവന്റേതാണ്. അവൻ ഇഛിക്കുന്ന വിധം അവരോട് പെരുമാറാൻ അവന്ന് പൂർണ്ണ അധികാരമുണ്ട്. അവൻ ഇച്ഛിക്കുന്നയാൾക്ക് അവൻ സാമ്രാജ്യം നൽകിയേക്കാം, അവൻ ഇച്ഛിക്കുകയാണെങ്കിൽ ഒരുവനെ യാചകനുമാക്കിയേക്കാം....തീർച്ചയായും ദൈവം കാരുണ്യവാനാണ് അതിനെക്കാളുപരി അവൻ പരമ കാരുണികനുമാണ്.' (ചശ്മെ മഅ്രിഫ)**

പരമ കാരുണികനായ അല്ലാഹു പാപം ചെയ്ത് നിരാശനായ മനുഷ്യനോട് പറയുന്നു:

**'പറയുക തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസന്മാരെ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാണ്.'** *(39:34)* .

## അല്ലാഹുവിന്റെ കാരുണ്യവും മനുഷ്യന്റെ ദൗർബല്യവും

നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയവരുടെ മാർഗ്ഗങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുവാനും (അതിലേക്ക്) നിങ്ങളെ വഴിനടത്താനും നിങ്ങൾക്ക് കരുണ ചെയ്യുവാനും അല്ലാഹു ഉദ്ദേശിക്കുന്നു. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു. നിങ്ങൾക്ക് കാരുണ്യം ചെയ്യണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. എന്നാൽ നിങ്ങൾ ദുർമാർഗ്ഗത്തിലേക്ക് പൂർണ്ണമായും ചാഞ്ഞുപോകണമെന്നാണ് സേഛകളെ പിന്തുടരുന്നവർ ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് ഭാരത്തെ ലഘൂകരിച്ചു തരുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു. കാരണം മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. (അന്നിസാഅ്. 4:27,28,29)

# ഒരു പുണ്യാത്മാവിനെ എറിഞ്ഞു കൊല്ലുന്നു

ദിവ്യജ്ഞാനങ്ങൾകൊണ്ട് അനുഗ്രഹീതനും അഫ്ഘാൻ രാജാവിന്റെ കിരീടധാരണം നടത്താൻ പരികർമ്മിസ്ഥാനവുമുള്ള അത്യുന്നത വ്യക്തിത്വമായുരുന്നു സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ്. വാഗ്ദത്ത മസീഹ്(അ)നെ സ്വീകരിച്ച കാരണം കൊണ്ട് അഫ്ഘാൻ രാജഭരണം ആ പുണ്യാത്മാവിനെ അതിക്രൂരമായി ശഹീദാക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിശുദ്ധ രക്തം ചിന്തിയ അഫ്ഘാൻ ഭൂമിയെ നോക്കി വാഗ്ദത്ത മസീഹ് ഭയാനകമായ താക്കീതുകൾ നൽകുകയുണ്ടായി. അന്ന് മുതൽ ഒരു നൂറ്റാണ്ടു കാലമായി അഫ്ഘാനിസ്ഥാൻ സമാധാനമെന്തന്നറിഞ്ഞിട്ടില്ല. ആ ദേശം മാത്രമല്ല അയൽ രാജ്യങ്ങളിലേക്കും ലോകസമാധാനത്തിന്നും ഭീഷണിയാകുമാറ് ക്രൂരമായ ഹിംസാത്മകതയുടെ പ്രഭവ കേന്ദ്രമായി അഫ്ഘാനിസ്ഥാൻ തുടരുന്നു.

**എൻ. അബ്ദുർറഹിം സാഹിബ്**

ദാതാഗഞ്ച്ബക്ഷ് എന്ന പേരിൽ പ്രഖ്യാതനായ ശേഖ് അബുൽ ഹസൻ അലി ഹജ്‌വേരി എന്ന സൂഫി വര്യന്റെ പിന്തുടർച്ചയിൽ പ്പെട്ട മതഭക്തനും അഫ്ഘാനിസ്ഥാനിലെ ഘോസ് നിവാസിയുമായിരുന്ന ഹദ്റത്ത് സാഹിബ് സാദാ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് ഇമാം മഹ്ദിയുടെ ശിഷ്യത്വം സ്വീകരിച്ചത് ഒരു വലിയ സംഭവമായി. ഒരു മത നേതാവും മഹാ പൺഡിതനും ഭക്തശിരോമണിയുമായിരുന്ന അദ്ദേഹത്തിന്ന് അഫ്ഘാനിസ്ഥാനിൽ അയിരക്കണക്കായ മുരീദന്മാരുണ്ടായിരുന്നു. ഖോസ്തിലും ചുറ്റു വട്ടത്തിലുമുള്ള ബ്രിട്ടീഷ് സംരക്ഷിത പ്രദേശങ്ങളിലും അദ്ദേഹത്തിന്ന് ധാരാളം സ്വത്തുക്കളും ഉണ്ടായിരുന്നു. ദിവ്യവെളിപാടുകളാലും ആത്മ ദർശനങ്ങളാലും അനുഗ്രഹീതനായ ഒരു പുണ്യ പുരുഷനെന്നോണം അറിയപ്പെടുന്ന അദ്ദേഹത്തിന്ന് അഫ്ഘാൻ കൊട്ടാരത്തിലും അത്യുന്നതമായ സ്ഥാനം ഉണ്ടായിരുന്നു. അഫ്ഘാൻ രാജകുടുംബത്തിൽതന്നെ പലരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിട്ടുണ്ടായിരുന്നു. അഫ്ഘാൻ രാജാവിന്ന് കിരീട ധാരണം നടത്തുന്ന ചടങ്ങിന്ന് കാർമികത്വം വഹിച്ചിരുന്നത് ഇദ്ദേഹമാണെന്ന് വരുമ്പോൾ അദ്ദേഹത്തിന്റെ ഉന്നതസ്ഥാനം ഊഹിക്കാമല്ലോ. 1894ലെ അഫ്ഘാൻ ഇന്ത്യ അതിർത്തി നിർണ്ണയത്തിന്നു നിയോഗിക്കപ്പെട്ട സുപ്രസിദ്ധമായ ഡ്യൂറന്റ് കമ്മീഷനിലെ രണ്ട് അഫ്ഘാൻ പ്രതിനിധികളിലൊരാളായി അദ്ദേഹമാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. കമ്മീഷനിലെ സീനിയർ ബ്രിട്ടീഷ് പ്രതിനിധിയായിരുന്നു സർ മോർട്ടമർ ഡ്യൂറന്റ്.

വാഗ്ദത്ത മസീഹ് വെളിപ്പെട്ടു കഴിഞ്ഞുവെന്ന് വിവരം ഹദ്റത്ത് അബ്ദുല്ലത്തീഫ് സാഹിബ് എങ്ങിനെയോ അറിഞ്ഞു കഴിഞ്ഞിരുന്നു. ഡ്യൂറന്റ് കമ്മീഷനിലെ ബ്രിട്ടീഷ് സ്റ്റാഫിൽപ്പെട്ട ഒരാൾ അദ്ദേഹത്തിന്ന് ഹ്ദറത്ത് അഹ്മദി(അ)ന്റെ 'ആയിനെ കമാലാത്തെ ഇസ്‌ലാം' എന്ന വിശ്രുത ഗ്രന്ഥത്തിന്റെ പ്രതി സമ്മാനിക്കുകയുണ്ടായി. വളരെ താൽപര്യത്തോടെ ആ കൃതി പരായണം ചെയ്തു. അദ്ദേഹത്തിന്ന് ആ കൃതിയുടെ കർത്താവിനോടുള്ള മതിപ്പും ആദരവും വിവരാണാതീതമായിരുന്നു. കമ്മീഷൻ ജോലി കഴിഞ്ഞതിന്ന് ശേഷം ഹ്ദ്റത്ത്

അബുദുല്ലത്തീഫ് സാഹിബ് വാഗ്ദത്ത മസീഹുമായി ബന്ധം പുലർത്തി. വാഗ്ദത്ത മസീഹുമായി നേരിട്ടു ബന്ധം പുലർത്തുന്നതിന്ന് അദ്ദേഹം നേരിട്ടു ഖാദിയാനിലേക്ക് തന്നെ ദൂതന്മാരെ അയക്കുകയുണ്ടായി. മഹ്ദി ഇമാമിന്റെ പുതിയ ചിലകൃതികളും ലഘുലേഖകളുമായിട്ടാണ് തിരികെയെത്തിയത്.

## ആദ്യത്തെ അഹ്മദി രക്തസാക്ഷി

ഹദ്റത്ത് അബ്ദുല്ലത്തീഫ് സാഹിബിന്റെ ദൂതന്മാരിൽ പ്രധാനിയായിരുന്ന ഹദ്റത്ത് മൗലവി അബ്ദുറഹ്മാൻ സാഹിബ് അദ്ദേഹം പല തവണ ഖാദിയാൻ സന്ദർശിച്ചു. 1900 ഡിസംബറിൽ അദ്ദേഹം സയ്യിദ് സാഹിബിന്റെ ഒപ്പിട്ട ബൈഅത്ത് പത്രിക വാഗ്ദത്ത മസീഹിന്ന് സമർപ്പിക്കുകയും താനും ബൈഅത്ത് ചെയ്ത് ശിഷ്യ ഗണത്തിൽ പ്രവേശിക്കുകയും ചെയ്തു.

അക്കാലത്ത് അതിതിർത്തി പ്രദേശങ്ങളിൽ ബ്രിട്ടിഷുകാർക്കെതിരെ പ്രക്ഷോഭം നടക്കുകയായിരുന്നു. മുല്ലമാർ അതിന്ന് ജിഹാദ് എന്നായിരുന്നു പറഞ്ഞിരുന്നത്. പല ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരും നിഷ്ക്കരുണം നിഗ്രഹിക്കപ്പെടുകയുണ്ടായി. വാഗ്ദത്ത മസീഹ് ഈ നീക്കങ്ങളെ വിമർശിക്കുകയും ജിഹാദിനെ സംബന്ധിച്ച ഇസ്‌ലാമിന്റെ ശരിയായ പാഠത്തെ വിശദീകരിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ ഈ ലഘുലേഖകളും വാഗ്ദത്ത മസീഹിന്റെ മറ്റു കൃതികളുമെല്ലാം സൂക്ഷ്മമായി പഠിച്ച് അതിന്റെ പൊരുൾ മനസ്സിലാക്കിയാണ് കാബൂളിൽ തിരിച്ചെത്തിയത്. ഇമാം മഹ്ദി പ്രത്യക്ഷപ്പെട്ട ആനന്ദ വൃത്താന്തം രാജാവിനെ നേരിട്ട് കണ്ട് ബോധിപ്പിക്കാമെന്ന ആഗ്രഹവും അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലതല്ലി. മൗലവി അബ്ദുർറഹ്മാന്റെ പുതിയ വിശ്വസങ്ങളും തത്വങ്ങളും മുല്ലമാരുടെ ശ്രദ്ധയിൽപ്പെടാതുരുന്നില്ല. അവർ അദ്ദേഹത്തിനെ പറ്റി രാജാവിനെ ദുർബോധനപ്പെടുത്താൻ ശ്രമിച്ചു തുടങ്ങിയിരുന്നു. അമീർ അബ്ദുർറഹ്മാൻ മുല്ലമാരുടെ ഉപദേശങ്ങൾക്കും ഉപജാപങ്ങൾക്കും വിധേയനായി മൗലവി അബ്ദുർറഹ്മാൻ സാഹിബിൽ രാജ്യദ്രോഹം ആരോപിച്ച് അറസ്റ്റ് ചെയ്യാൻ കൽപ്പിക്കുകയും ചെയ്തു. അമീറിന്റെ നിർദേശപ്രകാരം ഒടുവിൽ തടവുമുറിയിൽ വെച്ച്തന്നെ അദ്ദേഹത്തെ കഴുത്തിൽ മുണ്ടിട്ടു മുറുക്കികൊന്നുകളഞ്ഞു. അങ്ങനെ വാഗ്ദത്ത മസീഹിന്റെ ശിഷ്യമാരിൽ ആദ്യത്തെ ശഹീദ് അഥവാ രക്തസാക്ഷിയാകാനുള്ള ഭാഗ്യം അദ്ദേഹത്തിന്ന് ലഭിച്ചു. 20 വർഷം മുമ്പ് വാഗ്ദത്ത മസീഹിന്നുണ്ടായ വെളിപാടുകളിൽ 'ശാതാനി തുദ്ബഹാനി വകുല്ലുമൻ അലൈഹാ ഫാൻ' (രണ്ട് ആടുകൾ അറുക്കപ്പെടും, അതിന്മേലുള്ള സകലതും നശ്വരം) എന്നു പറയപ്പെട്ടിട്ടുള്ളതിലടങ്ങിയ പ്രവചനം അങ്ങനെ ഭാഗികമായി പൂർത്തിയായി. 1901 സെപ്തംബർ 10-ാം തീയതിയാണ് നിരപരാധിയായ ഒരു പുണ്യപുരുഷന്റെ നേരെ ഈ പൈശാചിക വധം നടന്നത്.

ഈ വധത്തിന്ന് ശേഷം കുറച്ച് ആഴ്ച്ചകൾ കഴിഞ്ഞു അമീർ അബ്ദുർറഹ്മാൻ ഖാന്ന് പക്ഷാഘാതം ഉണ്ടായി. കിടപ്പിലായ രാജാവ് 1901 ഒക്ടോബർ 3 ന്ന് മരണമടയുകയുണ്ടായി. തുടർന്ന് അമീർ ഹബീബുല്ലാ ഖാൻ അഫ്ഘാൻ രാജാവായി വാഴിക്കപ്പെട്ടു.

1902 ഒടുവിൽ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് അമീർ ഹബീബുല്ലാഖാന്റെ സമ്മതത്തോടെ ഹജ്ജ് കർമ്മം നിർവ്വഹിക്കാനുള്ള ഉദ്ദേശ്യത്താൽ രണ്ടു ശിഷ്യന്മാടോപ്പം ലാഹോറിലേക്ക് പുറപ്പെട്ടു. രാജാവ് അദ്ദേഹത്തെ പ്രസാദിച്ചു ആവശ്യമായ പണവും നൽകുകയുണ്ടായി. ലാഹോറിലാണ് പുണ്യാത്മായ ദാദാബക്ഷിന്റെ മൃതകുടീരം സ്ഥിതി ചെയ്യുന്നത്. ലാഹോറിൽ നിന്ന് ഖാദിയാനിൽ ചെന്ന് വാഗ്ദത്ത മസീഹിനെ കാണാമെന്ന മോഹവും അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം ഖാദിയാനിൽ വന്നെത്തി. വാഗ്ദത്ത മസീഹ് അദ്ദേഹത്തെ ആദരപൂർവ്വം സ്വീകരിച്ചു. സയ്യിദ് സാഹിബിനെക്കുറിച്ച് കുറിച്ച് പ്രഥമ ദർശനത്തിൽ തന്നെ തനിക്കുണ്ടായ അഭിപ്രായം വാഗ്ദത്ത് മസീഹ് ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു.

എന്റെ ജീവൻ ആരുടെ കയ്യിൽ സ്ഥിതിചെയ്യുന്നുവോ ആ സർവ്വാദിനാഥനെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ പറയുന്നു എന്നോടുള്ള സമർപ്പണഭാവത്തിലും അതുല്യമായ തരത്തിലും ആത്മാർത്ഥതയുള്ള ആളും എന്നോടുള്ള ബന്ധത്തിലും എന്റെ എല്ലാ വാദങ്ങളും സ്വീകരിക്കുന്നതിലും പരമമായ വിശ്വസ്ഥത പുലർത്തുന്ന ആളും ആയിട്ടാണ് എനിക്കദ്ദേഹത്തെ കാണാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ സ്നേഹവും ആദരവും അതീവ സുഗന്ധം പകരുന്ന അച്ഛസ്ഫടികവും സുന്ദരവുമായ അത്തർ കുപ്പി യോട് സാദൃശ്യപ്പെടുത്താവുന്ന തത്രെ എന്നോടുള്ള സ്നേഹത്താൽ അത്യന്തം ആത്മാർത്ഥതയുള്ള ആളായി ഞാൻ അദ്ദേഹത്തെ കാണുന്നു. അദ്ദേഹത്തിന്റെ വർത്തുളമായ സുന്ദര വദനം പോലെ പരിശുദ്ധമാണ് ആ ഹൃദയവും. ലൗകികമായ എല്ലാ കാര്യങ്ങളെക്കാൾ സത്യ വിശ്വാസത്തിന്ന് അദ്ദേഹം പ്രാമുഖ്യം കൽപ്പിക്കുന്നു എന്നത്രെ ഞാൻ അദ്ദേഹത്തിൽ കണ്ട അസൂഹ്യാർഹമായ ഗുണവിശേഷം. (തദ്കിറത്തുശ്ശഹാദത്തൈൻ)

ഏതാനു ദിവസം മാത്രം ഖാദിയാനിൽ തങ്ങാനാണ് അദ്ദേഹം തീരുമാനിച്ചത്. വാഗ്ദത്ത മസീഹുമായി ബന്ധപ്പെട്ടപ്പോൾ പിന്നെ ആ മഹാത്മാവിനെ വിട്ടുപിരിയാൻ അദ്ദേഹത്തിന്ന് കഴിഞ്ഞില്ല. അത് കാരണം ഹജ്ജിന്ന് പോകാനുള്ള പരിപാടി മാറ്റിവെക്കുകയും കുറേനാൾ ഖാദിയാനിൽ വസിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

സ്വാധീനിക്കപ്പെട്ടിട്ടുണ്ടെന്ന് കബൂളിലെത്തിയപ്പോൾ സയ്യിദ് സാഹിബിന്ന് മനസ്സിലായി. യാതൊരന്വേഷണവും കൂടാതെ അമീർ ഹബീബുല്ലാ ഖാൻ കൽപ്പിച്ചത് അമീർ താമസിക്കുന്ന കോട്ടയിൽ തന്നെ ഒരു പ്രത്യേക തടവുമുറിയിൽ അദ്ദേഹത്തെ ബന്ധനസ്ഥനാക്കണമെന്നായിരുന്നു. കനത്ത ചങ്ങലകൾക്കൊണ്ട് കൈകാലുകൾ ബന്ധിച്ചിരുന്നു. കാരഗ്രഹത്തിൽ അദ്ദേഹം ദുരിതപൂർണ്ണമായ ജീവിതം കഴിച്ചു കൂട്ടേണ്ടി വന്നു.

സയ്യിദ് സാഹിബ് ലാഹോറിൽ അൽപ്പം തങ്ങിയ ശേഷമാണ് ഖോസ്ലിയിലേക്ക് പുറപ്പെട്ടത്. വഴിക്കൽ ശിഷ്യന്മാരോട് കാബൂളിന്റെ മണ്ണ് എന്റെ രക്തം ദാഹിച്ചു കൊണ്ടിരിക്കയാണെന്ന് പറയാറുണ്ടായിരുന്നു. അനന്തരമുണ്ടായ സംഭവങ്ങൾ ഹദ്റത്ത് അഹ്മദ് വിവരിക്കുന്നത് ഇപ്രകാരമാണ്.

ബ്രിഗാഡിയർ മുഹമ്മദ് ഹുസൈൻ പ്രസ്തുത കത്ത് കിട്ടിയപ്പോൾ അത് രാജാവിന്ന് ഉടനെ സമർപ്പിച്ചില്ല. എന്നാലദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥൻ സംഗതി അറിഞ്ഞു. ആ കത്ത് മോഷ്ടിച്ചെടുത്ത് അമീറിന്നു സമർപ്പിച്ചു. അയാളാകട്ടെ സയ്യിദ് സാഹിബിന്റെ ഒരു കഠിന വിരോധിയും ഒരു കുസൃതിക്കാരനുമായിരുന്നു. രാജാവ് ബ്രിഗാഡിയരെ വിളിച്ചന്വേഷണം നടത്തി. രാജാവ് ക്രുദ്ധനാണെന്ന് കണ്ട് ഭയവിഹ്വലനായ ബ്രിഗേഡിയർ തനിക്ക് കത്ത് വന്നിട്ടില്ലെന്ന് നിഷേധിച്ചു പറയുകയാണുണ്ടായത്. മൗലവി സാഹിബാകട്ടെ മറുപടി ലഭിക്കാത്തത് കാരണം ബ്രിഗാഡിയർ മുഹമ്മദ് ഹുസൈന്ന് വീണ്ടും ഒരു കത്തയച്ചു. ഈ കത്ത് പോസ്റ്റ് മാൻ പൊളിച്ചു വായിച്ചു നേരെ അമീറിന്ന് അയച്ചു കൊടുക്കുകയുണ്ടാണു ചെയ്തത്. വന്ദ്യനായ മൗലവി സാഹിബിന്റെ രക്തസാക്ഷിത്വം സ്വർഗ്ഗത്തിൽ തീരുമാനിക്കപ്പെട്ടതിനാൽ അദ്ദേഹത്തെ തന്റെ പിടിയിൽ ഒതുക്കുന്നതിന്ന് അമീർ വളരെ സൂത്രശാലിത്വത്തോടെ ബ് (കല്പ്പന അനുസരിക്കലാണ് വിനയത്തിലും ഉയർന്നത്) എന്ന് നിർദ്ദേശിക്കേണ്ടി വന്നു. സയ്യിദ് സാഹിബ് ഗദ്ഗദത്തോടെ പറഞ്ഞു: 'ഇനി ജീവിതത്തിലൊരിക്കലും അങ്ങയുടെ തിരുമുഖം എനിക്ക് കാണാൻ കഴിയുകയില്ല. ഇത് അവസാനത്തെ ദർശനമാണ് എനിക്ക് പൊറുത്തു തന്നാലും.'

താൻ നാട്ടിൽ തിരിച്ചെത്തുന്നതോടെ ജീവൻ ബലിയാകേണ്ടി വരുമെന്ന് അദ്ദേഹം വെളിപാട് മുഖേന മുൻകൂട്ടി അറിഞ്ഞിരുന്നു. അദ്ദേഹം തന്റെ സ്നേഹിതന്മാരോട് പാർസിയിൽ പറഞ്ഞുക്കൊണ്ടിരുന്നു. 'ബാർ ബാർ ഇൽഹാം മേശൂദ് സർബുദ സർബുദ സർബുദ' (എനിക്ക് അടിക്കടി ഇൽഹാം ഉണ്ടായിക്കൊണ്ടിരിക്കുന്നു തല നൽകൂ, തല നൽകൂ തല നൽകൂ എന്ന്) 'ഫിർഔന്റെയടുക്കൽ ചെല്ലുക' എന്ന് അദ്ദേഹത്തിന്ന് ഒരിക്കൽ ഇൽഹാമുണ്ടായി. കാബൂളിലേക്കുള്ള മടക്കയാത്രയിൽ ബ്രിട്ടീഷ് പ്രദേശത്ത് തന്നെയായിരിക്കെ അദ്ദേഹം കാബൂളിലെ പോലീസ് കമ്മീഷണറും തന്റെ ഒരു ശിഷ്യനുമായിരുന്ന ബ്രിഗേഡിയർ മുഹമ്മദ് ഹുസൈന്ന് ഒരു കത്തയച്ചു. തനിക്ക് ഹജ്ജിന്ന് പോകാൻ കഴിയാതെവന്ന സാഹചാര്യങ്ങൾ വിശദീകരിച്ചെഴുതുകയും അമീർ ഹബീബുല്ലാ ഖാന് തന്റെ വിശദീകരണം ബോധിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. തന്റെ ആദരങ്ങൾ അറിയിക്കുന്നതിന്ന് അമീറിന്റെ മുമ്പിൽ നേരിട്ട് ഹാജരാവാൻ അനുവാദമുണ്ടോ എന്ന് അന്വേഷിച്ചറിയാൻ ആവശ്യപ്പെടുകയും ചെയ്തു.

അമീറിൽ നിന്നുള്ള അനുകൂല ഭാവം അറിഞ്ഞ ഉടനെ സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് ഖോസ്തിയിലേക്ക് പുറപ്പെട്ടു. എന്നാൽ അതിർത്തി കടന്ന ഉടനെ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയും പോലീസ് അകമ്പടിയോടെ കാബൂളിൽ ഹാജരാക്കപ്പെടുകയുമാണുണ്ടായത്. അമീർ തനിക്കെതിരെ വളരെയേറെ

സയ്യിദ് സാഹിബ് ആത്മീയ ദർശനങ്ങളും ദിവ്യാനുഭവങ്ങളുമുള്ള ആളായിരുന്നതിനാൽ വാഗ്ദത്ത മസീഹിന്റെ ആത്മീയ ഔന്നത്യവും അഗ്രിമ പദവികളും ഉൾക്കണ്ണ് കൊണ്ട് നോക്കി കാണുവാൻ അദ്ദേഹത്തിന്ന് പ്രയാസമുണ്ടായിരുന്നില്ല. സയ്യിദ് സാഹിബ് ആറു മാസത്തെ വിടചോദിച്ചാണ് അമീറുമായി പിരിഞ്ഞത്. 3 മാസത്തിലേറെ അദ്ദേഹം ഖാദിയാനിൽ തന്നെ കഴിച്ചു കൂട്ടി. കാബൂളിലേക്ക് തിരിച്ചുപോകേണ്ട സമയമായപ്പോൾ അദ്ദേഹം മഹ്ദി ഇമാമിന്റെ അനുവാദം തേടി. അടുത്ത കൊല്ലം ഹജ്ജിന്ന് പോകുന്നത് വരെ ഖാദിയാനിൽ താമസിച്ചു കൊള്ളാമെന്ന് ഹദ്റത്ത അഹ്മദ് (അ) നിർദ്ദേശിച്ചുവെങ്കിലും ഹജ്ജിന്ന് വീണ്ടും വരുന്നതാണെന്ന് പറയുകയാൽ അദ്ദേഹത്തെ ഹിതാനുസരണം പ്രവർത്തിച്ചുകൊള്ളുന്നതിന്ന് അനുവദിക്കുകയുണ്ടായി.

സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് ഖാദിയാനിൽ നിന്നും തിരിച്ചുപോകുമ്പോൾ വാഗ്ദത്ത മസീഹ്(അ) അദ്ദേഹത്തെ യാത്രയയക്കാനായി രണ്ടര നാഴിക അകലത്തോളം(മറ്റൊരു നിവേദനത്തില വഡാല വരെ) അനുഗമിക്കുകയുണ്ടായി. ഒടുവിൽ അവർ പിരിഞ്ഞ രംഗം വികാര നിർഭരമായിരുന്നു. സയ്യിദ് സാഹിബിനെ സംബന്ധിച്ചേടത്തോളം അത് അവസാനത്തെ കൂടി കാഴ്ച്ചയായിരുന്നുവെന്ന് ഉറപ്പിച്ചിരുന്നു. ഇനിയൊരിക്കലും തന്റെ ഗുരുവിനെ കാണുവാൻകഴിയില്ലെന്ന് ഓർത്തപ്പോൾ അദ്ദേഹം തന്റെ ഗുരുവിന്റെ കാൽക്കൽ കുഴഞ്ഞു വീണു. അദ്ദേഹം പൊട്ടിക്കരയുകയായിരുന്നു. ഇമാം മഹ്ദിയുടെ കണ്ണിലും വെള്ളം നിറഞ്ഞു. വളരെ പ്രയാസപ്പെട്ട് തന്റെ ശിഷ്യനെ എഴുന്നേൽപ്പിച്ചു. തന്റെ കാൽകീഴിൽ ആരെങ്കിലും വീഴുന്നതും തന്റെ പാദങ്ങൾ സ്പർശിക്കുന്നതും ആ മഹാത്മാവ് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാൽ അൽ അംറു ഫൗലൽ അദ

കരുനീക്കങ്ങൾ നടത്തി. അനുകൂല ഭാവം പ്രകടിപ്പിച്ചുകൊണ്ട് പ്രോത്സാഹനാജനകമായ ഒരു എഴുത്ത് അമീർ അയപ്പിച്ചു. വാഗ്ദത്ത മസീഹിനെ(അ) സംബന്ധിച്ച സത്യങ്ങൾ തന്നെ ബോദ്ധ്യപ്പെടുത്തുന്ന പക്ഷം മൗലവി സാഹിബിനെ പിന്തുടരുന്നതാണെന്ന് കൂടി രാജാവ് അറിയിച്ചു. അമീറിൽ നിന്നുള്ള അനുകൂലമായ നിലപാട് അറിഞ്ഞപോഴാണ് അദ്ദേഹം ഖോസ്തിലേക്ക് പുറപ്പെട്ടത്. അതോടെ വിധിയുടെ ചക്രം ചലിച്ചു.

അദ്ദേഹം കാബൂളിലെ തെരുവിലൂടെ നടന്നു നീങ്ങിയത് കുതിരപ്പുറത്തായിരുന്നു. രാജാവിന്റെ എട്ടു കുതിരപ്പടയാളികൾ അദ്ദേഹത്തെ പിന്തുടർന്നിരുന്നു. അമീർ 'അഖുണ്ട്'സാദായുടെ നേരെ വഞ്ചന പ്രയോഗിച്ചതാണെന്നു നഗരവാസികൾക്കെല്ലാം അറിയാമായിരുന്നു. അഖുണ്ട് സാദയും കുതിര പടയാളികളും നീങ്ങിക്കൊണ്ടിരിക്കെ കാണികളും അവരെ പിന്തുടർന്നു. മൗലവി സാഹിബിനെ അറസ്റ്റ് ചെയ്യാൻ ഖോസ്റ്റ് ഗവർണ്ണർക്ക് നേരെത്തെ കൽപ്പന ലഭിച്ചിരുന്നു എന്നാണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. ഗവർണ്ണറുടെ കൽപ്പന പ്രകാരമാണ് കുതിര പടയാളികൾ അദേഹത്തെ രാജാവിന്റെ സന്നിന്നിധാനത്തിൽ ഹാജരാക്കാൻ അകമ്പടി സേവിച്ചത്. അസൂയാലുക്കളും ദുഷ്ടന്മാരുമായ ഉലമാക്കളും എതിരാളികളും രാജാവിന്റെ കാതുകളിൽ ഏഷണികൊണ്ട് വിഷം നിറച്ചു കഴിഞ്ഞിരുന്നതിനാൽ രാജാവ് ക്രുദ്ധനായിരുന്നു. (തദ്കിറത്തുശ്ശഹാദത്തൈൻ)

സയ്യിദ് അബ്ദുല്ലത്തീഫ് സാഹിബ് എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെന്ന് രാജാവ് കരുതിയിരുന്നില്ല എന്നാണ് മനസ്സിലാവുന്നത്. മുഫ്തിമാരുടെ അനിഷ്ടം നേരിടുമെന്ന ഉത്കണ്ഠ മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് എന്തെങ്കിലും ഒരു ഒഴിവ് കഴിവ് പറഞ്ഞ് അദ്ദേഹത്തെ വിട്ടയക്കണമെന്ന് രാജാവ് ആഗ്രഹിക്കാതിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ നേരെ കടുത്ത ശത്രുത പുലർത്തിയിരുന്ന മുല്ലമാർ അദ്ദേഹത്തെ വകവരുത്താൻ തീർച്ചപ്പെടുത്തിയതിനാൽ പ്രത്യക്ഷത്തിൽ എന്തെങ്കിലും എതിരു പറയുവാൻ അമീറിന്ന് ധൈര്യമുണ്ടായിരുന്നില്ല. താൻ താമസിച്ചിരുന്ന കോട്ടയിൽ സയ്യിദ് സാഹിബിനെ താമസിപ്പിക്കാൻ നിർദേശിച്ചതും അദ്ദേഹവുമായി ബന്ധപ്പെടുന്നതിന്നും അദ്ദേഹത്തെ പിന്തിരിയാൻ പ്രേരിപ്പിക്കുന്നതിന്നും വേണ്ടി യായിരുന്നു. എന്നാൽ നിരന്തരമായ ആ ശ്രമത്തിന്ന് യാതൊരു ഫലവുമുണ്ടായില്ല.

നാലു മാസം കഴിഞ്ഞപ്പോൾ അമീർ അദ്ദേഹത്തെ തന്റെ മുമ്പാകെ ഹാജരാക്കാൻ കൽപ്പിച്ചു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ തള്ളി പറയുന്ന പക്ഷം ജീവൻ രക്ഷിക്കാമെന്നും പൂർവ്വോപരി ആദരവും പദവികളും ലഭിക്കുമെന്നും രാജാവ് അദ്ദേഹത്തോട് തുറന്ന് പറയുകയുണ്ടായി. സത്യത്തിന്ന് വേണ്ടി സകലതും സംത്യജിക്കാനും എന്തും നേടാനും തയ്യാറായിരുന്ന ആ ദൈവദാസൻ ഭീഷണിക്കോ പ്രലോഭനങ്ങൾക്കോ വംശവദനായിരുന്നില്ല.

താൻ സത്യം കണ്ടെത്തിക്കഴിഞ്ഞുവെന്നും സർക്കാർ തനിക്ക് നൽകുന്ന ശിക്ഷ മരണമാണെങ്കിൽ ദൈവത്തെ ധിക്കരിക്കുന്നത് മൂലം തനിക്ക് നിത്യനാശത്തെയാണ് നേരിടേണ്ടി വരികയെന്നും പറഞ്ഞ് കൊണ്ട് അദ്ദേഹം അമീറിന്റെ നിർദേശം തള്ളിക്കളഞ്ഞു. തന്നെ എതിർക്കുന്ന മുല്ലമാർ തന്റെ വിശ്വാസങ്ങളുടെ സത്യാസത്യങ്ങൾ തുറന്ന വാദപ്രതിവാദങ്ങളിലൂടെ തെളിയിക്കാൻ തയ്യാറാകുകയും താനുന്നയിക്കുന്ന പ്രമാണങ്ങളെ ഫലപ്രദമായി ഖണ്ഡിക്കുകയും ചെയ്യുന്ന പക്ഷം തന്റെ മേൽ കുറ്റം വിധിക്കുകയും എന്ത് ശിക്ഷയും കൽപ്പിക്കുകയും ചെയ്യാവുന്നതാണെന്ന് അദ്ദേഹം അറിയിച്ചു. ഈ നിർദ്ദേശം അമീർ അംഗീകരിക്കുകയും ഖാൻ മുല്ലാഖാനെയും എട്ട് മുല്ലമാരെയും സയ്യിദ് സാഹിബുമായി വാദപ്രതിവാദം നടത്തുന്നതിന്ന് തെരഞ്ഞെടുക്കുകയും ചെയ്തു. അബ്ദുൾ ഖനി എന്ന് പേരായ ഒരു പഞ്ചാബി ഇക്കാര്യത്തിൽ മദ്ധ്യസ്ഥനായി നിശ്ചയിക്കപ്പെട്ടു. അയാളാകട്ടെ സയ്യിദ് സാഹിബിന്റെ കടുത്ത ശത്രുവായിരുന്നു.

വാദപ്രതിവാദം രാവിലെ ഏഴു മണിക്കാരംഭിച്ചു. വൈകുന്നേരം മൂന്നുമണിവരെ തുടർന്നു. പള്ളിക്കകം ജനനിബിഢമായിരുന്നു. എന്നാൽ വാദപ്രതിവാദം എഴുത്തു മുഖേനയായിരുന്നതിനാൽ ആർക്കും ഒന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. വാദപ്രതിവാദത്തിനൊടുവിൽ മിർസ സാഹിബ് ഖാദിയാനിയാണ് വാഗ്ദത്ത മസീഹ് എങ്കിൽ ഈസാ നബി(അ)യുടെ രണ്ടാം വരവിനെ പറ്റി എന്ത് പറയുന്നു എന്ന് മുല്ലമാർ ചോദിച്ചു. ഈസാ നബി (അ) മരിച്ചുപോയതായി വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുള്ളതിനാൽ തിരിച്ചു വരാൻ നിവൃത്തിയില്ലെന്ന് സയ്യിദ് സാഹിബ് വെട്ടി തുറന്ന് പറഞ്ഞതോടെ മുല്ലമാർ പൊട്ടിത്തെറിക്കുകയും അദ്ദേഹം കാഫിർ ആണെന്ന് ആക്രോശിക്കുകയും ചെയ്തു. മുർത്തദ് ആണെന്ന് മുഫ്തിമാർ വിധിക്കുകയും ചെയ്തു. ഉടൻ സാഹിബ് സാദാ സാഹിബിന്റെ കരണചരണങ്ങളിൽ കനത്ത ചങ്ങലകൾ വീഴുകയും ജയിലറകളിലേക്ക് അദ്ദേഹം നീക്കപ്പെടുകയും ചെയ്തു. വാദപ്രതിവാദം നടത്തികൊണ്ടിരിക്കെ എട്ട് സൈനികർ അദ്ദേഹത്തിന് ചുറ്റും ഊരിയ വാളുമായി കാവൽനിന്നിരുന്നു.

മുഫ്തിമാരുടെ ഫത്‌വ അമീറിന്ന് മുമ്പിൽ സമർപ്പിക്കപ്പെട്ടു. എന്നാൽ വിവാദത്തിന്റെ രേഖകൾ അമീറിന്ന് മുമ്പിൽ സമർപ്പിച്ചിരുന്നില്ല. മുഫ്തിമാർക്ക് സാഹിബ് സാദാ സാഹിബിന്റെ വാദങ്ങളെ ഖണ്ഠിക്കാൻ കഴിഞ്ഞിരുന്നില്ല എന്നതിലേക്ക് ഇത് തന്നെ തെളിവായിരുന്നു. മുഫ്തിമാരുടെ തീരുമാനത്തെ മാത്രം ആസ്പദമാക്കി ന്യായ

ന്യായങ്ങൾ തുലനം ചെയ്യാതെയും പരിശോധിക്കാതെയും അമീർ സയ്യിദ് സാഹിബിനെ എറിഞ്ഞു കൊല്ലാൻ കൽപ്പിക്കുകയാണ് ചെയ്തത്.

അടുത്ത ദിവസം രാവിലെ സയ്യിദ് സാഹിബിനെ സലാം ഖാനയിലേക്ക് ആനയിച്ചു. അവിടെ വലിയൊരു പുരുഷാരം ഉണ്ടായിരുന്നു. അമീർ കോട്ടയിൽ നിന്നും പുറത്തിറങ്ങി. സലാം ഖാനയിലൂടെ കടന്ന്‌വരുമ്പോൾ സാഹിബ് സാദാ സാഹിബിനെ കണ്ടു. എന്താണ് തീരുമാനമെന്ന് രാജാവ് അന്വേഷിച്ചു. സയ്യിദ് സാഹിബ് മൗനം പാലിച്ചെങ്കിലും കുറ്റം വിധിച്ചതായി സൈനികർ അറിയിച്ചു. അമീർ സലാം ഖാനയിൽ വീണ്ടും വന്നു. സയ്യിദ് സാഹിബിനോട് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചു. താങ്കളെ മുർത്തദ് ആയി വിധിച്ചിരിക്കുന്നു. പാശ്ചാത്തപിച്ചു പിന്മാറുന്ന പക്ഷം ജീവൻ രക്ഷിക്കപ്പെടും. അദ്ദേഹം മറുപടി നൽകിയത് ഇപ്രകാരമായിരുന്നു. സത്യത്തിൽ നിന്ന് ഞാൻ വിട്ടു മാറുകയില്ല. എന്റെ ജീവൻ രക്ഷപ്പെടുന്നതിന്ന് വേണ്ടി ഞാൻ അസത്യത്തിലേക്ക് ഒരിക്കലും മടങ്ങുകയില്ല.

ഉടൻ അമീർ സ്വന്തം കൈകൊണ്ട് തന്നെ വിധി എഴുതി. മുഫ്തിമാരുടെ പ്രഖ്യാപന പ്രകാരം സാഹിബ് സാദാ സാഹിബ് ഒരു മുർത്തദ് ആണെന്നും അതിനാൽ എറിഞ്ഞു കൊല്ലപ്പെടാൻ വിധിച്ചിരിക്കുന്നുവെന്നും! ഈ വിധിരേഖ സയ്യിദ് സാഹിബിന്റെ കഴുത്തിൽ കെട്ടിതൂക്കി. ആ മഹാമനുഷ്യന്റെ മൂക്കിന്ന് തുടലിടാനും അതിലൂടെ കയർ കുടുക്കാനും കൊലക്കളത്തിലേക്ക് കെട്ടിവലിക്കാനും അമീർ കൽപ്പിച്ചു!! കൽപ്പന ക്ഷണം നടപ്പാക്കി. സയ്യദ് സാഹിബിനെ നഗരത്തിന്റെ പുറത്ത് കൊലക്കളത്തിലേക്ക് ആർത്തട്ടഹസിക്കുന്ന ശകാരം ചൊരിയുന്ന ക്ഷുബിതരായ പുരുഷാരത്തിന്റെ മദ്ധ്യത്തിൽ ആനയിക്കപ്പെട്ടു. പ്രധാന ഖാസിയുടെയും മുഫ്തിമാരുടെയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെയും സൈനികരുടെയും അകമ്പടിയോടെ അമീർ ഹബീബുല്ല ഖാനും കൊലക്കളത്തിലേക്കിറങ്ങി.

കൊലക്കളത്തിൽ ഒരു കുഴിയുണ്ടാക്കപ്പെട്ടിരുന്നു. സയ്യിദ് സാഹിബിനെ ആ കുഴിയിൽ നിർത്തി അരയോളം മണ്ണിട്ട് മൂടി അമീർ അദ്ദേഹത്തിന്റെ സഹോദരനായ നസ്റുല്ലാ ഖാൻ, സൈന്യാധിപൻ അബ്ദുൽ അഹ്ദ് എന്നിവരും കുതിരപ്പുറത്തായിരുന്നു. അവസാന ശ്രമമെന്ന നിലയിൽ അമീർ ഒരിക്കൽകൂടി സാഹിബ് സാദാ സാഹിബിനെ സമീപിച്ചു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ തള്ളി പറയാൻ അഭ്യർത്ഥിച്ചു. അതിന്ന് തയ്യാറാണെങ്കിൽ ആ ഘട്ടത്തിലും മോചിതനാകാൻ കഴിയുമെന്ന് അമീർ കാതിൽ മന്ത്രിച്ചു. തന്നോട് തന്നെയും കുടുംബാംഗങ്ങളോടും കാരുണ്യം കാണിക്കണമെന്നും സയ്യിദ് സാഹിബിനോട് വിനയ പൂർവ്വം അപേക്ഷിച്ചു. ജീവൻ രക്ഷിക്കാൻ സത്യത്തെ ഉപേക്ഷിക്കാൻ തനിക്ക് സാദ്ധ്യമല്ലെന്ന് സയ്യദ് സാഹിബ് ആ അവസരത്തിലും അസന്നിഗ്ദമായ വാക്കുകളിൽ പ്രതിവചിച്ചപ്പോൾ ഖാസിമാരും ജൂറിമാറും ആർപ്പു കൂട്ടുകയും ഉടൻ കഥകഴിക്കേണ്ട കൊടിയ കാഫർ ആണ് കഥാപുരുഷനെന്ന് ഉച്ചത്തിൽ വിളിച്ച് പറയുകയും ചെയ്തു. ആദ്യത്തെ ശിലാ തുണ്ടം എറിയുവാൻ അമീർ പ്രധാന ഖാസിയോട് അഭ്യർത്ഥിച്ചു. അമീർ ആണ് അതിനർഹനെന്നും അദ്ദേഹമാണ് രാഷ്ട്രതലവനെന്നും ഖാസി ബോധിപ്പിച്ചു. നിയമത്തിന്റെ അധികാരി ഖാസിയാണെന്നും അതുകൊണ്ട് ഖാസി തന്നെയാണ് തുടക്കം കുറിക്കാൻ അവകാശപ്പെട്ടതെന്നും രാജാവ് വിനയപൂർവ്വം ഉണർത്തിച്ചു. അപ്പോൾ ഖാസി കുതിരപ്പുറത്ത് നിന്നിറങ്ങി. സാഹിബ് സാദായെ ലക്ഷ്യമാക്കി അയാൾ ഒരു കല്ലെടുത്തറിഞ്ഞു. അത് ലക്ഷ്യം തെറ്റാതെ ഊക്കിൽ സാഹിബ് സാദ സാഹിബിന്റെ നെറ്റിയിൽ പതിച്ചു. ആ ശിരോഭാഗം ചരിഞ്ഞു വീണു. തുടർന്ന് അമീർ ലാക്കുനോക്കി മറ്റൊരു ശിലാതുണ്ടം ചുഴറ്റിയെറിഞ്ഞു. അതോടെ നാനാ വശത്ത് നിന്നും കല്ലുവന്ന് വീഴുകയായിരുന്നു. ശിലാവർഷത്തെ തുടർന്ന അവിടം ഒരു വൻ കൽകൂമ്പാരം രൂപപ്പെട്ടു. അതിന്നുള്ളിൽ ഒരു മഹാഭക്തന്റെ തുടിച്ചുകൊണ്ടിരിക്കുന്ന ജീവൻ പിടച്ചു പിടച്ചു അന്ത്യശാസം വലിച്ചു. ‘ഇന്നാ ലില്ലാഹീ വ ഇന്നാ ഇലയ്ഹി റാജിഊൻ.’ 1903 ജൂലായ് 14-ാം തീയതിയായിരുന്നു കിടിലം കൊള്ളിക്കുന്ന ആ മഹാ സംഭവം നടന്നത്.

ഹ്ദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഈ കടുംകൊലയെ ഏറ്റവും ഹൃദയ സ്പൃക്കായ രീതിയിൽ തന്റെ തദ്ക്കിറത്തുശ്ശഹാദത്തൈൻ എന്ന കൃതിയിൽ വിവരിക്കുകയുണ്ടയി. ആ മഹാ പുരുഷൻ ഇപ്രകാരം എഴുതി

ശഹ്സാദാ അബ്ദുല്ലത്തീഫ് വധിക്കപ്പെട്ട രക്തസാക്ഷിത്വം അങ്ങനെ സംഭവിച്ചു കഴിഞ്ഞു. ഈ ദ്രോഹിക്കുള്ള പ്രതിക്രിയ ബാക്കിയായിരിക്കുന്നു. തന്റെ രക്ഷിതാവിന്റെ മുമ്പിൽ കുറ്റവാളിയായി ഹാജരാക്കുന്നവന്ന് നിശ്ചയമായും നരകം ആകുന്നു. അവൻ അതിൽ മരണ മടയുകയോ ജീവിക്കുകയോ ഇല്ല. (20: 27) എന്ന് വിശുദ്ധ ഖുർആൻ പറയുന്നു. കഷ്ടം ഈ അമീർ ഒരു സത്യവിശ്വാസിയെ കരുതി കൂട്ടികൊലചെയ്യപ്പെട്ടവൻ എന്ന് പറയപ്പെട്ടതിൽ (വിശുദ്ധ ഖുർആൻ 4:94) ഉൾപെട്ടു കഴിഞ്ഞിരുന്നു. അണു അളവ് അയാൾ അല്ലാഹുവിനെ പേടിച്ചില്ല. ആ സത്യവിശ്വാസിയാകട്ടെ അഫ്ഘാനിസ്ഥാനിൽ അങ്ങോളമിങ്ങോളം തെരഞ്ഞാലും ഒരു സദൃശനെ കാണാൻ കഴിയാത്ത വിധം അത്യുന്നതനായ സത്യവിശ്വാസിയും. ഭാര്യാമക്കളെ കൂടി ഗണ്യമാക്കാതെ സത്യത്തിന്ന് വേണ്ടി

ജീവൻപോലും ഹൃദയ പൂർവ്വം ബലികഴിക്കാൻ തയ്യാറാവുന്നതിൽ പ്പെട്ട ഇത്തരക്കാർ സമുദായത്തിന്റെ സ്വത്ത് ആയി ഗണിക്കപ്പെടേണ്ടവർ ആകുന്നു. (തദ്കിറത്തുശ്ശഹാദത്തൈൻ)

വീണ്ടും പ്രസ്തുത കൃതിയിൽ പറയുന്നു. 'ഈ കൊല വലിയതായ കരുണയില്ലായ്മയോടെയാണ് നടത്തപ്പെട്ടത് ആകാശത്തിന്ന് കീഴിൽ ഇക്കാലത്ത് ഇത്തരം ഒരു കൊലക്ക് തുല്യമായ മറ്റൊരു സംഭവം കണ്ടെത്താനാവില്ല. ഹാ, കഷ്ടം! അവിവേകിയായ ഈ അമീർ എന്താണ് കാട്ടികൂട്ടിയത്! ഒരു പരമ നിരാപരാധിയെ അസാധാരാണ നിർദ്ദയത്ത്വത്തോടെ കൊന്നുകൊണ്ട് അയാൾ സ്വയം നാശത്തിന്ന് ഇരയായി തീർന്നിരിക്കുന്നു. ഓ. കാബൂൾ ഭൂവേ നീ സാക്ഷി നിൽക്കുക! നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടും പാതകം നടത്തപ്പെട്ടത്. ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ, ദൈവദൃഷ്ടിയിൽ നീ തരംതാണുപോയിരിക്കുന്നു. ഈ മഹാ പാതകത്തിന്റെ ക്രിയാവേദി നിന്റെ നിലമാണല്ലോ' (റൂ. ഖസായിൻ ജിൽദ് 20 ഭാ. 74)

സാഹിബ് സാദാ അബ്ദുല്ലത്തീഫ് (റ) ഭാര്യയെയും അഞ്ചു മക്കളെയും പിന്നിട്ട് കൊണ്ടാണ് ഇഹലോക വാസം വെടിഞ്ഞത്. അഫ്ഘാൻ ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം 25 കൊല്ലകാലം അവർ കൊടും മർദ്ദനങ്ങൾക്കും ദുരിതങ്ങൾക്കും ഇരയാക്കപ്പെട്ടു. എന്നാൽ, അവരെല്ലാം തന്നെ സത്യവിശ്വാസത്തിൽ അണുവോളം വ്യതിചലിക്കാതെ ഉറച്ചു നിന്നു. രണ്ടു പുത്രന്മാർ ജയിലിൽ വെച്ച് പനി പിടിച്ചു മരിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ ഭാര്യയും മൂന്നു പുത്രിമാരും ഒരു സഹോദരിയും ഏതാനും പേരക്കുട്ടികളും അഫ്ഘാനിസ്ഥാനിൽ നിന്നും നീങ്ങി ബ്രിട്ടീഷ് സംരക്ഷിത പ്രദേശമായ ബന്നുവിൽ താമസമുറപ്പിച്ചു. അവർക്ക് അവിടെ സ്വത്തുക്കളുമുണ്ടായിരുന്നു.

## ശക്തിമത്തായ പ്രവചനം

അഫ്ഘാനിസ്ഥാനിലെ രാജാവന്റെ കലപ്പന പ്രകാരം ഖാൻ മുല്ലാ ഖാനും എട്ട് മുല്ലമാരും അടങ്ങുന്ന ഉലമാ സംഘവുമായി ഹദ്റത്ത് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ് നടത്തിയ വാദപ്രതിവാദത്തിലെ മുഖ്യവിഷയം ഈസാ നബി(അ)യുടെ മരണവും രണ്ടാം വരവും ആയിരുന്നു. എഴുത്തു മുഖേന ആയിരുന്നു വാദപ്രതിവാദം. അതുകൊണ്ട് ഉലമാ സംഘത്തിലെ ഉന്നതന്മാർക്കല്ലാതെ മറ്റാർക്കും അതിനെക്കുറിച്ച് അറിയാൻ കഴിഞ്ഞിരുന്നില്ല. ഈസാ നബി (അ) മരിച്ചു പോയെന്നും അതിനാൽ തിരിച്ചുവരില്ല എന്നും ഉദ്ഘോഷിച്ചത് കാരണമാണ് മുഫ്ത്തിമാർ അദ്ദേഹത്തെ മുർത്തദായി വിധിക്കുകയും എറിഞ്ഞു കൊല്ലാൻ കൽപ്പിക്കുകയും ചെയ്തത്. തന്നിമിത്തം ഈ സംഭവം വിവരിച്ചു കൊണ്ട് തദ്കിറത്തുശ്ശ്ഹാദത്തൈൻ എന്ന ഗ്രന്ഥം രചിക്കുകയും ഈസാ നബി (അ) ഒരിക്കലും തിരിച്ചു വരികയില്ലെന്ന വിശ്വാസം മൂന്നു നൂറ്റാണ്ടുകൾക്കുള്ളിൽ ക്രിസ്ത്യാനികളും മുസ്ലിംകളും പറ്റെ കയ്യൊഴിയുമെന്നും തന്റെ പ്രസ്ഥാനം വിജയശ്രീലാളിതമാവുമെന്നും ലോകം മുഴുവൻ കീഴടക്കുമെന്നും ആ ഗ്രന്ഥത്തിൽ ശക്തിമത്തായ ഭാഷയിൽ പ്രവചനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ പ്രവചനം ഇപ്രകാരമായിരുന്നു:

പ്രിയ ജനങ്ങളെ ഞാനിപ്പറയുന്നത് ആകാശഭൂമികളുടെ കർത്താവായ അല്ലാഹുവിന്റെ പക്കൽനിന്നുള്ള ഒരു പ്രവചനമാണെന്ന് ധരിച്ചുകൊള്ളുവീൻ!. ആ സർവ്വൈകനാഥൻ എന്റെ അനുചര സംഘത്തെ എല്ലാ രാജ്യങ്ങളിലും വ്യാപിപ്പിക്കുമാറാകുകയും അവരെ യുക്തി വാദങ്ങളും ന്യായവാദങ്ങളും മുഖേന മറ്റെല്ലാവരുടെയും മേൽ വിജയിപ്പിക്കുകയും ചെയ്യുന്നതാണ് ഞാൻ പ്രബോധിക്കുന്ന ഈ വിശ്വാസ തത്വങ്ങൾ മാത്രം ഭൂമുഖത്ത് ആദരപൂർവ്വം ആചരിക്കപ്പെടുന്ന ആ കാലം ഇതാ വരുന്നു. അല്ല ആ കാലം അത്യാസന്നമായിരിക്കുന്നു. ദൈവം ഈ വിശ്വാസത്തെയും ഈ പ്രസ്ഥാനത്തെയും അത്ഭുതകരമായ വിധത്തിൽ അനുഗ്രഹീതമാക്കുകയും ഇതിനെ നശിപ്പിക്കാൻ ആലോചിക്കുന്നവരുടെ ഉദ്ദേശം വിഫലമാക്കിതീർക്കുകയും ചെയ്യും. ഇതിന്ന് ലഭ്യമാകുന്ന വിജയം ശാശ്വതമായിരിക്കുന്നതും ഇതിന്ന് സിദ്ധിക്കുന്ന മേന്മ ലോകവസാനം വരെ നിലനിൽക്കുന്നതുമായിരിക്കും. ഇപ്പോൾ ഞാൻ പരിഹസിക്കപ്പെടുന്നുവെങ്കിൽ അത്കൊണ്ട് യാതൊരു തരക്കേടുമില്ല. എന്തെന്നാൽ പരിഹാസത്തിന്ന് ലക്ഷ്യമാകാതിരുന്ന ഒരു പ്രവാചകനുമുണ്ടായിട്ടല്ല തന്നെ. ആകയാൽ വാഗ്ദത്ത മസീഹും പരിഹസിക്കപ്പെടേണ്ടത് ആവശ്യമാണ്. 'മനുഷ്യർക്ക് അഹോ കഷ്ടം അവർ പരിഹസിക്കാത്ത ഒരു പ്രവാചകനും അവരുടെ അടുക്കൽ വരുന്നില്ല' എന്ന് ഖുർആൻ പറഞ്ഞുവല്ലോ. എല്ലാ ഒരോ പ്രവാചകനും പരിഹാസത്തിന്നും ആക്ഷേപത്തിന്നും ലക്ഷീഭവിക്കുമെന്നത് ദൈവികമായ അടയാളമാകുന്നു. എന്നാൽ എല്ലാ ഇറങ്ങിവരുന്ന ഒരാളെ ആരെങ്കിലും പരിഹസിക്കാൻ മുതിരുമോ? ഇല്ല ഒരിക്കലുമില്ല. ആകയാൽ വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്ന് അവതരിക്കുമെന്നത് ഒരു മിഥ്യ വിചാരമാണെന്ന് പ്രസ്തുത പ്രമാണത്തിൽ നിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്.

ആകാശത്ത് നിന്ന് ആരും ഒരിക്കലും ഇറങ്ങിവരികയില്ലെന്ന് നിങ്ങൾ നല്ല വണ്ണം ഓർത്തുകൊള്ളുവീൻ! ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ വിരോധികളിൽ എല്ലാവരും തങ്ങളിൽ ആരും ഈസബ്നു മറിയം ഇറങ്ങിവരുന്നത് കാണാതെ തന്നെ മരിച്ചൊടുങ്ങും പിന്നെ ശേഷിക്കുന്നവരുടെ സന്തതികൾക്കും ഈസബ്നു മറിയം ആകാശത്ത് നിന്നും ഇറങ്ങുന്നത് കാണാതെ തന്നെ മരണമടയുന്ന

ശേഷം പേജ് 38 ൽ

# വിപ്ലവത്തിന്റെ അർത്ഥം

നാനാവിധത്തിലുള്ള അർത്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന വിപ്ലവം എന്ന പദത്തിന്റെ ആശയത്തെപറ്റി ലേഖകൻ വിവരിക്കുന്നു.

കെ.സി. മഖ്ബൂൽ അഹ്മദ്, കോഴിക്കോട്

സാമൂഹ്യ ശാസ്ത്രത്തിൽ ഒരു വിഷയം ചർചകെടുക്കുന്നതിന്ന് മുമ്പായി അതിന്റെ അർത്ഥം നിർണ്ണയിക്കണം. സാങ്കേതിക പദങ്ങൾ നിഘണ്ടു നോക്കിയല്ല അർത്ഥം പറയുകയോ നിർവ്വചിക്കുകയോ ചെയ്യാറ്. നിഘണ്ടുവിൽ വിപ്ലവം എന്ന പദത്തിന്റെ വ്യവഹാരികാർത്ഥത്തിൽ നിന്നും ഭിന്നമായ അർത്ഥമാണ് പലപ്പോഴും ലഭിക്കുക. വിപ്ലവം എന്ന പദത്തിന്ന് പൊങ്ങി(പ്ലവം)നിൽക്കുന്നത്, ഉപദ്രവം, കലഹം എന്നെല്ലാമുള്ള അർത്ഥം കൂടി നിഘണ്ടുവിൽ രേഖപ്പെടുത്തിയതായി കാണാം. സാമൂഹിക ശാസ്ത്രങ്ങളും പ്രത്യയ ശാസ്ത്രങ്ങളുമാണ് ഇത്തരം സാമൂഹിക സംജ്ഞകൾക്ക് അർത്ഥം നൽകുന്നത്. അങ്ങിനെ വരുമ്പോൾ നിർവചിക്കാൻ വിഷമമേറിയ പദങ്ങളിലൊന്നാണ് വിപ്ലവം. എന്തെല്ലാം സംഭവങ്ങളാണ് വിപ്ലവത്തിന്ന് അടിസ്ഥാനം എന്നതിനെക്കുറിച്ചുള്ള അഭിപ്രായ ഭിന്നതയാണ് ഈ ബുദ്ധിമുട്ടിന്ന് പ്രധാന കാരണം. വിപ്ലവം എന്ന വാക്കുകൊണ്ട് സാധാരണ ഭൗതിക രാഷ്ട്ര വ്യവസ്ഥയിൽ അർത്ഥമാക്കുന്നത്, സമൂഹത്തിനകത്ത് ഉണ്ടാകുന്ന ദ്രുതഗതിയിലുമുള്ളതും പ്രക്ഷുബ്ധവുമായ സമൂല പരിവർത്തനമാണ്. എന്നാൽ സമൂലമായ പ്രവർത്തനങ്ങൾ സൃഷ്ടിക്കാതെ ചില മണ്ടലങ്ങളിൽ മാത്രം സ്‌പോടനാത്മകമായ മാറ്റങ്ങൾ ഉണ്ടാകുന്ന സംഭവങ്ങളെയും വിപ്ലവമെന്ന് ഉൽഘോഷിക്കാറുണ്ട്.

ഇന്ന് ലോകത്തിൽ പ്രാബല്യം സിദ്ധിച്ചിട്ടുള്ള പല പ്രത്യയശാസ്ത്രങ്ങളും ലക്ഷ്യപ്രാപ്തിക്കായി സായുധ വിപ്ലവങ്ങളാണ് അഭികാമ്യമെന്ന് പറയുന്നവരാണ്. അതേ സമയം തന്നെ അവർക്കെതിരായി നിലകൊള്ളുന്ന പ്രസ്ഥാനങ്ങളെയും പരിവർത്തനങ്ങളെയും പ്രതിവിപ്ലവം എന്നും ഇക്കുട്ടർ മുദ്രകുത്താറുണ്ട്. നാനാവിധത്തിലുള്ള അർത്ഥത്തിലും ഈ പദം പ്രയോഗിക്കുന്നത് മൂലമാണ് വിപ്ലവമെന്ന പദത്തിന്റെ നിർവ്വചനം ദുഷ്ക്കരമാകുന്നത്. സംഭവങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തി അവയുടെ വിപ്ലവ സ്വഭാവം തിട്ടപ്പെടുത്തുന്നതും അവയെക്കുറിച്ച് താരതമ്യം നടത്തുന്നതിന്നും വിപ്ലവമെന്ന പദത്തിന്റെ അർത്ഥവും വ്യാപ്തിയും നിർണ്ണയിക്കേണ്ടത് ആവശ്യമാണ്.

രാഷ്ട്രീയത്തിലും മതരംഗത്തും വൈജ്ഞാനിക രംഗത്തുമെല്ലാം വിപ്ലവങ്ങൾ സംഭവിക്കാറുണ്ട്. വിപ്ലവങ്ങളുടെ വിവിധ വശങ്ങൾ വിശകലനം ചെയ്യുവാനുതകുന്ന ഒരു മാനദണ്ഠം ഇതിനെല്ലാം ആവശ്യമാണ്. വിപ്ലവകരമെന്ന് പൊതുവേ ചില സംഭവ പരമ്പരകളുടെ പശ്ചാത്തലത്തിൽ ഉണ്ടാവുന്ന എല്ലാ പരിവർത്തനങ്ങളേയും വിശകലനം ചെയ്യാൻ പര്യാപ്തമായ ഒരു മാനദണ്ഠം കണ്ടെത്തുകയാണ് ഇവിടെ ലക്ഷ്യമാക്കുന്നത്.

ബലപ്രയോഗം മൂലം രാഷ്ട്രത്തിന്റെ അധികാര കുത്തകയെ ഫലപ്രദമായി വെല്ലുവിളിക്കുമ്പോൾ ഒരു വിപ്ലവം പൊട്ടിപ്പുറപ്പെടുകയും അധികാരം പുനസ്ഥാപിക്കുന്നത് വരെ ആ പ്രക്ഷുബ്ധാവസ്ഥ നിലനിൽക്കുകയും ചെയ്യും. വിപ്ലവകാരികൾക്ക് നിലവിലുള്ള നിയമങ്ങളും കീഴ്‌വഴക്കങ്ങളും സ്വീകാര്യമല്ല. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ലക്ഷ്യത്തിലെത്താനാകില്ലെന്ന വിശ്വാസം ഈ ഉദ്യമത്തിന്റെ ആണിക്കല്ലാണ്. പുതിയ വ്യവസ്ഥിതിയുടെ സ്ഥാപനം തന്നെ അക്രമത്തിലധിഷ്ടിതമായിരിക്കും. എന്നാൽ ബലപ്രയോഗം സാധാരണ വിപ്ലവത്തിന്റെ ഭാഗമാണെങ്കിലും അതുകൊണ്ടു മാത്രം ഒരു സംഭവം വിപ്ലവമാകണമെന്നില്ല. നേരെ മറിച്ച് വിപ്ലവമായത് കൊണ്ട് അതിൽ ബലപ്രയോഗമുണ്ടെന്ന് കരുതുന്നതാണ് ശരി.

വിപ്ലവത്തിന്റെ സർവ്വസാധാരണമായ ഒരു കാരണം, സമൂഹത്തിലെ ഒരു വിഭാഗം ആളുകൾക്ക് ന്യായമായി അനുവദിച്ചു കിട്ടേണ്ടതെന്ന് അവർ വിശ്വസിക്കുന്ന അവകാശങ്ങൾ പ്രത്യേകിച്ച് രാഷ്ട്രീയാവകാശങ്ങൾ അനുവദിച്ച് കിട്ടാത്തതാണ്. സാമൂഹ്യവും സാമ്പത്തികവുമായ സമൂല പരിവ

ർത്തനങ്ങൾ അത്തരം അധികാരങ്ങളും അവകാശങ്ങളും പുനർവിഭചനം ചെയ്യപ്പെടുമെന്ന് വിപ്ലവകാരികൾ കരുതുന്നു. ഈ അവകാശങ്ങളും അധികാരങ്ങളും പരമ്പരാഗതമായി അനുഭവിച്ചുവരുന്ന വിഭാഗം ഇതിന്ന് തയ്യാറല്ല തന്മൂലം അവഗണന അനുഭവിക്കുന്ന ജനക്കൂട്ടം അക്രമാസക്തമായ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നിർബന്ധിതമാവും.

ഒരു വിപ്ലവം ഉണ്ടാകുന്നത് തന്നെ ദീർഘകാലത്തെ അസ്വാസ്ഥ്യങ്ങളുടെയും അസംതൃപ്തിയുടെയും ഫലമായിട്ടായിരിക്കും. സമൂഹത്തിലെ അസംതൃപ്തി കാലാകാലങ്ങളിലായി പ്രത്യക്ഷപെട്ടുകൊണ്ടിരിക്കും വർദ്ധിച്ച തോതിലുള്ള നിയമരാഹിത്യം, സംഘടിതമായ പ്രതിഷേധ ശബ്ദങ്ങൾ, അട്ടിമറി സംഘട്ടനങ്ങൾ ഭീകര പ്രവർത്തനങ്ങൾ തുടങ്ങിയ പല രൂപങ്ങളിലും നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയിൽ ജനങ്ങൾക്കുള്ള രോഷം പ്രകടമായിക്കൊണ്ടിരിക്കും. വിപ്ലവത്തിന്ന് മുമ്പേ ലോകം പൊതുവേ ശാന്തമാണെന്ന് തോന്നിയാലും കൂടുതൽ സൂക്ഷ്മമായി പരിശോധിച്ചാൽ അസംതൃപ്തിയുടെ അഗ്നിപർവ്വതം അതിനടിയിൽ ജ്വലിക്കുന്നതായിക്കാണാം.

അസംതൃപ്തി വർദ്ധിച്ച് വരും തോറും രാജ്യത്തിൽ ജനങ്ങൾ രണ്ടു ചേരിയായി തിരിയുന്നു. ഒന്ന് പഴയ വ്യവസ്ഥിതിയെ അനുകൂലിക്കുന്നവരും മറ്റേത് അതിനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നവരുമാണ്. നിലവിലുള്ള ഭരണത്തെ നിഷ്കാസനം ചെയ്ത ശേഷം വരുന്ന ഭരണം വിപ്ലവത്തിന്റെ ശത്രുക്കളെ പൂർണ്ണമായും അടിച്ചമർത്താൻ അവർക്ക് സാധിച്ചെന്ന് വരില്ല. സ്വാതന്ത്ര്യത്തിന്റെ പേരിലാണല്ലോ വിപ്ലവങ്ങളുണ്ടാവുക. അങ്ങിനെ നിലവിൽ വരുന്ന ഭരണകൂടങ്ങൾ വിയോജിപ്പുകളെ ഒരിക്കലും പൊറുപ്പിക്കുകയോ അവർക്ക് സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയോ ചെയ്യാറില്ല.

സാധരണ ഒരു മിന്നലാക്രമണം മൂലമാണ് തീവ്രവാദികൾ ഭരണം പിടിച്ചെടുക്കുക. തീവ്രവാദികളെ അമർച്ച ചെയ്യാൻ ഭരണകൂടത്തിന്നുള്ള ശങ്ക, നിർവ്വഹണത്തിന്നുള്ള അപ്രാപ്ത, പുറമെ നിന്നുള്ള അക്രമ ഭീഷണി ജനങ്ങളിൽ ഒരു വിഭാഗത്തിന്ന് അവരോടുള്ള മതിപ്പ് ഇവയെല്ലാം ചൂഷണം ചെയ്യാനും ഫലപ്രദമായി ഉപയോഗിക്കാനും അറിയുന്നവരാണ് തീവ്രവാദികളായ വിപ്ലവകാരികൾ. അവരുടെ സംഘട്ടനങ്ങൾ നാടിന്റെ നാനാഭാഗത്തുനിന്നുമുയർന്ന് വന്ന് നിലവിലുള്ള ഭരണകൂടത്തിന്നും സമാധന പ്രിയരായ ജനങ്ങൾക്കും ഒരു ശല്യമായിതീരും. തീവ്രവാദികളായ വിപ്ലവകാരികളുടേ ഒരു പ്രത്യേകത, സമൂഹത്തിൽ അവരുടെ സംഖ്യ വളരെ കുറഞ്ഞതാണെന്നാണ്. ക്രോംവെല്ലിന്റെ ന്യൂ മോഡൽ പട്ടാളത്തിൽ 20000ന്നും 400000 ത്തിന്നും മധ്യേ എണ്ണം പട്ടാളമായിരുന്നു ഉണ്ടായിരുന്നത്. ഫ്രഞ്ച് വിപ്ലവത്തിലെ തീവ്രവാദികളായ ജെക്കോബിനുകൾ ജനസംഖ്യയുടെ രണ്ട് ശതമാനമാണ് ഉണ്ടായിരിന്നുള്ളൂ. ബോൾഷെവിക്കുകളാവട്ടെ ഒരു ശതമാനം പോലുമില്ലായിരുന്നു. തീവ്രവാദി ഭരണത്തിന്റെ ആദ്യകാലത്തെ അവസ്ഥാവിശേഷം അതിന്റെ പരിപാടിയുടെ ഭീകരതയാണ്. തങ്ങൾക്കെതിരായിട്ടുള്ളവരെയെല്ലാം നശിപ്പിക്കുകയാണ് അവരുടെ ആദ്യത്തെ കർമ്മ പരിപാടി. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയേയും സമ്പ്രദായങ്ങളേയും അടിച്ചുതകർക്കുകയോ ഉടച്ചുവാർക്കുകയോ ആണ് അവരുടെ ലക്ഷ്യം. ഇതിന്ന് തടസ്സമായി നിൽക്കുന്നവരായി കരുതപ്പെടുന്നവരാണ് ഭീകരപ്രവർത്തനങ്ങൾക്കിരയാവുന്നത്. വിപ്ലവത്തിന്റെ ആരംഭം മുതൽ നിലവിൽ വന്നിട്ടുള്ള ബലപ്രയോഗത്തിന്റെ ആത്യന്തിക സത്തയാണ് ഈ അവസരത്തിൽ ദർശിക്കുന്നത്.

ഏറ്റവും ദരിദ്രവും വിദ്യാവിഹീനരുമായവർ നേതാക്കന്മാരുടെ അണികളിൽ തുലോം വിരളമണ്. സാമ്പത്തിക പരാധീനതകളാണ് വിപ്ലവത്തിന്ന് പിന്നിലെന്ന പൊതുധാരണക്കെതിരാണിത്. സ്ട്രോസ്കി അഭിപ്രായപെട്ടിരിക്കുന്നത് പോലെ, 'സാമ്പത്തിക പരാധീനത കൊണ്ട് മാത്രം വിപ്ലവമുകുകയില്ല. എങ്കിൽ പൊതുജനം എപ്പോഴും വിപ്ലവത്തിൽ ആയിരിക്കുമായിരുന്നു. നിലവിലുള്ള വ്യവസ്ഥിതിയിൽ പൊതുവേയുള്ള നിരാശയും അസംതൃപതിയും അത് നീതികരിക്കാൻ വയ്യാത്തതാണെന്ന വിശ്വാസവും, ഭാവനാപരമായ ആഗ്രഹങ്ങളും സാമ്പത്തിക കാരണത്തെക്കാൾ ഒരു വിപ്ലവകാരിയെ സൃഷ്ടിക്കാൻ പര്യാപ്തമായ കാരണങ്ങളാണ്.'

വിപ്ലവത്തിന്റെ ലക്ഷ്യത്തെയും ലക്ഷ്യം നേടാനുപയോഗിക്കുന്ന മാർഗത്തെക്കുറിച്ചും വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങളിൽ വ്യത്യാസങ്ങളുണ്ടാകും. പരിമിതമായ ലക്ഷ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന വിപ്ലവം സമൂഹത്തെ മുഴുവൻ മാറ്റിമറിക്കണമെന്നുദ്ദേശിച്ചു തുടങ്ങുന്ന വിപ്ലവത്തിൽ നിന്നും വിഭിന്നമായിരിക്കും. അതുപോലെ നിലവിലിരിക്കുന്ന ഭരണത്തെ അതിശീഘ്രം തകിടം മറിച്ച്, ലക്ഷ്യപ്രാപ്തിക്ക് ശ്രമിക്കുന്ന വിപ്ലവം, സാവകാശം ജനഹൃദയങ്ങളിൽ തുടങ്ങി അവസാനം ജനനായകരിൽ എത്തുന്ന വിപ്ലവത്തിൽ നിന്നും വ്യത്യസ്തമായിരിക്കും. വിപ്ലവത്തിന്റെ കാതലായ ഭാഗം ജനഹൃദയത്തിലുണ്ടാകുന്ന വികാരങ്ങളാണ്. തങ്ങളുടേ അവകാശങ്ങൾ കടമകൾ, ധാർമിക മൂല്യങ്ങൾ ഇവയെകുറിച്ച് ജനങ്ങൾക്കുണ്ടാകുന്ന പുതിയ കാഴ്ചപ്പാടും ചിന്താഗതിയുമാണ് വിപ്ലവത്തിന്റെ പ്രചോദനവും അടിസ്ഥാനവും. സമ്പൂർണ്ണ പരിഷ്ക്കരണത്തെ മുൻനിർത്തിയുള്ള പല വിപ്ലവങ്ങളിലും ജനങ്ങളുടെ രാഷ്ട്രീയവും വ്യക്തിപരവുമായ പല സ്വാതന്ത്ര്യങ്ങളും ഹനിക്കുന്നതാണ്. ഈ കാരണം കൊണ്ടുതന്നെ വിപ്ലവാന

ന്തര സമൂഹ വ്യവസ്ഥിതി ചില മാനദണ്ഠങ്ങളിൽ മുമ്പ് ഉണ്ടായിരുന്നതിലും കൂടുതൽ അസമത്വാധിഷ്ഠിതമാണ് വിപ്ലവം. ഒരു വിധത്തിലുള്ള സ്വേഛാധിപത്യത്തിന്നു പകരം വേറൊരു വിധത്തിലുള്ള സ്വേഛാധിപത്യം സ്ഥാപിക്കുന്നു. അങ്ങനെ വരുന്നപക്ഷം മനുഷ്യ സ്വാതന്ത്ര്യത്തെ സംബന്ധിച്ചേടത്തോളം വിപ്ലവം പുരോഗമന പരമായ ഒരു ആശയമാണെന്ന് പറയാൻ സാധ്യമല്ല. അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മീർസ ത്വാഹിർ അഹ്മദ് (റഹ്) പറഞ്ഞത് പോലെ **"സാതന്ത്ര്യം ജീവതത്തിന്റെ ഏറ്റവും വിലയേറിയ കനിയാണ്, മനുഷ്യൻ അവനിൽ രൂഢമൂലമായ സ്വാതന്ത്രത്തിന്റെ സാരസംഗ്രഹമാണ്. അവന്റെ ഓരോ ഊടും പാവും നെയ്തെടുത്തത് സ്വാതന്ത്ര്യത്തിന്റെ നാരുകൊണ്ടാണ്. എങ്കിലും അത്ഭുതകരമെന്ന് പറയട്ടെ, അന്തിമ വിശകലനത്തിൽ എല്ലാ മനുഷ്യ നിർമ്മിത സ്ഥാപനങ്ങളും മനുഷ്യ സ്വാതന്ത്ര്യത്തിനെതിരായ് നിലകൊള്ളുന്നുവെന്ന് നാം കാണുന്നു.'**

ഭൗതിക വിപ്ലവങ്ങൾ അതിന്റെ പ്രഖ്യാപിത ലക്ഷ്യം നേടിക്കഴിഞ്ഞാൽ വിപ്ലവമവസാനിച്ചു എന്ന് കരുതാമോ? അങ്ങിനെയാണെങ്കിൽ ഒരു വിപ്ലവത്തിന്റെയും പ്രഖ്യാപിത ലക്ഷ്യങ്ങൾ ഇതുവരേയും നേടാൻ സാധിച്ചിട്ടില്ല. മതങ്ങളെ സമൂഹത്തിൽ നിന്നും നിർമാർജനം ചെയ്യാനുള്ള ജോക്കോബിനുകളുടേയും ബോൾഷേവിക്കുകളുടേയും പരിശ്രമം ദൃഷ്ടാന്തമാണ്. അത് ഇത്വരേയും നേടാൻ സാധ്യമായിട്ടില്ലല്ലോ. അമേരിക്കൻ വിപ്ലവത്തിൽ ഉയർത്തിപിടിച്ച പൂർണ്ണ സമത്വം ഇന്നും സാക്ഷാൽക്കരിക്കപെട്ടിട്ടില്ല. എങ്ങനെയാണ് വിപ്ലവം അവസാനിക്കുക ഇതിന്ന് കൃത്യമായ ഉത്തരം നൽകുവാൻ ഭൗതിക വിപ്ലവകാരികൾക്ക് സാധ്യമല്ല. അതിന്ന് ഹൃദയത്തിന്റെ രഹസ്യങ്ങൾ അറിയണം. മനുഷ്യ ഹൃദയങ്ങളിൽ ചിരസ്ഥായിയായതും ശാശ്വത പ്രതിഷ്ഠയുണ്ടാക്കുന്നതുമായ മാറ്റങ്ങളാണ് വാസ്തവത്തിൽ യഥാർത്ഥമായ വിപ്ലവം.

സാമൂഹ്യ സ്ഥാപനങ്ങളും, വിശ്വാസങ്ങളും വ്യവസ്ഥകളും മാറണമെന്ന് ആഗ്രഹിക്കുന്നവർ വന്നുഭവിച്ച അത്തരം മാറ്റങ്ങൾ പുനരവലോകനം ചെയ്യുവാനും മാറ്റങ്ങൾ ഏത് വിധത്തിലാണ് ഉണ്ടാവേണ്ടത് എന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ കണ്ടെത്താനും സന്നദ്ധമാവേണ്ടതാണ്. സന്നദ്ധത ഒരു വിഭാഗം ജനളിലുണ്ടാവുക, അവയുമായി പൊരുത്തപ്പെട്ടുപോകാൻ ഇതര വിഭാഗങ്ങളിൽ മാനസാന്തരം വരുത്തുക. ഇതാണ് യഥാർത്ഥ വിപ്ലവത്തിന്റെ പൂർണതയിലേക്കുള്ള വഴി.

സായുധ വിപ്ലവങ്ങളും തീവ്രവാദവും, ഭീകര പ്രവർത്തനവും യഥാർത്ഥപരിവർത്തനം കൊണ്ട് വരില്ല എന്ന് ചരിത്രത്തെ അവലോകനം ചെയ്യുന്ന നിഷ്പക്ഷമതികൾ ഇതിനകം മനസ്സിലാക്കിയിട്ടുണ്ടാകണം. ശാന്തവും നീതിയിലധിഷ്ഠിതവുമായ മാർഗ്ഗമാണ് സ്ഥിരതയുള്ളതും ശാശ്വതവുമായ പരിവർത്തനങ്ങൾ കൊണ്ടുവരുകയുള്ളൂ. അത് ഹൃദയ പരിവർത്തനത്തിലൂടെ ലോകം കീഴടക്കലാണ്. മതം കാംക്ഷിക്കുന്ന ആത്മീയ വിപ്ലവങ്ങളുടേ ലക്ഷ്യം അതാണ്. യഥാർത്ഥ മാനവീയ വിപ്ലവവുമതാണ്. പല മഹാന്മാരുടെടേയും മാർഗ്ഗമതായിരുന്നു. അവർ മർദ്ദിതരായിരുന്നു. ഒരിക്കലും മർദ്ദകരായിരുന്നില്ല. ആത്മീയവും ധാർമികവുമായ ശക്തികൊണ്ടാണ് ജനതകളുടെ ഹൃദയങ്ങളെ അവർ കീഴടക്കിയത്. അത് ഒരിക്കലും ഭൗതിക ശക്തിയുടെ ബലത്തിലായിരുന്നില്ല,

ഹ്ദറത്ത് മീർസാ ഗുലാം അഹ്മദ് (അ)പറയുന്നു. ***"എന്റെ സൈന്യത്തിൽ ചേർന്നവർ ആരോ അവർ അക്രമണ ചിന്താഗതിയുടെ സ്ഥാനത്ത് നിന്ന് പുറകോട്ട് മാറിനിൽക്കട്ടെ. ഹൃദയങ്ങളെ ശുദ്ധമാക്കുകയും തങ്ങളുടെ മനുഷ്യസ്നേഹപരമായ കാരുണ്യത്തെ ശക്തിപ്പെടുത്തുകയും വേദനിക്കുന്നവരോട് സഹതാപം കാണിക്കുകയും ഭൂമിയിൽ സമാധാനം പരത്തുകയും ചെയ്യട്ടെ."***

വിപ്ലവത്തെ സ്നേഹിക്കുന്നവർ ഒരുകാര്യം മനസ്സിലാക്കണം, കേവലമായ അറിവിന്റേയും അതിൽ നിന്ന് നിഗമനം ചെയ്ത് എത്തിച്ചേരുന്ന അനുമാനത്തിന്റേയും മദ്ധ്യത്തിൽ നിലകൊള്ളുന്ന അഗാതമായ വിടവ് യുക്തിയുക്തമായ രീതിയിൽ അനുഭവയാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ വിളക്കിചേർക്കുന്നത് വരെ കേവലമായ അറിവിന്ന് മീതെ പടുത്തുയർത്തുന്ന അനുമാനത്തിന്ന് പ്രാമാണികത കൽപ്പിക്കരുത്. താത്വികമായ നിഗമനങ്ങൾ നടത്തുവാൻ സാഹസപ്പെടുന്ന വിപ്ലവകാരികൾ സ്വന്തം കണ്ടെത്തലുകൾ കൊണ്ട് തന്നെ മൗലികമായ അഭ്യൂഹങ്ങളെ നിരാകരിക്കുവാനുള്ള എല്ലാ സാധ്യതകളും ഉണ്ടെന്നുള്ള ബോദ്ധ്യത്തോട് കൂടിവേണം അതിനായൊരുമ്പെടുന്നത്. പ്രക്ഷുബ്ധമായ വിപ്ലവം രക്തം ചിന്തിയാണ് മുന്നേറുക അവസാനം അതിൽ നിന്നും ഒന്നും ലഭിക്കുന്നില്ല എന്ന് വന്നാൽ അത് അപരിഹാര്യമായ ഒരു നഷ്ടമായിരിക്കും. ധാർമിക മൂല്യമുള്ള സുസ്ഥിരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുവാൻ ഒരു മഹാൻ വിളിക്കുമ്പോൾ നാം മുഖം തിരിച്ചുകളയരുതെന്ന് പറയുന്നത് അത് കൊണ്ടാണ്.

തിരുനബി(സ) ഇപ്രകാരം അരുൾ ചെയ്തു: ***"ഏറ്റവും നല്ല ഭരണാധികാരി നിങ്ങൾ ഇഷ്ടപ്പെടുന്നവരും നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നവരും നിങ്ങൾ അവർക്ക്വേണ്ടി പ്രാർത്ഥിക്കുന്നവരുമായിരിക്കും. ഏറ്റവും മോശപെട്ട ഭണാധികാരി നിങ്ങൾ വെറുക്കുന്നവരും നിങ്ങളെ വെറുക്കുന്നവരും നിങ്ങൾ ശപിക്കുന്നവരും നിങ്ങളെ ശപിക്കുന്നവരും."***

***(മുസ്ലിം)***

# ഗർഭഛിദ്രവും ജനനനിയന്ത്രവും: ഇസ്‌ലാമികാദ്ധ്യാപനങ്ങൾ

ജനനനിയന്ത്രണവും ഗർഭഛിദ്രവും ഇസ്‌ലാം ചില സാഹചര്യങ്ങളിൽ അനുവദിക്കുന്നു. ദാരിദ്ര്യം ഭയന്ന് ജനന നിയന്ത്രണവും ഗർഭഛിദ്രവും നടത്തുന്നതിനെ ഇസ്‌ലാം ഒരിക്കലും അനുവദിക്കുന്നില്ല. ഉചിതമായ കാരണങ്ങളുണ്ടെങ്കിൽ മാത്രമേ ഇവ രണ്ടിനും അനുവാദമുള്ളൂ.

*വിവ: കെ.വി ഹസ്സൻ കോയ കോഴിക്കോട്*

**സഫീർ അഹ്മദ് ഖാൻ യു. കെ**

ജനനിയന്ത്രണവും ഗർഭഛിദ്രവും മിക്ക സമൂഹങ്ങളിലും വളരെ വിവാദാത്മകമായ വിഷയങ്ങളാണ്. പ്രത്യുൽപാദനം തടയുന്നതിനും ഗർഭധാരണ ശേഷി നിർത്തലാക്കുന്നതിനും ചരിത്രത്തിൽ വിവിധങ്ങളായ കാരണങ്ങൾ കാണാം. ഇത് വളരെ നിർണ്ണായകമായ വിഷയമായതിനാൽ ആധുനിക കാലഘട്ടത്തിൽ ഇത് ലോകശ്രദ്ധ നേടിയ വിഷയ മായി മാറിയിരിക്കുന്നു. അമേരിക്കയിലും മറ്റു രാജ്യങ്ങളിലും പ്രധാനപ്പെട്ട വാർത്തയായിരിക്കുന്നു. ഗർഭഛിദ്രത്തെയും ജനന നിയന്ത്രണത്തെയും സംബന്ധിച്ച് ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ ഒരു രൂപരേഖ നൽകലാണ് നമ്മുടെ ഉദ്ദേശ്യം.

കാലാകാലങ്ങളിലായി ഗർഭഛിദ്രതത്തിനും ജനന നിയന്ത്രണത്തിനുമുള്ള ഏറ്റവും വലിയ കാരണങ്ങളിലൊന്നായി പറഞ്ഞു വരുന്നത് ദാരിദ്യവും ജീവസന്ധാരണത്തിന്റെ അഭാവവുമാണ്.

### ജനന നിയന്ത്രണവും ഗർഭഛിദ്രവും തമ്മിലുള്ള വ്യത്യാസം

ഗർഭഛിദ്രവും ജനന നിയന്ത്രണവും വ്യത്യസ്തമായ കാര്യമാണ്. ഇത് സംബന്ധിച്ച് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാമത്തെ ഖലീഫയായ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഇപ്രകാരം പറയുന്നു:

ഗർഭഛിദ്രവും (Abortion) ജനന നിയന്ത്രണവും (Birth Control) രണ്ടു വ്യത്യസ്ത കാര്യങ്ങളാണ്. ജനന നിയന്ത്രണം എന്നത് ശിശു ഭ്രൂണാവസ്ഥയിലെത്താത്ത ഘട്ടത്തിൽ പ്രാവർത്തികമാക്കുന്ന ഒന്നാണ്. ഭ്രൂണം ഗർഭപാത്രത്തിൽ വേരുപിടിക്കാതിരിക്കുന്നതിന് മുമ്പ് അത്തരം സ്ഥിതി വിശേഷം തടയുന്നതിനാണ് ജനന നിയന്ത്രണമെന്ന് പറയുന്നത്. ഒരിക്കൽ ഗർഭപാത്രത്തിൽ ഭ്രൂണം വേരുപിടിച്ചു കഴിഞ്ഞാൽ അത് വളരാൻ തുടങ്ങുന്നു. അങ്ങനെ വളരുന്ന ശിശുവിനെ ഇല്ലാതാക്കുന്നതിനാണ് ഗർഭഛിദ്രം എന്ന് പറയുന്നത്. ഈ രണ്ടു കാര്യങ്ങളിലും ഇസ്‌ലാമിക സമീപനം വളരെ വ്യക്തമാണ്. ജനന നിയന്ത്രണത്തിന് ഇസ്‌ലാം എതിരല്ല. കുടുംബത്തിന് ഭക്ഷണം നൽകാൻ കഴിയില്ല എന്ന ഭയം കൊണ്ടല്ലെങ്കിൽ ജനന നിയന്ത്രണം അനുവദനീയമാണ്. കൂടുതൽ പേർക്ക് ഭക്ഷണം നൽകേണ്ടിവരുമെന്നുള്ള ഭയം കാരണം ജനന നിയന്ത്രണം അനുവദനീയമല്ല. ഇസ്‌ലാം പൂർണമായും ഇതിനെ നിരാകരിക്കുന്നു. ഈ കാരണം കൊണ്ടുള്ള സന്താന നിയന്ത്രണം. ഇസ്‌ലാം അംഗീകരിക്കുന്നില്ല. മറ്റ് ന്യായമായ കാരണം കൊണ്ടുള്ള ഗർഭനിയന്ത്രണം നിഷേധിക്കപ്പെട്ടിട്ടില്ല.

ഇസ്‌ലാമിന്റെ പരിശുദ്ധ സ്ഥാപകൻ പ്രവാചകന്റെ (സ) ആദ്യകാല സമൂഹത്തിൽ തങ്ങളുടെ ഭാര്യമാർ ഗർഭിണികളാതിരിക്കാനുള്ള വഴികൾ അവർ നോക്കിയിരുന്നു. അതിന് അറബിയിൽ ***'അസ്ൽ'*** (1) എന്നാണ് പറയുക. ഇത് പൊതുവിൽ എല്ലാവർക്കും അറിയുന്ന കാര്യമാണ്. ഓരോരുത്തരം അത് ചെയ്തിരുന്നു. ഭക്ഷണം ലാഭിക്കാനും മറ്റുള്ളവർ ഭക്ഷിക്കുന്നത് തടയാനുമാണ് എങ്കിൽ അത് ദൈവം ശക്തമായി നിരോധിച്ചിരിക്കുന്നു. മറ്റു ന്യായമായ കാരണം കൊണ്ട് ജനന നിയന്ത്രണം നിരോധിക്കപ്പെട്ടിട്ടില്ല. ഉദാഹരണ

മായി സ്ത്രീകളുടെ ആരോഗ്യപര മായ കാരണങ്ങളാലും മക്കളെ വളർത്തുന്ന കാരണം കൊണ്ടും ജനന നിയന്ത്രണം നടത്താവുന്ന താണ്. നാലാം ഖലീഫ (റഹ് ) കൂടുതാലായി പ്രസ്താവിക്കുന്നു:

'ഗർഭ ഛിദ്രത്തെ കുറിച്ചു പറയാം. വിശുദ്ധ ഖുർആന്റെ അദ്ധ്യാപന പ്രകാരം ഗർഭ ഛിദ്രം നടത്താവുന്നതാണ്. ശിശു അതി ന്റെ യഥാർത്ഥ രൂപം പ്രാപിച്ചിട്ടില്ലാ ത്ത അവസ്ഥയിൽ ഗർഭഛിദ്രം നടത്താവുന്നതാണ്. യഥാർത്ഥ രൂപം പ്രാപിക്കുന്നത് നാലര മാസ ത്തിലാണെന്നാണ് ഡോക്ടർമാർ പറയുന്നത്. അതായത് ഗർഭകാല ത്തിന്റെ പകുതി സമയമാവുമ്പോൾ പെട്ടെന്ന് ശിശുവിന് ഒരു തരത്തി ലുള്ള ആന്തരിക ബോധം വരിക യും സ്വതന്ത്രമായ ഓരാത്മാവ് നൽകപ്പെടുകയും ചെയ്യും. ഗർഭാ വസ്ഥക്ക് രണ്ടു ഘട്ടങ്ങളുണ്ട് ഒന്ന് ആദ്യഘട്ടവും രണ്ടാം ഘട്ടവും. ആദ്യഘട്ടത്തിൽ - ഒരു സ്ത്രീ അതായത് മാതാവാകാൻ പോകുന്ന സ്ത്രീ തനിക്ക് ഈ ഭാരം വഹിക്കാൻ സാദ്ധ്യമാവുന്നില്ലെന്ന് വരുമ്പോൾ ഗർഭധാരണത്തിന്റെ ആന്തരികമായ ലക്ഷണങ്ങൾ കാരണം അവൾ ബുദ്ധിമുട്ടുന്നു. ആ സമയത്ത് ഗർഭഛിദ്രം നടത്താ നുള്ള തീരുമാനമെടുക്കാൻ അവൾ സ്വതന്ത്രയാണ്. ആ അവസ്ഥയിൽ ഒരു യഥാർത്ഥ ശിശുവായി ആ ഭ്രൂണം രൂപം പ്രാപിച്ചിട്ടുണ്ടാവില്ല. അതൊരു ശിശുവാണ് പക്ഷേ അതിന് സ്വതന്ത്രമായ തിരിച്ചറിവ് നൽകപ്പെട്ടിട്ടില്ല. അത്കൊണ്ട് ഈ ഘട്ടത്തിലുള്ള ഗർഭഛിദ്രം സന്നി ഗ്ദാവസ്ഥയില്ലാതെ ചെയ്യാവുന്നതാ ണ്. ഇങ്ങനെ സ്ത്രീകൾ വിഷമി ക്കുന്ന അവസ്ഥ സംജാതമായാൽ സ്ത്രീകൾക്ക് ഡോക്ടർമാരുടെ അടുക്കലേക്ക് പോകാവുന്നതും തങ്ങൾ വളരെ മോശമായ അവ സ്ഥയിലാണെന്ന് പറയാവുന്നതു മാണ് അത്കൊണ്ട് തങ്ങളെ പരിശോധിക്കാനും ഡോക്ടർമാർ ആ സ്ത്രീയുടെ സമ്മതത്തോടെ ഗർഭസ്ഥ ഭ്രൂണത്തെ മാറ്റാൻ പറയാവുന്നതാണ്. ഇത് ഇസ്‌ലാമിൽ മതപരമായ പാതകമല്ല. എന്നാൽ പിന്നീടുള്ള ഘട്ടത്തിൽ ശിശുവിന് സ്വന്തമായ തിരിച്ചറിവ് വന്നതിന് ശേഷം സ്ത്രീ പ്രസവാവസ്ഥയി ലായായാൽ പ്രസവിച്ചതിന് ശേഷം ഒരു മനുഷ്യൻ എന്ന നിലക്ക് ശിശുവിനെ ഇങ്കുബേഷന്റെ സംര ക്ഷണത്തിൽ ആക്കാവുന്നതാണ്. ഇവ രണ്ടും വ്യത്യസ്ഥ ഘട്ടങ്ങളാ ണ്. അത്കൊണ്ട് ആ രണ്ടാം ഘട്ടത്തിൽ ഗർഭഛിദ്രത്തെ കുറിച്ച് ഇസ്‌ലാമിന്റെ സമീപനം കടുത്ത താകുന്നു. ആദ്യഘട്ടത്തിൽ ഇങ്കു ബേറ്ററിന്റെ സഹായത്തോടെ അതിനെ രക്ഷിക്കാൻ സാദ്ധ്യമല്ല. ഗർഭഛിദ്രം നടത്താതിരുന്നാൽ ആ സ്ത്രീയുടെ ആരോഗ്യം അപകടാ വസ്ഥയിലാണെന്ന് ഡോക്ടർമാർ പറയുകയാണെങ്കിൽ ഗർഭഛിദ്ര ത്തിന് ഇസ്‌ലാം എതിർ നിൽക്കില്ല. എന്നാൽ ചില നിസ്സാര കാരണ ങ്ങൾ കൊണ്ടുള്ള ഗർഭഛിദ്രത്തെ ഇസ്‌ലാം ഒരിക്കലും അനുകൂലിക്കു ന്നില്ല. (2)

### ജനന നിയന്ത്രണവും ഗർഭഛിദ്രവും: ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അദ്ധ്യാപനം

ഇസ്‌ലാം ഒരു പരിപൂർണ്ണ മതമാണ്. അതിന്റെ അദ്ധ്യാപനങ്ങ ൾ കാലാവസാനം വരെ പ്രാബല്യ ത്തിലുള്ളതാണ്. അത് മാർഗ്ഗദർശന ത്തിന്റെ ഉറവിടമാണ്. ജനനനിയന്ത്ര ണത്തെയും ഗർഭഛിദ്രത്തെയും സംബന്ധിച്ച് ഇസ്‌ലാം അടിസ്ഥാന പരമായ അദ്ധ്യാപനം നൽകിയിട്ടു ണ്ട്. സർവ്വ ശക്തനായ അല്ലാഹു പ്രഖ്യാപിക്കുന്നു:

**'താനുദ്ദേശിക്കുന്നവർക്ക് നി ന്റെ നാഥൻ സമൃദ്ധമായി ജീവിത വിഭവങ്ങൾ നൽകുന്നു. അവനു ദ്ദേശിക്കുന്നവർക്ക് അത് ഞെരു ക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ തന്റെ ദാസരെകുറിച്ച് സൂക്ഷ്മമായി അറിയുന്നവനും എല്ലാം കാണുന്നവനുമാണ്. ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ സന്താനങ്ങളെ കൊല്ലരുത്. അവർ ക്കും നിങ്ങൾക്കും നാമാണ് ആഹാ രം നൽകുന്നത്. തീർച്ചയായും അവരെ കൊല്ലുന്നത് ഗുരുതരമായ പാപമാകുന്നു. നിങ്ങൾ വ്യഭി ചാരത്തെ സമീപിക്കുകപോലു മരുത്. തീർച്ചയായും അത് നീചകൃ ത്യവും എത്രയും ചീത്തയായ വഴിയുമാണ്. അല്ലാഹു നിരോധിച്ച ജീവനെ നിങ്ങൾ ന്യായമായ കാരണം കൂടാതെ വധിക്കരുത്. ആരെങ്കിലും മർദിതനായി വധിക്ക പ്പെടുന്നതായാൽ നാം അവന്റെ അവകാശിക്ക് പ്രതിക്രിയ നടത്താ നുള്ള അവകാശം നൽകിയിരി ക്കുന്നു. എന്നാൽ അവൻ നിശ്ചിത പരിധി ലംഘിക്കരുത്. കാരണം അവൻ സഹായം ലഭിക്കപ്പെടുന്ന താണ്' (വിശുദ്ധ ഖുർആൻ 17: 31-34)**

ജനങ്ങൾ വളരെ ചിന്താശക്തി കുറഞ്ഞവരാണ്. അവർ തങ്ങളുടെ ഹ്യസ്വ വീക്ഷണം കാരണം ചിലർ ചിന്തിക്കുന്നത് നിരവധി സന്താന

ജനങ്ങൾ വളരെ ചിന്താശക്തി കുറഞ്ഞവരാണ്. അവർ തങ്ങളുടെ ഹ്യസ്വ വീക്ഷണം കാരണം ചിലർ ചിന്തിക്കുന്നത് നിരവധി സന്താനങ്ങളുണ്ടായാൽ അവരെ തങ്ങൾക്ക് സംരക്ഷിക്കാൻ സാധിക്കില്ലെന്നാണ്. യാഥാർത്ഥത്തിൽ ആഹാരം നൽകുന്നവനും സർവ്വലോക നാഥനും സർവ്വ ശക്തനുമായ അല്ലാഹുവാണ് മുമ്പുള്ളവർക്ക് സംരക്ഷണം നൽകിയത്. അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും. യഥാർത്ഥത്തിൽ കൂടുതൽ സന്താനങ്ങളുണ്ടെങ്കിൽ അത് ഭാവിയിലുള്ള ദാരിദ്ര്യത്തിന് പോലും അറുതി വരുത്തും.

ങ്ങളുണ്ടായാൽ അവരെ തങ്ങൾക്ക് സംരക്ഷിക്കാൻ സാധിക്കില്ലെന്നാണ്. യാഥാർത്ഥത്തിൽ ആഹാരം നൽകുന്നവനും സർവ്വ ലോക നാഥനും സർവ്വ ശക്തനുമായ അല്ലാഹുവാണ് മുമ്പുള്ളവർക്ക് സംരക്ഷണം നൽകിയത്. അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും. യഥാർത്ഥത്തിൽ കൂടുതൽ സന്താനങ്ങളുണ്ടെങ്കിൽ അത് ഭാവിയിലുള്ള ദാരിദ്ര്യത്തിന് പോലും അറുതി വരുത്തും. അത്കൊണ്ട് മേൽ സൂക്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഒന്നാം ഖലീഫ ഇതേ വിഷയം സൂചിപ്പിക്കുന്നു.

മനുഷ്യന് കോപാകുലനാകാനുള്ള കഴിവ് നൽകപ്പെട്ടിട്ടുണ്ട്. ഇത് പരിധി ലംഘിച്ചാൽ പല രീതിയിൽ പ്രകടമാവുന്നു. കോപാകുലനായ ഒരാൾ ശപിക്കുകയും തങ്ങളുടെ സന്താനങ്ങളെ വധിക്കുകയും ചെയ്യുന്നു. അത് മുഖ്യമായും തങ്ങളുടെ ദുഷ്ക്കർമ്മങ്ങൾ കാരണമായാണ്. പിന്നെ ദാരിദ്ര്യത്തെ കുറിച്ചുള്ള ഭയവുമുണ്ട്. അത്പോലെ ഇക്കാലത്ത് ചിലർ തങ്ങൾക്ക് ധാരാളം സന്താനങ്ങളുണ്ടാവാൻ ആഗ്രഹിക്കുന്നില്ല. അതാണ് രാഷ്ട്രത്തിന്റെ ദരിദ്രാവസ്ഥക്ക് കാരണമെന്നും അവർ പറയുന്നു. എന്റെ അതിജീവനം എന്റെ സമ്പത്തിനെ ആശ്രയിച്ചിരിക്കുന്നതെന്ന് ഞാൻ ചിന്തിച്ചിരുന്നുവെങ്കിൽ ഞാൻ വലിയ അവിശ്വാസിയാകുമായിരുന്നു. എന്നാൽ സർവ്വ ശക്തനായ അല്ലാഹു പറയുന്നു:(4)

**'ദാരിദ്രം ഭയന്ന് നിങ്ങൾ നിങ്ങളുടെ സന്താനത്തെ കൊല്ലരുത്. നാമാണ് അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത്.' (വിശുദ്ധ ഖുർആൻ 17:32)**

അതേ വിഷയത്തിൽ നാലാം ഖലീഫ (റഹ്) പ്രസ്താവിക്കുന്നു:

ദാരിദ്ര്യം ഭയന്ന് കൊല്ലുക എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് തങ്ങൾക്ക് കൂടുതൽ സന്താനങ്ങളുണ്ടായാൽ അത് ഒടുവിൽ ആഹാരത്തിൽ കുറവു വരുത്തുമെന്ന കരുതി കുടുംബാസൂത്രണം നടപ്പാക്കുന്നതിനെയാണ്. എന്നാൻ ദരിദ്ര രാഷ്ട്രങ്ങൾക്കുള്ള യഥാർത്ഥ പരിഹാരം ധാരാളം സന്താനങ്ങളെ ഉൽപ്പാദിപ്പിക്കുക എന്നതാണ്. നിരവധി സന്താനങ്ങളുണ്ടായാൽ അവർ സഞ്ചരിക്കാൻ നിർബന്ധിതരാവുകയും തങ്ങളുടെ രാജ്യത്ത് നിന്ന് കുടിയിറങ്ങിപ്പോവുകയും ചെയ്യും. അങ്ങനെയങ്ങനെ ദരിദ്ര രാജ്യങ്ങളിലേക്ക് ധാരാളം സമ്പത്ത് വന്നെത്തുകയും ചെയ്യുന്നു. ധാരാളം സന്താനങ്ങളുണ്ടായത് കാരണമാണ് ഇത് സംഭവിക്കുന്നത്. രണ്ടാമത്തെ അർത്ഥമെന്താണെന്ന് വെച്ചാൽ ചില സമയങ്ങളിൽ സഹാബാക്കൾ കുടുബാസൂത്രണം നടപ്പിൽ വരുത്തുന്നു. നിരവധി സന്താനങ്ങളുണ്ടാവുമെന്ന ഭയം കാരണമല്ല. എന്തെന്നാൽ അല്ലാഹുവാണ് തങ്ങൾക്ക് ആഹാരം നൽകുന്നതെന്ന് അവർക്കറിയാം. അവർ കുടുബാസൂത്രണം നടത്തിയിരുന്നത് ആഹാരം ലഭിക്കില്ല എന്ന ഭയം കൊണ്ടായിരുന്നില്ല. കുടുംബാസൂത്രണത്തിൽ ഇത്തരം വിവേചനപൂർണ്ണമായ ഒരു നയമാണ് സ്വീകരിക്കേണ്ടത് അതിനൊരു ദോഷവുമില്ല. (4)

ജനനനിയന്ത്രണത്തെ കുറിച്ചും ഗർഭഛിദ്രത്തെ കുറിച്ചും സർവ്വ ശക്തനായ അല്ലാഹു മറ്റൊരിടത്ത് പറയുന്നു.

**'പറയുക: വരുവീൻ! നിങ്ങളുടെ നാഥൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞു തരാം. (അവൻ കൽപ്പിക്കുന്നു) അവരോട് നിങ്ങൾ യാതൊന്നിനേയും പങ്കുചേർക്കരുത് മാതാപിതാക്കളോട് നന്മ പ്രവർത്തിക്കുക. ദാരിദ്ര്യം ഭയന്നുകൊണ്ട് നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ വധിക്കരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്. പ്രത്യക്ഷമായതും ഗോപ്യമായതുമായ നീചകൃത്യങ്ങളെ നിങ്ങൾ സമീപിക്കരുത്. അല്ലാഹു (വധിക്കുന്നത്) നിരോധിച്ച ജീവനെ നിങ്ങൾ നിയമാനുസരണമല്ലാതെ വധിക്കരുത്. അല്ലാഹു ഇതിനെ സംബന്ധിച്ച് നിങ്ങളോട് താക്കീതായി അനുശാസിക്കുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നതിന് വേണ്ടി.' (വിശുദ്ധ ഖുർആൻ 6:152)**

മേൽ ഖുർആൻ സൂക്തങ്ങൾ നാം പരിശോധിക്കുകയാണെങ്കിൽ സർവ്വശക്തനായ അല്ലാഹു വളരെ സുപ്രധാനമായ മൂന്ന് യാഥാർത്ഥ്യങ്ങൾ ഓർമ്മിപ്പിക്കുകയാണ്.

1- ഒന്നാമതായി ആഹാരം നൽകുന്നത് സർവ്വശക്തനായ അല്ലാഹുവാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. മുമ്പുള്ള കാലഘട്ടങ്ങളിൽ മനുഷ്യകുലത്തിന് ആഹാരം നൽകിയത്പോലെ വരാനിരിക്കുന്നവർക്കും അവൻ പുതുജീവൻ നൽകുന്നു. ഇക്കാരണത്താലാണ് നിങ്ങൾക്ക് ശിശു ജനിക്കുന്നത്. ആഹാരം നൽകാൻ സാധിക്കില്ല എന്ന കാരണം കൊണ്ട് നിങ്ങൾ ശിശുവിന്റെ ജനനം തടയരുത്. അങ്ങനെ ചെയ്യുന്നത് ആഹാരം നൽകുന്ന സർവ്വ ശക്തനായ അല്ലാഹുവിന്റെ ഗുണത്തെ നിഷേധിക്കലാണ്. അത് പാപകരവും നിഷിദ്ധവുമാണ്.

2- രണ്ടാമതായി നമ്മെ ഓർമ്മപ്പെടുത്തുന്നത് മനുഷ്യവർഗ്ഗത്തിന്റെ പ്രജനനത്തിന്നായി പുരുഷന്മാരും സ്ത്രീകളും തമ്മിൽ ദാമ്പത്യത്തിൽ ഏർപ്പെടണം എന്നാണ്. അത് അനുവദനീയമാണ് വ്യഭിചാരത്തിൽ നിന്നും ഒഴിഞ്ഞ് നിൽക്കണം എന്തെന്നാൽ അത്തരം പ്രവർത്തനങ്ങൾ പ്രകടമായ പാപത്തിന്റെയും ധിക്കാരത്തിന്റെയും വഴിയിലേക്ക് ഒരാളെ നയിക്കും.

3- മൂന്നാമതായി നമ്മെ ഓർമ്മപ്പെടുത്തുന്നത്, ഒരു ജീവനെ നശിപ്പിക്കുന്നത് അല്ലാഹു നിയമവിധേയമാക്കിയിട്ടില്ല എന്നതാണ്. ശരീഅത്തിന്റെയും നിയമത്തിന്റെയും അടിസ്ഥാനത്തിൽ, ഒരു ജീവൻ നശിപ്പിക്കുകയെന്നത് ഗുരുതരമായ തെറ്റും പാപവുമാണ്.

ഒരു ഭാര്യയും ഭർത്താവും

ജനന നിയന്ത്രണമാർഗ്ഗങ്ങളും അത്യാവശ്യഘട്ടത്തിൽ ഗർഭഛിദ്രവും സ്വീകരിക്കുകയാണെങ്കിൽ അത് ആഹാരം ലഭിക്കുകയില്ല അല്ലെങ്കിൽ ദരിദ്രനായിപ്പോകും എന്ന ഭയം കൊണ്ടാവരുത്. അവസാനമായി കാരണമില്ലാതെ ഒരു ജീവൻ നശിപ്പിക്കാനുള്ള അവകാശം ആർക്കുമില്ല തന്നെ.

## ജനന നിയന്ത്രണം: റസൂൽ തിരുമേനിയുടെ (സ) മാർഗ്ഗനിർദ്ദേശം

ഗർഭധാരണ പ്രതിരോധത്തിന് റസൂൽ തിരുമേനി (സ) യുടെ മാർഗ്ഗനിർദ്ദേശം താഴെക്കൊടുത്ത നിവേദനത്തിൽ കാണുന്നു. ഹദ്റത്ത് അബൂ സയ്യിദ് ഖുദ്രി (റ) നിവേദനം ചെയ്യുന്നു: 'ബനൂ മുസ്തദലിക് യുദ്ധത്തിൽ യുദ്ധയാത്രക്ക് ശേഷം യുദ്ധമുതലായി കിട്ടിയ അടിമ സ്ത്രീകളെ ലഭിച്ചപ്പോൾ ജനങ്ങൾ ഗർഭധാരണം നടക്കാത്ത വിധത്തിൽ അവരുമായി ബന്ധപ്പെടാൻ ആഗ്രഹിച്ചു. അവർ നബി തിരുമേനി (സ) യോട് *അസിൽ* നെ സംബന്ധിച്ച് ചോദിച്ചു. അതിനു പ്രതികരണമായി നബി (സ) തിരുമേനി പറഞ്ഞു: നിങ്ങൾ ഗർഭധാരണം നടക്കാത്ത വിധത്തിൽ ബന്ധപ്പെട്ടാൽ (അസ്ൽ) ചെയ്യുന്നില്ലെങ്കിലും അത് ഒരു ദോഷവും ചെയ്യുന്നില്ല. എന്തെന്നാൽ ജനിക്കാൻ പോകുന്ന എല്ലാവരുടെയും വിധിനാൾ വരെയുള്ള പേരുകൾ അല്ലാഹു എഴുതി വെച്ചിരിക്കുന്നു.(6)

നബി തിരുമേനി (സ) അസ്‌ലിനെ നിയമ വിരുദ്ധമായി കണ്ടില്ല എന്നിരിക്കിലും തിരുമേനി (സ) സഹാക്കളോട് പറഞ്ഞത് സർവ്വശക്തനായ അല്ലാഹുഹുവിന് എല്ലാറ്റിന്റെ മേലും അധികാരമുണ്ടെന്നാണ്. ഈ കാരണത്താൽ അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അസ്ൽ ചെയ്താലും ഇല്ലെങ്കിലും അല്ലാഹു പേരെഴുതിവെച്ചവർക്കെല്ലാം ഈ ലോകത്ത് ജീവൻ നൽകുമെന്നാണ്. അടിമ സ്ത്രീകളെ കൂടാതെ ഒരാൾക്ക് തന്റെ ഭാര്യയുമായി അസ്ൽ ചെയ്യാമെന്നാണ് തിരുമേനി(സ) വ്യക്തമായും പ്രസ്താവിക്കുന്നുണ്ട്. പക്ഷേ ഭാര്യയുടെ സമ്മതമില്ലാതെ അങ്ങനെ ചെയ്യാൻ പാടില്ലെന്നാണ്. അപ്രകാരം ഹദ്റത്ത് ഉമർ (റ) നിവേദനം ചെയ്യുന്നു.

ഒരാൾ തന്റെ ഭാര്യ സ്വതന്ത്രയായ സ്ത്രീയാണെങ്കിലും അവരുടെ സമ്മതം കൂടാതെ അസ്ൽ ചെയ്തുകൂട (7) മേൽ പറഞ്ഞ രണ്ട് ഹദീസുകൾ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബഷീർ അഹ്മദ് (റ) എഴുതുന്നു:

ആവശ്യത്തിന്റെയും വിവേകത്തിന്റെയും അടിസ്ഥാനത്തിൽ ലൈംഗിക ബന്ധം മുഖേന തന്റെ ഭാര്യ ഗർഭിണിയാകാതിരിക്കാൻ ഏതെങ്കിലും രീതി ഉപയോഗിക്കുന്നത് നിയമ വിധേയമാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഈ ഫത്വയുടെ അടിസ്ഥാനത്തിൽ തന്റെ ഭാര്യാമക്കളുടെ ആരോഗ്യത്തിനും നന്മക്കും വേണ്ടി ഒരു മുസ്‌ലിമിന് ജനന നിയന്ത്രണം പാലിക്കാമെന്നാണ് മനസ്സിലാവുന്നത്. ദാരിദ്രവും സാമ്പത്തിക നഷ്ടവും ഭയന്ന് സന്താന നിയന്ത്രണം പാലിക്കാമെന്ന് ഭാര്യയുടെ അനുമതികൂടാതെ അത്തരം രീതികൾ ഉപയോഗിച്ചു കൂടെന്നാണ്.(8)

ഭാര്യഭർതൃ ബന്ധത്തെ കുറിച്ച് സർവ്വശക്തനായ അല്ലാഹു പ്രസ്താവിക്കുന്നു:

**'നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് ഒരു കൃഷിയിടമാകുന്നു. അത് കൊണ്ട് നിങ്ങളാഗ്രഹിക്കുന്ന വിധം നിങ്ങളുടെ കൃഷിയിടത്തിലേക്ക് ചെന്നുകൊള്ളുക. നിങ്ങൾക്ക് ആവശ്യമായ മുൻകൂട്ടി ചെയ്തു വെക്കുകയും വേണം. അല്ലാഹുവിനെ ഭയപ്പെടുക. അവനുമായി നിങ്ങൾ കണ്ടുമുട്ടുമെന്ന് അറിഞ്ഞു കൊള്ളുക. സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക.'(വിശുദ്ധ ഖുർആൻ 2:224)**

വിശുദ്ധ ഖുർആൻ വരിഷ്ഠനായ നമ്മുടെ യജമാനൻ മുഹമ്മദ് (സ) യുടെ പ്രവചന പ്രകാരം ഈ യുഗത്തിൽ ഇസ്‌ലാമിനെ പുനരുദ്ധാരകനായി വന്ന നീതിമാനായ വിധി കർത്താവ് വാഗ്ദത്ത മസീഹ് (അ) തന്റെ ഉൾക്കാഴ്ച്ചയുള്ള വ്യാഖ്യാനത്തിൽ ഈ സൂക്തത്തെ കുറിച്ചു പ്രസ്താവിക്കുന്നു:

നിങ്ങളുടെ സ്ത്രീകൾ നിങ്ങൾക്ക് സന്താനങ്ങളുണ്ടാവുന്നതിനുള്ള കൃഷിയിടങ്ങളാകുന്നു. നിങ്ങൾ ആഗ്രഹിക്കുന്ന വിധം ഏതുരീതിയിലും അതിനെ സമീപിച്ചുകൊള്ളുക. ഈ കൃഷിയിടത്തിന്റെ ഉപമ നിങ്ങൾ സ്മരിക്കുക. മറ്റു വിധത്തിൽ പറഞ്ഞാൽ ശിശുവിനെ ഗർഭം ധരിക്കാത്ത വിധം നിങ്ങൾ അവരുമായി ബന്ധപ്പെടരുത്. ആദ്യകാല ഇസ്‌ലാമിൽ ചില പുരുഷന്മാർ ശുക്ലസ്ഖലനം ഉണ്ടാവുന്നതിന് മുമ്പ് ലൈംഗിക ബന്ധത്തിൽ നിന്ന് വിരമിക്കുന്നു. ഈ ഖുർആനിക സൂക്തത്തിൽ അല്ലാഹു അസന്നിഗ്ദമായി പ്രസ്താവിച്ചിരിക്കുന്നു. സ്ത്രീകളെ കൃഷിയിടമായി ഉപമിച്ചിരിക്കുന്നതിനാൽ സന്താനങ്ങൾ ഉണ്ടാവുന്നതിൽ നിന്നും ഈ കൃഷിയിടത്തെ തടയരുതെന്നാണ്. യഥാർത്ഥത്തിൽ സ്ത്രീ രോഗിയാണെങ്കിൽ ഗർഭധാരണത്തിന് ശേഷം അവർ മരിച്ചു പോകുമെന്ന് ഉറപ്പായ കാര്യമാണെങ്കിലും അത്തരത്തിൽ ഗർഭധാരണം പ്രയാസങ്ങൾ ഉണ്ടാക്കുമെങ്കിൽ അത്തരം കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇസ്‌ലാമിക നിയമ പ്രകാരം സന്താന നിയന്ത്രണം നിയമ വിരുദ്ധമാണ്. (9)

വാഗ്ദത്ത മസീഹി (അ)ന്റെ ഈ വാക്കുകളിൽ നിന്ന് വ്യക്തമാവുന്നത്. ആഹാരമില്ലാത്തതിന്റെ പേരിലോ ദാരിദ്ര്യത്തിന്റെ പേരിലോ ഗർഭഛിദ്രം നടത്തുന്നത് വിശുദ്ധ ഖുർആൻ നിരോധിച്ചിരിക്കുന്നു എന്നാണ്. രണ്ടാം ഖലീഫ ഈ സൂക്തത്തിന്റ വെളിച്ചത്തിൽ പല കാര്യങ്ങളും നമുക്ക് പറഞ്ഞു തരുന്നു.

അദ്ദേഹം പറയുന്നു:

1- സ്ത്രീയും പുരുഷനും തമ്മിലുള്ള ദാമ്പത്യ ലൈംഗിക ബന്ധം അനുവദിച്ചിട്ടുണ്ട്. പക്ഷേ സൂക്ഷ്മമായ രീതിയിലാണ് അത് പ്രതിപാദിച്ചിരിക്കുന്നത്. അതായത് ഒരു സ്ത്രീയെ കൃഷിയിടം എന്ന് പരാമർശിച്ചത് കൊണ്ട് മനുഷ്യന് അതിൽ പ്രവർത്തിക്കാൻ പ്രയോഗികമായി പരിമിതികളുണ്ട്. കൃഷിയിടത്തിന്റെ ഫലം തരുന്നതിന്റെ വിപുലമായ സാധ്യത മനുഷ്യ വംശത്തിന്റെ പ്രജനനമാണ്. കർഷകൻ ഭൂമിയെ വെറുതെ വെക്കില്ല. നിങ്ങൾക്ക് ഫലമുണ്ടാക്കാമെന്നിരിക്കെ എന്തിന് കൃഷിയിടം വെറുതെയിടണം. ഈ കൃഷി സമ്പ്രദായം സ്വീകരിക്കുന്നില്ലെങ്കിൽ നിങ്ങളുടെ വിത്ത് നിങ്ങൾ വൃഥാവിലാക്കുകയാണ്.

2- ഇതിൽ നിന്നും മനസ്സിലാവുന്ന രണ്ടാമത്തെ പോയിന്റ്- പുരുഷൻ തന്റെയും ശാരീരിക ശക്തി, തന്റെ കഴിവുകൾ കുറഞ്ഞുപോകാത്ത വിധം സ്ത്രീയുമായി ബന്ധപ്പെടണം. എന്നാൽ. ഒരു കൃഷിയിടത്തിൽ വളരെയധികം വിത്തുകൾ വിതച്ചാൽ വിത്തുകൾ നശിച്ചു പോകും. ഭൂമിയിൽ നിരന്തരം കൃഷി ചെയ്യാൻ വിത്തുകൾ വിതക്കണം. കൊയ്തെടുക്കാൻ കഴിയുന്നത് വരെ ഒരാൾ ഈ തത്വമാണ് അവലംബിക്കേണ്ടത്. ഈ സൂക്തത്തിൽ നിന്നും ഇതുകൂടി മനസ്സിലാകുന്നു. എല്ലാ സാഹചര്യങ്ങളിലും സന്താനോൽപ്പാദനം. നടത്താമെന്നും ജനന നിയന്ത്രണം നടത്തുന്നത് അനുവദനീയമാണെന്ന് ചിലർ പറയുന്നത് തെറ്റാണ്. കൊയ്ത് കഴിഞ്ഞ് ഉടനെതന്നെ ആ ഭൂമിയിൽ കൃഷി ചെയ്യാവുതാണ്. പക്ഷേ അങ്ങനെയുണ്ടാവുന്ന വിളവ് അത്ര നല്ലതായിരിക്കില്ല. അതിന് ശേഷമുള്ള മൂന്നാം വിളവ് അതിലും മോശമായിരിക്കും. പ്രത്യുൽപ്പാദനം നടത്തുന്നതിനെ ഇസ്ലാം ആരേയും നിരോധിക്കുന്നില്ല യഥാർത്ഥത്തിൽ ഇസ്ലാമിന്റെ കൽപനയാണത്. അതേ സമയം കൃഷിയെ സംബന്ധിച്ച ദൈവിക നിയമം പാലിക്കുകയും വേണം. സൂക്ഷ്മശാലിയായ കർഷകൻ തന്റെ ഭൂമി നശിക്കുന്ന വിധം ആ ഭൂമി ഉപയോഗിക്കില്ല. അല്ലെങ്കിൽ അതിന്റെ ഫലഭൂയിഷ്ടത നശിക്കുന്നത് വരെ, വിളകൾ കൊയ്യാൻ സാധിക്കാത്ത വിധം അതിൽ കൃഷിചെയ്യില്ല. ഇതേ രീതിയിൽ ഒരാൾ തന്റെ ഭാര്യയെ നല്ലപോലെ വളർത്തുന്നില്ലെങ്കിൽ ഭാര്യയുടെ ആരോഗ്യം അപകടത്തിലാവുകയാണെങ്കിൽ സന്താനോൽപ്പാദനം നിർത്തണം. (10)

രണ്ടാം ഖലീഫയുടെ (റ) യുടെ വിവരണം തക്കതായ കാരണമുണ്ടെങ്കിൽ ജനനം നിയന്ത്രിക്കണം എന്നതിനനുകൂലമായ ശക്തമായ വാദമാണ്. വിശുദ്ധ ഖുർആൻ സൂക്തത്തിന്റെ മനോഹരമായ വ്യാഖ്യാനമാണത്.

ശിശു മാനസികമോ ശാരീരികമോ ആയ മോശാവസ്ഥയിലാണ് ജനിക്കാൻ പോകുന്നതെന്ന് ആശങ്കയുണ്ടെങ്കിൽ നിയന്ത്രണം അനുവദനീയമാണ്. ഇതിനോടനുബന്ധിച്ച് രണ്ടാം ഖലീഫ (റ) പ്രസ്താവന ഇപ്രകാരമാണ്.

എന്റെ അഭിപ്രായത്തിൽ ദാരിദ്ര്യം ഭയന്ന് ജനനം നിയന്ത്രിക്കുന്നത് അനുവദനീയയമല്ല. എന്നിരിക്കിലും ശിശുവിന്റെയോ മാതാവിന്റെയോ ആരോഗ്യത്തിന് അപകടമുണ്ടെങ്കിൽ അത് അനുവദനീയമാണ്. ഉദാഹരണമായി ശിശു മാനസികമോ ശാരീരികമോ ആയി ആശങ്കയുളവാക്കുന്ന അവസ്ഥയിലാണെങ്കിൽ അല്ലെങ്കിൽ മാതാവിന്റെ ജീവന് ഭീഷണിയാണെങ്കിൽ ജനന നിയന്ത്രണം ആവശ്യമാണ്. അത്തരം സാഹചര്യങ്ങളിൽ ജനന നിയന്ത്രണം ഉപയോഗപെടുത്താം. എന്നിരിക്കിലും ജനന നിയന്ത്രണത്തിന്റെ വാക്താക്കൾ അതിന്നുള്ള കാരണം കാണിക്കാറുള്ളത് ദാരിദ്രത്തെ കുറിച്ചുള്ള ഭയമാണ്.

വെല്ലുവിളികളുടെ ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുമ്പോൾ മനുഷ്യ മനസ്സിലുണ്ടാവുന്ന ശക്തി സാധാരണ സാഹചര്യങ്ങളിൽ ഉണ്ടാകാറില്ല. സന്താന നിയന്ത്രണത്തിന്റെ വാക്താക്കൾ ഇക്കാര്യം തിരിച്ചിയുന്നതിൽ പരാജിതരാണ്. ലോക ജനസംഖ്യ വളരെയധികം വർദ്ധിച്ചു വരികയാണെങ്കിൽ അവർക്ക് ആഹാരം നൽകാൻ സാധിക്കുമോ? യഥാർത്ഥത്തിൽ അങ്ങനെയുള്ള സാഹചര്യം വന്നാൽ സർവ്വ ശക്തനായ ദൈവം അതിനുള്ള വഴിയുണ്ടാക്കും. ആ പ്രയാസം പരിഹരിക്കാനുള്ള കഴിവ് മനുഷ്യ മനസ്സിന് ദൈവം നൽകും. ഈ സിദ്ധാന്തം രൂപീകരിക്കുന്നവർ സർവ്വ ശക്തനായ ദൈവത്തെ സംബന്ധിച്ച് ദുർഭാവന പുലർത്തുന്നവരാണ്. ഈ ദുഷ്ചിന്തയാണ് അവരുടെ സിദ്ധാന്തത്തിന് അടിസ്ഥാനം. വിപുലമായ ജനസഞ്ചയത്തിന് ഭക്ഷണം നൽകാൻ ദൈവത്തിനാവില്ല എന്നാണ് ഇവരുടെ ആശങ്ക. മനുഷ്യന്റെ മറ്റ് ആവശ്യങ്ങളും ദൈവത്തിന് നിറവേറ്റാൻ കഴിയില്ല എന്നാണ് ഇവരുടെ ധാരണ. എന്നിരിക്കിലും സർവ്വശക്തനായ ദൈവത്തിലും അവന്റെ കഴിവിലും വിശ്വസിക്കുന്നവർക്ക് അങ്ങനെയുള്ള ചിന്ത വെച്ച് പുലർത്താൻ സാദ്ധ്യമല്ല. (11)

ന്യായമായ കാരണത്തിന് ജനന നിയന്ത്രണം അനുവദനീയമാണെന്ന് മാത്രമല്ല ഗർഭ ധാരണത്തിന്റെ അവസാന ഘട്ടത്തിലും പ്രസവം നടന്നാൽ മാതാവിന്റെ ജീവൻ അപകടത്തിലാണെന്ന് കണ്ടാൽ ഇസ്ലാമിക വീക്ഷണ മനുസരിച്ച് ഗർഭഛിദ്രം നടത്താവുന്നതാണ്. ഇത് സംബന്ധമായി രണ്ടാം ഖലീഫ(റ) പ്രസ്താവിക്കുന്നു.

തന്റെ സന്താനങ്ങൾക്ക് എങ്ങനെ ആഹാരം നൽകാൻ സാധിക്കും എന്ന ഭയത്താൽ സന്താനോൽപാദനത്തിൽ നിന്ന് വിട്ട് നിൽക്കുന്നത് തെറ്റാണ്. ഇതിന്റെ വെളിച്ചത്തിൽ സന്താനോൽപ്പാദനം വേണ്ടായെന്ന് വെക്കുന്നത് സന്താനത്തെ കൊല്ലുന്നതിന് തുല്യമാണ് എന്നിരിക്കിലും

ചില സന്ദർഭത്തിൽ അനുവദനീയ മാണ് ഉദാഹരമായി സ്ത്രീ നല്ല ആരോഗ്യ അവസ്ഥയില്ലെങ്കിൽ സന്താന നിയന്ത്രണം അനുവദനീ യമാണ്. ദാരിദ്ര്യത്തിന്റെ പേരിൽ സന്താനോൽപ്പാദനം നിരോധി ച്ചിരിക്കുന്നത് വെറും ഊഹത്തിന്റെ അടിസ്ഥാനത്തിൽ ആണെന്നുള്ള താണ്. അതുകൊണ്ട് അങ്ങനെ യുള്ള കാരണങ്ങൾ കൊണ്ടുള്ള സന്താന നിയന്ത്രണം നിരോധിച്ചിരി ക്കുന്നു. വ്യക്തമായും സ്ഥാപിത മായും ഉള്ള ആശങ്കയുണ്ടെങ്കിൽ അങ്ങനെയുള്ള ഘട്ടങ്ങളിൽ സന്താ ന നിയന്ത്രണം ആവശ്യമാണ്.(12)

ജനന നിയന്ത്രണം കൂടാതെ ഭ്രൂണം വളർന്നതിന് ശേഷവും ഗർഭം ഒഴിവാക്കാവുന്നതാണ്. ശിശുവിന്റെ സ്വാഭാവിക ജനനം പോലും മാതാവിനെ സംബന്ധിച്ച് മാരകമാണെങ്കിൽ ഗർഭചിദ്രം നടത്താവുന്നതാണ്. ഇതിന്റെ കാരണമെന്തെന്നാൽ ശിശുജനിച്ച തിന് ശേഷവും അതിജീവിക്കുമോ എന്ന് ഉറപ്പ് പറയാൻ പറ്റില്ല. മാതാവ് മുമ്പേ തന്നെ സമൂഹത്തിലെ വിലപിടിപ്പുള്ള ഒരംഗമാണല്ലോ. തീർച്ചയായും സംഭവ്യമായ നഷ്ട ത്തിന് മുൻഗണന നൽകുകയാ ണെങ്കിൽ ഗർഭസ്ഥ ശിശുവിനെ ഛിദ്രത്തിന് വിധേമാക്കി മാതാവി ന്റെ ജീവൻ രക്ഷിക്കുകയാണ് വേണ്ടത്.

മജ്ലിസ് ഇഫ്ത (നീതി നിർവ്വഹണ വകുപ്പ്) ന്റെ ഒരു റിപ്പോർട്ടിനെ വ്യാഖ്യാനിച്ചു കൊണ്ട് അഞ്ചാം ഖലീഫ തിരുമനസ്സ് (അയ്യദുഹു...)പ്രസ്താവിച്ചു.

രോഗവും ജീവനുമുള്ള ഭീഷണിക്കു പുറമെ ഗർഭഛിദ്രം അനുവദിക്കപ്പെടാനുള്ള മറ്റുചില ഉദാഹരണങ്ങളുമുണ്ട്. ദാരിദ്ര്യഭയം കൊണ്ടുള്ള ജനനനിയന്ത്രണം പരിപൂർണ്ണമായും നിരോധിക്കപ്പെട്ടി രിക്കുന്നു. (13)

ഇയ്യിടെ എം ടി എ യുടെ ഒരു പരിപാടിയിൽ ഒരു ചോദ്യമുന്നയിക്ക പ്പെടുകയുണ്ടായി. ബലാൽ സംഘം മുഖേന ഒരു സ്ത്രീ ഗർഭിണിയാ യാൽ അല്ലെങ്കിൽ മാതാവിന്റെയോ ശിശുവിന്നോ ആരോഗ്യത്തിന് ഭീഷണിയുണ്ടെങ്കിൽ ഗർഭഛിദ്രം അനുവദനീയമാണോ? എന്നതായി രുന്നു ആ ചോദ്യം. മറുപടി ഖലീഫാ തിരുമനസ്സ്(അയ്യദുഹു...) പറഞ്ഞു.

അമേരിക്കയൽ ഇക്കാലത്ത് ഇതൊരു ജ്വലിക്കുന്ന പ്രശ്നമാണ്. ശിശുവിനെ വളർത്താനുള്ള പ്രയാസം കൊണ്ടോ അല്ലെങ്കിൽ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടോ ജനനം നിയന്ത്രിക്കുന്നത് ഇസ്ലാമി ൽ അനുവദനീയമല്ല. ഗർഭഛിദ്രം നിരോധിക്കുന്നതിന് ഇസ്ലാമിലുള്ള ഏക കാരണം ഇതാണ്. നേരെ മറിച്ച് ഇസ്ലാം പറയുന്നത് സ്ത്രീ ആരോഗ്യവതിയല്ലെങ്കിൽ ഗർഭഛി ദ്രം നടത്താം. ശിശുവേണ്ടവിധ ത്തിലല്ല വളർച്ച പ്രാപിക്കുന്നതെ ങ്കിൽ ഗർഭഛിദ്രം അനുവദനീയ മാണ്. അത് ഭ്രൂണാവസ്ഥയിലാണെ ങ്കിലും അതിന് ശേഷമാണെങ്കിലും. ബലാൽസംഘത്തിന്റെ കാര്യത്തിൽ സ്ത്രീ തനിക്ക് ഈ ഭാരം വഹിക്കാ ൻ സാധ്യമല്ലെന്ന് പറയുകയാ ണെങ്കിൽ സമൂഹം തനിക്കെതിരെ വിരൽ ചൂണ്ടുമെന്നത് കൊണ്ടും ശിശുജനിച്ചാൽ പോലും അതിന് ഇത്തരത്തിലുള്ള വിഷമം ഉണ്ടാവു മെന്നതിനാൽ മാതാവ് ഗർഭഛിദ്രം നടത്താൻ തീരുമാനിക്കാവുന്നതാ ണ്. ഇസ്ലാം അതിന് അനുവദി ക്കുന്നു.

എന്നാൽ എനിക്കെങ്ങിനെ ശിശുവിനെ സംരക്ഷിക്കാൻ കഴിയു മെന്ന കാരണത്താൽ ഇത് മാത്ര മാണ് ഒരു കാര്യം. അല്ലാഹു പറയുന്നു നിങ്ങളുടെ നന്മക്ക് ഞാനാണുള്ളത്. ഞാനാണ് നിങ്ങൾ ക്ക് ഭക്ഷണം നൽകുന്നത്. ഞാനാണ് നിങ്ങക്ക് ഭക്ഷണം നൽകുന്നത്. ഞാനാണ് അന്ന ദാദാതാവ്. (14)

## ഉപസംഹാരം

ഇസ്ലാമിക ആദ്ധ്യാപന പ്രകാരം ആഹാരമില്ലാത്തതിന്റെ പേരിൽ ജനന നിയന്ത്രണം ഏർപ്പെടുത്തുക എന്നതാണ് നിയമ വിരുദ്ധം. നബി തിരുമേനി(സ)യുടെ മാർഗ്ഗ നിർദ്ദേശമനു സരിച്ച് ഓരോ വ്യക്തിക്കും സ്വന്തം നിലയിൽ തീരുമാനമെടുക്കാവുന്നതാണ് . വ്യക്തിപരമായ സാഹചര്യമനുസ രിച്ച് സന്താന നിയന്ത്രണമോ ഗർഭഛിദ്രമോ അനുവദനീയമായ സാഹചര്യത്തിലാണോ എന്ന് ഈ കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവ് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അദ്ദേഹത്തിന്റെ ആഗമനം നബി (സ) പ്രവചനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു) വളരെ സുഗ്രാഹ്യമായ നിലയിൽ വിശദീകരിച്ചിട്ടുണ്ട്. അതേ പ്രകാരം ഉദ്ദേശം പരിശുദ്ധമാണെങ്കിലും തടസ്സപ്പെടുത്തുന്ന ഘടകങ്ങളുണ്ടെ ങ്കിൽ അത് വിട്ടുവീഴ്ച്ചയായി പരിഗണിക്കപ്പെടും. സാധാരണ സാഹചര്യങ്ങൾ ഭാര്യയും ഭർത്താ വും പരസ്പരസമ്മതം വേണം. എന്തെന്നാൽ വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു

**'മാതാവിന് അവളുടെ കുഞ്ഞ് മൂലം വിഷമിപ്പിക്കരുത്. അത് ജനിച്ചത് ആർക്കാണോ അവനെ യും ആ കുട്ടി മൂലം വിഷമിപ്പി ക്കരുത്.'(വിശുദ്ധ ഖുർആൻ 2:24)** ശിശുവിന് മാതാവുമായും പിതാവു മായും ബന്ധമുണ്ട്. മാതാപിതാക്ക ൾക്ക് ശിശുവുമായി തുല്യബന്ധ മാണുള്ളത്. എന്നിരിക്കിലും വ്യഭി ചാരത്തിന്റെയും ബലാൽ സംഘ ത്തിന്റെയും കാര്യത്തിൽ മാതാവ് തന്റെ വ്യക്തിപരമായ സാഹചര്യ മനുസരിച്ച് ഭാവി പരിഗണിച്ചു കൊണ്ട് ഏറ്റവും നല്ല തീരുമാന മെടുക്കണം. വൈദ്യശാസ്ത്രമനു സരിച്ച് ഏറ്റവും നല്ല തീരുമാന മെടുക്കാൻ സാധിക്കുന്നത് ഡോക്ട ർമാർക്കാണ്. ശിശു ജനിക്കുന്നത് മാതാവിന്റെ ജീവന് ഹാനികര മാണെങ്കിൽ കുട്ടിയുടെ കാര്യത്തിൽ സങ്കീർണ്ണതകളുണ്ടെങ്കിൽ വൈദ്യ ശാസ്ത്ര നിയമ പ്രകാരം ഗർഭഛിദ്രം നടത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നത് ഡോക്ട ർമാരാണ്.

ഭാഗം – 36

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### അഞ്ചുമൻ വാദികൾ ചെയ്തു പോയ വിളംബരം

ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ വഫാത്തിനു ശേഷം 1908ലും 1909ലുമാണു ഖിലാഫത്തു പ്രശ്നം ഇക്കൂട്ടർ ഉയർത്തിക്കൊണ്ടുവന്നത്. 1911 ൽ ഈ പ്രശ്നം കുറെ കൂടി ശക്തി പ്രാപിച്ചു. അഞ്ചുമനിൽ ഭൂരിപക്ഷം അംഗങ്ങളുടേയും പിന്തുണയുണ്ടായിട്ടും ഖിലാഫത്ത് അവരിൽ നിന്നും അകന്നു പോവുകയാണെന്നും ഭാവിയിൽ അവരെ ആരും തന്നെ ഖലീഫയാക്കാൻ പോകുന്നില്ലെന്നുമുള്ള തിരിച്ചറിവും അതിലൂടെ അവർക്കുണ്ടായ വേവലാതിയും പരിഭ്രമവും ആശങ്കയുമാണു ഈ എല്ലാ പ്രശ്നങ്ങളുടേയും കോലാഹലത്തിന്റേയും യഥാർഥ കാരണം. അതിനാൽ അഞ്ചുമനിൽ തങ്ങൾക്കുള്ള വിവേചനാധികാരം വർദ്ധിപ്പിക്കാനായി പരിശ്രമിക്കണമെന്നു അവർ തീരുമാനമെടുത്തു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദി അ)ന്റെ വിയോഗാനന്തരം ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ഖലീഫത്തുൽ മസീഹ് അവ്വലായി സ്വീകരിച്ച അവസരത്തിൽ അവർ ചെയ്ത വിളംബരം ഇങ്ങനെയായിരുന്നു

ഹദ്റത്ത് മസീഹ് മൗഊദിന്റെ അൽവസിയത്ത് എന്ന ലഘു കൃതിയിലെ നിർദേശമനുസരിച്ച് താഴെ ഒപ്പിട്ടിരിക്കുന്ന അഹ്മദികളായ ഞങ്ങൾ എല്ലാവരും തന്നെ, പ്രഥമ മുഹാജിറും തഖ്‌വയിലും പാണ്ഡിത്യത്തിലും മറ്റെല്ലാവരേക്കാളും ഉയർന്നു നിൽക്കുന്ന അങ്ങേയറ്റം സാത്വികനും ഹദ്റത്ത് ഇമാം മഹ്ദി (അ) യുടെ ആദ്യ കാല സ്നേഹിതരിൽ ഏറ്റവും അടുത്ത അനുചരനുമായ ഹദ്റത്ത് ഹാജിയുൽ ഹറമൈൻ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ കൈയിൽ ഹദ്റത്ത് അഹ്മദ് (അ) ന്റെ പേരിൽ പരിപൂർണ ഹൃദയത്തോടും നിറഞ്ഞ തൃപ്തിയോടും കൂടി ഇപ്പോൾ ജമാഅത്തിലുള്ള എല്ലാവരും പിന്നീട് ജമാഅത്തിൽ പ്രവേശിക്കുന്നവരും ബൈഅത്തു ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു ഫാർസി കവിതയിൽ അദ്ദേഹത്തെ കുറിച്ചും അദ്ദേഹത്തിന്റെ ഉന്നതമായ ധാർമിക ഗുണങ്ങളെ കുറിച്ചും സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ടല്ലോ.

چہ خوش بودے اگر ہر یک ز امت نور دیں بودے
ہمیں بودے اگر ہر دل پر از نور یقیں بودے

(എന്റെ സമുദായത്തിലെ മുഴുവൻ അംഗങ്ങളും നൂറുദ്ദീനെ പോലെയായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. പക്ഷേ, അതിന്നു ദൃഢവിശ്വാസത്തിന്റെ പ്രകാശം തങ്ങളുടെ ഹൃദയങ്ങളിൽ എല്ലാ ഓരോരുത്തരും ഉണ്ടാക്കേണ്ടിയിരിക്കുന്നു)

ആ വിളംബരത്തിൽ അവർ ഇങ്ങനേയും ഏറ്റു പറഞ്ഞിട്ടുണ്ടായിരുന്നു ഹദ്റത്ത് മൗലവി സാഹിബിന്റെ എല്ലാ കൽപനകളും ഞങ്ങൾ മേലിൽ വാഗ്ദത്ത മസീഹ് (അ) ന്റെ കൽപനയെന്നോണം സ്വീകരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുന്നതുമാണ്. പക്ഷേ, അവരുടെ പിൻകാല ചെയ്തികളും പ്രവർത്തനങ്ങളും അവരുടെ വാക്കുകൾക്കും വിളംബരത്തിനും തികച്ചും കടക വിരുദ്ധമായിരുന്നുവെന്നു മാത്രമല്ല അൽവസിയത്തിൽ ഖിലാഫത്തിനെ കുറിച്ചു പരാമർശമില്ലെന്നു അവർ പറഞ്ഞു പ്രചരിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്തു.

ഈ ഗൂഢപദ്ധതിയും തകർക്കുന്ന തിനായി 1910 ൽ ഹുസൂർ സദർ അഞ്ചുമനു എഴുതി. ഞാൻ ഖലീഫ ത്തുൽ മസീഹ് ആയതിനാൽ എനിക്കു അഞ്ചുമന്റെ മെമ്പറോ സദറോ ആകുവാൻ സാധിക്കുക യില്ല. അതിനാൽ എനിക്കു പകരം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിനെ ഞാൻ പ്രസിഡന്റായി നിശ്ചയിക്കുന്നു. അതോടെ അവരു ടെ ആ പദ്ധതിയും പൊളിഞ്ഞു.

## ഒരു മാളികയും അഞ്ചുമന്റെ കുതന്ത്രങ്ങളും

ഖലീഫത്തുൽ മസീഹിന്നെ തിരിൽ അപവാദമുണ്ടാക്കുവാനും അതിലൂടെ മറ്റുള്ളവരുടെ മനസ്സിൽ വിഷം കുത്തി നിറക്കുവാനും ഫിത്ന കെട്ടിപ്പടുക്കുവാനും ലഭിക്കുന്ന ഒരവസരവും അഞ്ചുമൻ വാദികൾ നഷ്ടപ്പെടുത്തിയിരുന്നില്ല. ആയിടയ്ക്കു ജമാഅത്തിന്റെ സേവകനും സാത്വികനുമായ ഹക്കീം മൗലവി ഫസ്ലുദ്ദീൻ സാഹിബ് ഭേരവിയുടെ വസിയ്യത്തു മായി ബന്ധപ്പെട്ട ഒരു കാര്യം പരിഗണനയിൽ വന്നു. അദ്ദേഹം വസിയ്യത്ത് ചെയ്ത ആ സ്വത്തിൽ വലിയൊരു മാളികയും ഉൾപ്പെട്ടിരു ന്നു. ആ മാളിക ജമാഅത്തിന്റെ ആവശ്യത്തിന്നായി അഞ്ചുമൻ നല്ല വിലയ്ക്കു വിൽക്കാനുള്ള ഉദ്ദേശ്യ ത്തിലായിരുന്നു. മൗലവി ഫസ്ലു ദ്ദീൻ സാഹിബ് പ്രസ്തുത മാളിക ഒരു ശിയാ സഹോദരനിൽ നിന്നാ ണ് വിലയ്ക്കു വാങ്ങിയത്. അയാൾ തന്റെ ആ മാളിക സാമ്പത്തിക പ്രയാസം നിമിത്തം നിർബന്ധിതാ വസ്ഥയിൽ വളരെ വില കുറച്ചാ ണു മൗലവി ഫസ്ലുദ്ദീൻ സാഹി ബിനു വിറ്റത്. അഞ്ചുമൻ ഈ മാളിക വിൽക്കാൻ ഉദ്ദേശിക്കുന്നതാ യി ആ ശിയാ സഹോദരൻ അറിഞ്ഞപ്പോൾ അയാൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ എല്ലാ കാര്യങ്ങളും ധരിപ്പിക്കുകയും ആ മാളിക അൽപം വിലക്കുറവോടു കൂടി തനിക്കു തന്നെ തിരിച്ചു തരാൻ കനിവുണ്ടാകണമെന്നു അപേക്ഷി

നോക്കൂ, ഭാവിയിൽ കാര്യങ്ങൾ നമ്മൾ തന്നേയാണു ചെയ്യേണ്ടതും നടപ്പിൽ വരുത്തേണ്ടതും. അതു കൊണ്ട് തുറന്ന നിലയിൽ ഖിലാഫ ത്തിന്നെതിരിൽ നമ്മൾ സംസാരി ക്കുന്നതും പ്രവർത്തിക്കുന്നതും നമുക്കു ദോഷം ചെയ്യും. അതിനാൽ നിങ്ങൾ അൽപമൊന്നു ക്ഷമിക്കൂ. ഈ കാര്യത്തിൽ തൽ ക്കാലം ബാഹ്യമായി മൗനമവലംബി ക്കുന്നതാണ് ബുദ്ധി. അതിനു ശേഷം പൊതു സദസ്സുകളിൽ ഖിലാഫത്തു സംബന്ധിയായ എല്ലാ സംസാരങ്ങളും അവർ ഉപേക്ഷി ക്കുകയും ബാഹ്യമായി വളരെ അച്ചടക്കവും അനുസരണവുമുള്ള വരുമാണെന്നു കാണിക്കാനും തുടങ്ങി. എന്നാൽ ഉള്ളിലൂടെ ഖിലാഫത്തിനെ ഇല്ലാതാക്കാനുള്ള പദ്ധതികളും ഉപായങ്ങളും ആവി ഷ്ക്കരിച്ചുകൊണ്ടിരുന്നു.

## ഖലീഫത്തുൽ മസീഹിനു പകരം പ്രസിഡന്റ് സാഹിബ്

സദർ അഞ്ചുമന്റെ വ്യവഹാര ങ്ങളിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ വല്ല കൽപനയും നിർദേശവും പാലിക്കേണ്ടി വന്നാൽ "ഖലീഫത്തുൽ മസീഹ്" എന്നെഴു തേണ്ടിടത്തു "പ്രസിഡന്റ് സാഹി ബ്" എന്നും അല്ലെങ്കിൽ "പ്രസിഡ ന്റ് സാഹിബ്" ഈ കാര്യത്തിൽ ഇങ്ങനെയാണു നിർദേശം നൽകിയ ത് എന്നും മറ്റും എഴുതാൻ തുടങ്ങി യതായിരുന്നു അവർ കൈകൊണ്ട ഒരു ഉപായം. ഇത്തരത്തിൽ ഖലീഫത്തുൽ മസീഹ് എന്ന പദം പാടെ ഒഴിവാക്കുകയും പകരം പ്രസിഡന്റ് സാഹിബ് എന്നു വ്യാപകമായി ഉപയോഗിക്കാനും തുടങ്ങി. അഞ്ചുമന്റെ റിക്കാർഡി ലൂടെ ഖലീഫത്തുൽ മസീഹ് അഞ്ചുമന്റെ മേലധികാരി ആയിരു ന്നുവെന്നതിനു ഒരു തെളിവും ഉണ്ടാകരുതെന്നായിരുന്നു അവർ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവരുടെ എല്ലാ തന്ത്രങ്ങളും നന്നായി മനസ്സി ലാക്കിയിരുന്നതിനാൽ അവരുടെ

ഖ്വാജാ കമാലുദ്ദീൻ സാഹി ബും മൗലവി മുഹമ്മദ് അലി സാഹിബും ജമാഅത്ത് വ്യവസ്ഥ യ്ക്കും ഖിലാഫത്തിന്റെ മഹനീയ സ്ഥാനത്തിനും വിരുദ്ധമായി പ്രവർത്തിക്കുകയും ജമാഅത്തിൽ ഭിന്നിപ്പുണ്ടാക്കുകയും ചെയ്തതി നാലാണു അവർ രണ്ടു പേരോടും ജമാഅത്തിൽ തുടരാൻ ഉദ്ദേശിക്കു ന്നുവെങ്കിൽ ആലോചിച്ചു തീരുമാ നിച്ച ശേഷം രണ്ടാമതും ബൈഅ ത്തു ചെയ്യാൻ ഹദ്റത്ത് ഖലീഫത്തു ൽ മസീഹ് അവ്വൽ (റ) അവരോടു ആവശ്യപ്പെട്ടത്. അത്തരത്തിൽ രണ്ടു പേരും ബൈഅത്തു ചെയ്തെങ്കിലും അവർ തങ്ങളുടെ കുത്സിത പ്രവർത്തനങ്ങൾ തുടർ ന്നു കൊണ്ടേയിരുന്നു. ആ ബൈഅ ത്തു അവർക്ക് വലിയ ക്ഷീണവും അഭിമാന പ്രശ്നവും ഉണ്ടാക്കി. ഖ്വാജാ കമാലുദ്ദീൻ സാഹിബ് എപ്പോഴും തന്നെ അവസരത്തിനൊ ത്തു തുള്ളുന്നയാളും വീണിടത്തു ഉരുളുന്നയാളുമായിരുന്നു. അതിനാ ൽ തങ്ങളിൽ നിന്നും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമതും ബൈഅത്തു വാങ്ങിയത് തങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള കുറ്റമോ അപരാധമോ കാരണമല്ലെന്നും അതു ബൈഅത്തെ തൗബയല്ലെ ന്നും അതിന്റെ പേര് ബൈഅത്തെ ഇർശാദ് എന്നാണെന്നും, ഏതെങ്കി ലും ഒരു ശിഷ്യൻ തന്റെ ആത്മീയ ഗുരുവിന്റെ അനുസരണത്തിൽ സാധാരണയിൽ കൂടുതലായി ഉയർന്നാലാണ് ബൈഅത്തെ ഇർശാദ് ശിഷ്യനിൽ നിന്നു വാങ്ങു ന്നതെന്നു പറഞ്ഞു ജമാഅത്തിലു ള്ളവരുടെ കണ്ണിൽ പൊടിയിടാനും തങ്ങളുടെ നഷ്ടപ്പെട്ട പ്രതിച്ഛായ വീണ്ടെടുക്കാനുമുള്ള വിഫല ശ്രമം ആരംഭിക്കുകയും ചെയ്തു.

മൗലവി മുഹമ്മദ് അലി സാഹിബ് ഖാദിയാൻ ഉപേക്ഷിച്ചു പോകാനുള്ള ഉദ്ദേശ്യം വെളിപ്പെടു ത്തിയപ്പോൾ ഖ്വാജാ കമാലുദ്ദീൻ സാഹിബ് അദ്ദേഹത്തോടു മറ്റു പല കാര്യങ്ങൾക്കു പുറമെ ഇങ്ങനേയും പറഞ്ഞു മൗലവി സാഹിബേ

ക്കുകയും ചെയ്തു. ഹുസൂർ വളരെ വിശാല മനസ്ക്കതയോടെ അയാളുടെ അപേക്ഷ സ്വീകരിക്കുകയും ഈ സ്വത്ത് അൽപം വില കുറച്ചു അയാൾക്കു തന്നെ തിരിച്ചു നൽകാൻ അഞ്ചുമനു നിർദേശം നൽകുകയും ചെയ്തു.

അഞ്ചുമനു മുന്നിൽ ഹുസൂറിന്റെ ഈ കത്തു വന്നപ്പോൾ ജമാഅത്തംഗങ്ങൾക്കിടയിൽ ഹുസൂറിനെ കുറിച്ച് തെറ്റിദ്ധാരണ പരത്തുവാനും ഹുസൂറിന്റെ പ്രതിച്ഛായ തകർക്കുവാനുമുള്ള ഒരു സുവർണാവസരം കൈവന്നിരിക്കുകയാണെന്നും അതൊരിക്കലും നഷ്ടപ്പെടുത്തരുതെന്നും അവർ തീരുമാനിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചുമന്റെ ഒരു വില കൂടിയ സ്വത്ത് വളരെ വില കുറച്ചു വിൽക്കുവാനും അതിലൂടെ ജമാഅത്തിനു ഭീമമായ നഷ്ടമാണുണ്ടാക്കാൻ പോകുന്നതെന്നും അവർ ജമാഅത്തിൽ പ്രചരിപ്പിക്കാൻ തുടങ്ങി. എന്നിട്ടവർ ഹുസൂറിനോടു ഞങ്ങൾ ഈ മാളിക ലേലം ചെയ്തു വിൽക്കാൻ പോവുകയാണെന്നും വിലയിൽ ഇളവു നൽകി അഞ്ചുമനു നഷ്ടമുണ്ടാക്കാൻ ആഗ്രഹിക്കുന്നില്ലെന്നും ശിയാ സഹോദരനു വേണമെങ്കിൽ ലേലത്തിൽ പിടിച്ചു കൊള്ളട്ടെ എന്നു പറയുകയും ചെയ്തു. ഇക്കൂട്ടർ ഒരു തരത്തിലും സമ്മതിക്കുന്നില്ലെന്നു കണ്ടപ്പോൾ ഹുസൂർ ദ്വേഷ്യപ്പെട്ടു കൊണ്ട് പറഞ്ഞു നിങ്ങൾ നിങ്ങളുടെ ഇഷ്ടം പോലെ ചെയ്തു കൊള്ളൂ ഞാനീ കാര്യത്തിൽ ഇടപെടുന്നില്ല. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഈ സംഭവത്തെ കുറിച്ചു അരുൾ ചെയ്യുകയാണ്.

ഇതു സംബന്ധിച്ചു അഞ്ചുമന്റെ യോഗം വിളിച്ചപ്പോൾ ആ യോഗത്തിൽ ഞാനും ഉണ്ടായിരുന്നു. അഞ്ചുമൻ ഇശാഅത്തെ ഇസ്ലാം ലാഹോറിന്റെ സെക്രട്ടറി ഡോക്ടർ മുഹമ്മദ് ഹുസൈൻ ശാഹ് സാഹിബ് തന്റെ സംസാരത്തിൽ നമ്മൾ ട്രസ്റ്റിയാണെന്നും അല്ലാഹുവിനോടു നാളെ ഉത്തരം പറയാൻ ബാദ്ധ്യസ്ഥരാണെന്നും പറഞ്ഞു കൊണ്ട് ഈ കാര്യത്തിൽ നമ്മൾ എന്താണു ചെയ്യേണ്ടതെന്നു അഭിപ്രായം ചോദിച്ചു. ഞാൻ പറഞ്ഞു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് വിലയിൽ അൽപം ഇളവ് നൽകി ആ വ്യക്തിക്കു തന്നെ മാളിക തിരിച്ചു നൽകാൻ പറഞ്ഞ സ്ഥിതിക്കു നമ്മൾ അതു തന്നേയാണു ചെയ്യേണ്ടത്. അപ്പോൾ ഡോക്ടർ ശാഹ് സാഹിബ് പറഞ്ഞു ഹദ്റത്ത് സാഹിബ് വേണ്ടതു ചെയ്തു കൊള്ളാൻ അനുവാദം നൽകിയിട്ടുണ്ട്. ഹുസൂറിന്റെ ആ കത്തെടുത്ത് വായിച്ചു കേൾപിച്ചപ്പോൾ ഞാൻ പറഞ്ഞു ഈ കത്തിൽ ഹുസൂറിന്റെ അനുവാദത്തിനു പകരം അനിഷ്ടവും ദ്വേഷ്യവുമാണു പ്രകടമാവുന്നത്. അതിനാൽ എന്റെ അഭിപ്രായം ഞാൻ ആദ്യം പറഞ്ഞതു തന്നേയാണ്.

അപ്പോൾ അദ്ദേഹം അല്ലാഹുവിനെ ഭയപ്പെടുന്നതിനെ കുറിച്ചും തഖ്വയെ കുറിച്ചും ദീർഘമായി സംസാരിച്ചു. നിങ്ങൾ എന്താണു ഉദ്ദേശിക്കുന്നത് അതു തന്നെ ചെയ്തുകൊള്ളു എന്നാൽ എന്റെ അഭിപ്രായത്തിൽ ഞാൻ പറഞ്ഞതു തന്നേയാണു ശരി എന്നു ഞാൻ പറഞ്ഞു കൊണ്ടേയിരുന്നു. അന്നു ഞാൻ അഞ്ചുമന്റെ യോഗത്തിൽ തനിച്ചായിരുന്നു. അവർ ഭൂരിപക്ഷവും. അതിനാൽ അവർ അവരുടെ ഇച്ഛയനുസരിച്ചു റെസലൂഷൻ പാസ്സാക്കി. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ അടുക്കൽ ഈ വിവരം എത്തിയപ്പോൾ അവരെ വിളിപ്പിച്ചു കാര്യം തിരക്കി. അവർ പറഞ്ഞു മുഴുവൻ പേരുടേയും ഏകാഭിപ്രായത്താലാണു തീരുമാനം കൈകൊണ്ടത്. എന്നിട്ടു പറഞ്ഞു മിയാ സാഹിബും (ഹദ്റത്ത് മുസ്ലിഹ് മൗഊദ്) അവിടെ ഉണ്ടായിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുകയാണു അവർ എന്റെ പേരെടുത്ത് ഞാനും ആ യോഗത്തിലുണ്ടായിരുന്നുവെന്നു പറഞ്ഞപ്പോൾ ഹുസൂർ അപ്പോൾ തന്നെ എന്നെ വിളിപ്പിച്ചു. എന്നിട്ടു എന്നോടു ചോദിച്ചു മിയാ ഇതെന്താണു ഞാനീ കേൾക്കുന്നത്. എന്റെ നിർദേശങ്ങളേയും കൽപനകളേയും ഇത്രയും തുറന്ന നിലയിൽ ലംഘിക്കാൻ എങ്ങനെ സാധിച്ചു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുകയാണു. ഞാൻ ഹുസൂറിനോടു പറഞ്ഞു. ഹുസൂർ, ഞാൻ ഹുസൂറിന്റെ ഒരു കൽപനയും ലംഘിച്ചിട്ടില്ല. അവരെല്ലാവരും ഇവിടെ ഇരിപ്പുണ്ട്. അവരുടെ മുന്നിൽ വച്ചു ഞാൻ പറയുകയാണ് ഹുസൂറിന്റെ കത്തിൽ നിന്നും ഹുസൂറിന്റെ അനുവാദമല്ല മറിച്ച് അനിഷ്ടവും ദ്വേഷ്യവുമാണു പ്രകടമാവുന്നതെന്നു ഞാനവരോട് വളരെ വ്യക്തമായി പറഞ്ഞിരുന്നു. അതു കേട്ടപ്പോൾ ഹുസൂർ പറഞ്ഞു ഇവനെ സംബന്ധിച്ചു നിങ്ങൾ എപ്പോഴും കുട്ടി, കുട്ടിയെന്നാണു പറയാറ്. എന്നാൽ ആ കുട്ടി എന്റെ കത്ത് വേണ്ടവിധം മനസ്സിലാക്കിയിരിക്കുന്നു. നിങ്ങൾക്കത് മനസ്സിലാക്കാൻ സാധിച്ചില്ല. അതിനു ശേഷം ഹുസൂർ എല്ലാവരേയും ശാസിക്കുകയും ഉപദേശിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു എല്ലാ അനുഗ്രഹങ്ങളും അനുസരണത്തിലാണുള്ളത് എന്നു മനസ്സിലാക്കണം. അതിനാൽ നിങ്ങൾ നിങ്ങളുടെ നിലപാടും ശീലവും നടപടിയും മാറ്റിയേ പറ്റൂ. അല്ലാത്തപക്ഷം നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്നും അകന്നു പോകും.

ഹുസൂറിന്റെ നിർദേശങ്ങൾക്കു വിരുദ്ധമായി അഞ്ചുമൻ വലിയ വിലയ്ക്കു വിൽക്കാൻ വച്ച മാളിക ഹദ്റത്ത് മൗലവി ഫസ്ലുദ്ദീൻ സാഹിബിന്റെ അനുജൻ അന്നത്തെ മാർക്കറ്റ് വില നൽകി അഞ്ചുമനിൽ നിന്നും വാങ്ങിക്കാൻ തയ്യാറായിരുന്നു. പക്ഷേ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ആ മാളിക അൽപം വിലക്കുറവോടു കൂടി ഒരു ശിയാ സഹോദരനു നൽകാൻ നിർദേശിച്ചിട്ടുണ്ടെന്നും എന്നാൽ കൂടുതൽ

വിലയ്ക്കു അഞ്ചുമൻ എനിക്കു വിൽകാനാണു ശ്രമിക്കുന്നതെന്നും അദ്ദേഹത്തിനു മനസ്സിലായപ്പോൾ അദ്ദേഹം പറഞ്ഞു ഹദ്റത്ത് ഖലീഫ ത്തുൽ മസീഹിന്റെ അനിഷ്ടം സ്വീകരിക്കാൻ എനിക്കാവുകയില്ല. അതിനാൽ ആ മാളിക ഒരു മുക്കാലിനു അഞ്ചുമൻ എനിക്കു വിൽക്കാൻ തയ്യാറായാൽ പോലും ഞാൻ ആ മാളിക വാങ്ങാൻ തയ്യാറല്ല. അതോടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ ധിക്കരി ച്ചു കൊണ്ടുള്ള അഞ്ചുമന്റെ കളികൾ വെള്ളത്തിലായി. അങ്ങേ യറ്റം ദു:ഖകരമെന്നു പറയട്ടെ ഒരു ഭാഗത്തു ഈ ഖിലാഫത്തു വിരുദ്ധ രുടെ വായ കൊണ്ടുള്ള വാദം ഞങ്ങൾ അങ്ങയെ ഖലീഫത്തുൽ മസീഹ് ആയി അംഗീകരിക്കുന്നു അങ്ങയുടെ എല്ലാ കൽപനകളും ഞങ്ങൾക്കു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കൽപന പോലെ തന്നേയാണ് എന്നാണ്. പക്ഷേ, യാഥാർത്ഥ്യം തികച്ചും മറ്റൊന്നാണെ ന്നു എല്ലാവർക്കും അറിയാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) എല്ലായിപ്പോഴും തന്നെ മറ്റുള്ളവരോടു അങ്ങേയറ്റം കാരു ണ്യത്തോടും വിട്ടു വീഴ്ചയോടും കൂടി മാത്രമേ പെരുമാറിയിരുന്നു ള്ളു. ഈ ഖിലാഫത്തു വിരുദ്ധർ തങ്ങളുടെ പലതരത്തിലുള്ള ഗൂഢാ ലോചനയിലൂടേയും ദുഷ്ചെയ്തിയി ലൂടെയും ഹുസൂറിന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചിട്ടുണ്ടായി രുന്നു. അവർക്കെതിരിൽ ശിക്ഷാ നടപടികൾ ഉണ്ടാകുമെന്നു പറയു മെങ്കിലും ഹുസൂർ കർശനമായ നടപടികൾ അവർക്കെതിരിൽ സ്വീകരിച്ചില്ല. എങ്കിലും ഹുസൂറിന്റെ ശക്തമായ ഇടപെടൽ ഒന്നു കൊണ്ട് തന്നേയാണു ഖിലാഫത്തിന്നെതി രിൽ അവർക്കൊന്നും ചെയ്യാൻ സാധിക്കാതിരുന്നത്. ഹുസൂർ വളരെ ലോല ഹൃദയനായിരുന്നു. മറ്റുള്ളവരുടെ വേദന ഹുസൂറിന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചിരു ന്നു. ഒരു സംഭവം വിവരിക്കാം.

## ഒരു സഹാബിയോടുള്ള ഹുസൂറിന്റെ ദീനാനുകമ്പ

ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ സഹാബിയായ ഹദ്റത്ത് ചൗധരി ഹാഖിം ദീൻ സാഹിബ് ഖാദിയാൻ ബോഡിംങ്ങ് ഹൗസിലെ ഒരു സാധാരണ ജീവനക്കാരനാ യിരുന്നു. അദ്ദേഹം വിവരിക്കുകയാ ണ് എന്റെ ഭാര്യയുടെ ആദ്യ പ്രസവ സമയത്ത് ഭാര്യക്ക് അതികഠിനമായ വേദനയും ബുദ്ധിമുട്ടും അനുഭവ പ്പെടുകയുണ്ടായി. സമയം രാത്രി പതിനൊന്നു കഴിഞ്ഞിരിക്കുന്നു. ഭാര്യയുടെ വേദന കണ്ടു നിൽകാ നാവാത്തതിനാൽ മറ്റൊരു വഴിയും കാണാഞ്ഞതു കൊണ്ട് ഞാൻ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അടുക്കൽ ചെന്നു ദുആക്കു വേണ്ടി അപേക്ഷിക്കാൻ തീരുമാനിച്ചു. ഞാൻ ഹുസൂറിന്റെതാമസ സ്ഥല ത്തുചെന്നു. പുറത്തു കാവൽ നിൽക്കുന്ന പാറാവുകാരനോടു ഞാൻ കാര്യം പറഞ്ഞു. ഈ സമയം ഹുസൂറിനെ കാണാൻ പറ്റുമോ എന്ന് അയാളോടു ചോദി ച്ചു, സമയം വളരെ വൈകിയി രിക്കുന്നുവെന്നും ഈ സമയം ഹുസൂറിനെ കാണാൻപറ്റുകയില്ലെ ന്നും അയാൾ തറപ്പിച്ചു പറഞ്ഞു. പാറാവുകാരനുമായുള്ള എന്റെ സംസാരം അകത്തു നിന്നു ഹുസൂർ കേൾക്കുന്നുണ്ടായിരുന്നു. സ്നേഹ ധനനായ ഹുസൂർ ഉടനെ എന്നെ അകത്തേക്ക് വിളിപ്പിച്ചു. ഞാൻ ഹുസൂറിനോട് ഭാര്യയുടെ വേദനയുടേയും ബുദ്ധിമുട്ടിന്റേയും കാര്യം പറഞ്ഞു. ഹുസൂർ ഒരു ഈത്തപ്പഴത്തിൽ ദുആ ചെയ്ത് ഊതി എനിക്ക് തന്നിട്ട് പറഞ്ഞു, ഇത് കൊണ്ടുപോയി നിന്റെ ഭാര്യക്ക് കൊടുക്കണം. എന്നിട്ട് ഭാര്യ പ്രസവിച്ചാൽ അപ്പോൾ തന്നെ എന്നെവന്ന് വിവരം അറിയിക്കുക യും ചെയ്യണം. ഹദ്റത്ത് ഹാഖിം ദീൻ സാഹിബ് പറയുകയാണു ഹുസൂർ പറഞ്ഞതു പോലെ ഈത്തപ്പഴം ഞാൻ ഭാര്യക്ക് കൊടുത്തു. അതു അത്ഭുതകര മായ രീതിയിൽ പ്രവർത്തിച്ചു. അൽപ സമയം കഴിഞ്ഞതേയുള്ളു, എന്റെ ഭാര്യ ഒരു പെൺകുഞ്ഞിന് ജന്മം നൽകി.

ഹദ്റത്ത് ഹാഖിം ദീൻ സാഹിബ് തുടർന്ന് പറയുകയാണ്. ഭാര്യ പ്രസവിച്ചാൽ അപ്പോൾ തന്നെ അറിയിക്കണമെന്നു ഹുസൂർ പറഞ്ഞിരുന്നുവെങ്കിലും ആ സമയം ഹുസൂർ ഉറങ്ങുകയായിരി ക്കുമെന്നും ഉണർത്തുന്നത് ഉചിത മല്ലെന്നും കരുതി അപ്പോൾ ഹുസൂറിന്റെ അടുക്കൽ ഞാൻ ചെന്നില്ല. പുലർച്ചെ സുബഹി ബാങ്കിന്റെ അവസരത്തിൽ ഞാൻ ഹുസൂറിന്റെ സന്നിധിയിൽ ഹാജരാ വുകയും വിവരങ്ങളെല്ലാം ഹുസൂറി നെ അറിയിക്കുകയും ചെയ്തു. ഹുസൂർ അരുൾ ചെയ്തു, ഹാഖിം ദീൻ, പെൺകുട്ടി ജനിച്ച ശേഷം നീയും നിന്റെ ഭാര്യയും സമാധാന ത്തോടെ സുഖമായി ഉറങ്ങി. അല്ലേ? നീ എന്നേയും കൂടി ആ വിവരം അറിയിച്ചിരുന്നുവെങ്കിൽ ഞാനും അൽപം വിശ്രമിക്കുമായിരുന്നുവ ല്ലോ. രാത്രി മുഴുവനും നിന്റെ ഭാര്യക്ക് വേണ്ടി ഞാൻ ദുആ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

താൻ പൊറുക്കാനാവാത്ത പാതകമായിപ്പോയല്ലോ ചെയ്തതു എന്ന നിലയിൽ ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് ഹാഖിംദീൻ സാഹിബ് നിയന്ത്രണം വിട്ട് പൊട്ടിക്കരഞ്ഞു. എന്നിട്ട് പറഞ്ഞു, നിസ്സാര സേവകനും പരിചാരകനുമായ ഹാഖിംദീൻ എവിടെ കിടക്കുന്നു, സമുദായത്തി ന്റെ മഹാനായ നൂറുദ്ദീൻ എവിടെ വിരാജിക്കുന്നു. അതായത് യാതൊ രു സാമ്യതയുമില്ലാതിരുന്നിട്ടും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) നിസ്സാരനിൽ നിസ്സാരനാ യ എന്നോട് കാണിച്ച കാരുണ്യവും ഔദാര്യവും സ്വന്തമെന്ന വികാര വും എത്ര മഹത്തരമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ എപ്പോഴും തന്നെ മറ്റുള്ളവരോടു സഹാനുഭൂതിയും

സ്വന്തംജീവിതത്തിൽ ലാളിത്യവും വിനയവുംപ്രകടിപ്പിച്ചിരുന്നു. ഹുസൂറിന്റെ ഖിലാഫത്തു കാലത്തു ഖാദിയാനിൽ നമ്മുടെ ബുക്ക് ഷോപ്പുകളിൽ ഹുസൂറിന്റെ ഫോട്ടോ ഫ്രെം ചെയ്തു വിൽക്കാറുണ്ടായിരുന്നു. ആരോ ഒരാൾ വിവരം ഹുസൂറിനോടു പറയുകയും ഫോട്ടോ എത്തിക്കുകയും ചെയ്തു. ഫോട്ടോ നോക്കി ഹുസൂർ പറഞ്ഞു ഇതെന്റെ യുവത്വകാലത്തെ ഫോട്ടോയാണ്. അതായത് രൂപത്തിലും ശാരീരിക ഘടനയിലും കുറേയേറെ മാറ്റം വന്നിരിക്കുന്നു. എന്നിട്ടു പറഞ്ഞു ഇതൊരു നല്ലകാര്യമല്ല. ഹിന്ദുക്കളിൽ കാണുന്നതു പോലെ പിന്നീട് ഫോട്ടോയിൽ പുഷ്പാർചന നടത്താതിരുന്നാൽ മതിയായിരുന്നു. ഒരിക്കൽ ഹുസൂറിന്റെ ഭാര്യയെ കുറിച്ചു ആരോ ഒരാൾ ഉമ്മുൽ മുഅ്മിനീൻ എന്നു പറഞ്ഞു. അതു കേട്ടപ്പോഴും ഹുസൂർ അങ്ങേയറ്റം വെറുപ്പും അനിഷ്ടവും പ്രകടിപ്പിക്കുകയുണ്ടായി. ഉമ്മുൽ മുഅ്മിനീൻ അല്ലെങ്കിൽ മുഅ്മിനീങ്ങളുടെ മാതാവ് എന്നത് നബിമാരുടെ ഭാര്യമാർക്കു മാത്രമുള്ള സ്ഥാനപ്പേരാണല്ലോ.

വീണ്ടും പഴയ സംഭവത്തിലേയ്ക്കു തിരിച്ചു വരാം. മാളികയുടെ വിൽപന മുടങ്ങിയപ്പോൾ ജമാഅത്തിന്റെ അഭുദയകാംക്ഷികളെന്നു സ്വയം പറഞ്ഞു നടന്നിരുന്ന ഈ അഞ്ചുമൻ വാദികൾ ആകെ ഇളിഭ്യരായി. പിന്നീട് എല്ലാവരും തന്നെ ഹുസൂറിനു മുന്നിൽ വന്നു അങ്ങേയയറ്റം വിനയത്തോടെ തങ്ങൾ ചെയ്തു പോയതിൽ ക്ഷമാപണം ചെയ്തു. പക്ഷേ, അതും അവരുടെ ഒരു പ്രകടനമായിരുന്നു. യഥാർഥത്തിൽ അവർ ഹൃദയം കൊണ്ട് ഖലീഫത്തുൽ മസീഹിന്റെ ബദ്ധശത്രുക്കളായി മാറിക്കഴിഞ്ഞിരുന്നു. ശത്രുതാപരമായ അവരുടെ നിലപാടിൽ ഒരു കുറവും വന്നില്ലെന്നു മാത്രമല്ല അതു വർദ്ധിച്ചു കൊണ്ടേയിരുന്നു. എന്തു തന്നെ സംഭവിച്ചാലും ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ഖിലാഫത്ത് സ്ഥാനത്തു നിന്നു നീക്കം ചെയ്യുമെന്നു പരസ്യമായി ലാഹോറിൽ അവരുടെ സദസ്സുകളിൽ കൊട്ടിഘോഷിക്കുകയുണ്ടായി. ഇതു സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്നു വിവരം ലഭിച്ചപ്പോൾ, ഇത്തരക്കാർക്കു തങ്ങളുടെ സ്വഭാവങ്ങളിലും ചെയ്തികളിലും മാറ്റം വരുത്തുന്നതിനായി ഈദുൽ ഫിത്ർ വരെ ഞാൻ സമയം നൽകുമെന്നും അതിനിടയിൽ അവർ ഇസ്‌ലാഹ് ചെയ്യുന്നില്ലായെങ്കിൽ അവരെ എല്ലാവരേയും ജമാഅത്തിൽ നിന്നും പുറത്താക്കുമെന്നും പ്രസ്താവിക്കുകയുണ്ടായി. ഹുസൂറിന്റെ ഈ അന്ത്യ ശാസനം ഉണ്ടായിട്ടും അവരിൽ യാതൊരു മാറ്റവും ഉണ്ടായില്ലെന്നു മാത്രമല്ല അവർ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ കുറിച്ചു പല അപവാദങ്ങളും ഉണ്ടാക്കി കത്തുകളിലൂടെ പരസ്പരം ചർച്ച ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്തു.

## 1909 ലെ ഈദുൽ ഫിത്ർ ഖുത്തുബയും മുന്നറിയിപ്പുകളും

അവസാനം ജമാഅത്തിന്റെ വിമതർക്കെതിരിൽ നടപടിയുണ്ടാകുമെന്നു പറഞ്ഞ 1909ലെ ഈദുൽ ഫിത്ർ വന്നു. പക്ഷേ, മറ്റുള്ളവരോടു എന്നും ദയാവാപ്പോടെ പ്രവർത്തിച്ചിരുന്ന ഹുസൂർ ആരേയും ജമാഅത്തിൽ നിന്നും പുറത്താക്കിയില്ല. പ്രസ്തുത ഈദുൽ ഫിത്ർ ഖുതുബയിൽ ഹുസൂർ ഇത്തരക്കാരെ ദീർഘമായി ഗുണദോഷിച്ചും ഉപദേശിച്ചു കൊണ്ടും പറഞ്ഞു, ഒരു സമൂഹവും ഐക്യത്തോടെയല്ലാതെ സമൂഹമോ ജനതയോ ആയിത്തീരുകയില്ല. ഒരു മനുഷ്യനും അവൻ കഴിഞ്ഞു കൂടുന്ന തെരുവും ഒരു ഗ്രാമവും ഒരു രാജ്യവും ഒരു സാമ്രാജ്യവും ഐക്യത്തോടെയല്ലാതെ നിലനിൽക്കുകയില്ല. അതുപോലെ ഐക്യത്തോടെയല്ലാതെ ഒരാൾക്കു അഭിവൃദ്ധിപ്പെടാനോ പുരോഗതി പ്രാപിക്കാനോ ആവുകയില്ല.

അതിനു ശേഷം ഹദ്റത്ത് ആദം (അ) മിന്റേയും ഹദ്റത്ത് ദാവൂദി (അ) ന്റേയും ഹദ്റത്ത് അബൂബക്കറി (റ) ന്റേയും മറ്റു ഖലീഫമാരുടെയും ഉദാഹരണങ്ങൾ വിവരിച്ചു കൊണ്ട് ഹുസൂർ പറഞ്ഞു ഇവരോടെല്ലാം തന്നെ ആ കാലങ്ങളിൽ ശത്രുതാപരമായ നിലപാടു സ്വീകരിക്കുകയും എതിരിടുകയും ചെയ്തവരുടെ പര്യവസാനം എന്തായിരുന്നുവെന്നു നിങ്ങൾ തന്നെ ചിന്തിച്ചു നോക്കുക. എന്നിട്ടു ഹുസൂർ പറഞ്ഞു ഇപ്പോൾ ഞാൻ നിങ്ങളുടെ ഖലീഫയാണ്. അൽവസിയത്തിൽ നൂറുദ്ദീനെ കുറിച്ചു ഒന്നും എഴുതിയിട്ടില്ലല്ലോ എന്നാരെങ്കിലും പറയുകയാണെങ്കിൽ ആദമിനെ കുറിച്ചും അബൂബക്കറിനെ സംബന്ധിച്ചും മുൻ പ്രവചനങ്ങളിൽ യാതൊരു പരാമർശവുമില്ലല്ലോ എന്നു ഞാനും പറയും.

ഹുസൂർ തുടർന്നു ഹദ്റത്ത് സാഹിബിന്റെ അൽവസിയ്യത്തിൽ മറഞ്ഞിരിക്കുന്ന മഹത്തായൊരു ജ്ഞാനമുണ്ട്. ഇന്നു ഞാനത് നിങ്ങളുടെ മുന്നിൽ വിശദമാക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖലീഫയെ നിയമിക്കുന്ന കാര്യം അല്ലാഹുവിനെ ഭരമേൽപിച്ചിട്ടാണുള്ളത്. എന്നിട്ട് പതിനാലു പേരോട് (അഞ്ചുമന്റെ പതിനാലു മെമ്പർമാർ) പറഞ്ഞു നിങ്ങൾ എല്ലാവരും ചേർന്നുള്ള അവസ്ഥയെയാണു ഖലീഫത്തുൽ മസീഹ് എന്നു പറയുന്നത്. മാത്രവുമല്ല നിങ്ങളുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും. ഗവർമ്മേണ്ട് തലത്തിലും അങ്ങനെ തന്നെയായിരിക്കും. പിന്നീട് ആ പതിനാലു പേരെയും കെട്ടി വരിഞ്ഞു ഒരാളുടെ കൈയിൽ ബൈഅത്തു ചെയ്യിച്ചു. എന്നിട്ടു പറഞ്ഞു ഇതാ ഇയാളെ നിങ്ങൾ തങ്ങളുടെ ഖലീഫയായി അംഗീകരിച്ചോളൂ. ഇത്തരത്തിൽ നിങ്ങളെ എല്ലവരേയും ഒരുമിപ്പിച്ചിരിക്കുകയാണ്. പിന്നീട് പതിനാലു

പേരെ മാത്രമല്ല മുഴുവൻ ജനങ്ങളേയും കൊണ്ടു വന്നു എന്റെ ഖിലാഫത്തിൻ കീഴിലാക്കിയിരിക്കുകയാണ്. അതിനാൽ ഏതൊരാൾ ഇത്തരത്തിൽ ഈ ഐക്യത്തിനും അഭിപ്രായ സമന്വയത്തിനും തുരങ്കം വെക്കുന്നുവോ അവർ അല്ലാഹുവിന്റെ ശത്രുവാണ്. അല്ലാഹു പറയുന്നു

وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّىٰ وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا

സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിൻപറ്റുകയും ചെയ്യുന്നുവോ അവൻ പിന്തുടർന്നു വന്ന ഒന്നിന്റെ പിന്നാലെ നാം നടത്തിവിടുകയും നാം അവനെ നരകത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും അത് എത്രയും ചീത്തയായ സങ്കേതമാണ്. (ഖുർആൻ 4 : 116) വീണ്ടും പറയുന്നു:

فَأَعْقَبَهُمْ نِفَاقًا فِي قُلُوبِهِمْ إِلَىٰ يَوْمِ يَلْقَوْنَهُ بِمَا أَخْلَفُوا اللَّهَ مَا وَعَدُوهُ وَبِمَا كَانُوا يَكْذِبُونَ

അതിനാൽ, അല്ലാഹുവിനോടു അവർ ചെയ്ത വാഗ്ദാനം ലംഘിക്കുകയും അവർ കളവ് പറഞ്ഞു കൊണ്ടിരിക്കുകയും ചെയ്ത കാരണത്താൽ അവർ അല്ലാഹുവിനെ കണ്ടു മുട്ടുന്ന നാൾ വരേയും അവരുടെ ഹൃദയങ്ങളിൽ (നിലനിൽക്കുന്ന) കാപട്യം അവൻ അവർക്കു പകരമായി കൊടുത്തു. (ഖുർആൻ 9:77) എന്നിട്ട് ഹുസൂർ പറഞ്ഞു നിങ്ങൾ നിങ്ങളുടെ അവസ്ഥയ്ക്കു മാറ്റം വരുത്തുന്നില്ലെങ്കിൽ നിങ്ങളുടെ അവസ്ഥ ഈ പറഞ്ഞതിനു തുല്യമായിരിക്കും. ഞാനിതു പറയുന്നത് നിങ്ങളിൽ ചിലർ ബുദ്ധിശൂന്യരായതു കൊണ്ടും തുടർച്ചയായി കാലിടറിപ്പോകുന്നവരുമായതു കൊണ്ടുമാണ്.

അല്ലാഹു എന്നെ ചുമതലപ്പെടുത്തിയിരിക്കുന്ന ഈ ഉത്തരവാദിത്വത്തെ കുറിച്ചു അവന്റെ പേരിൽ മുഴുവൻ ശക്തിയോടും കൂടി ആണയിട്ടു പറയട്ടെ ഖിലാഫത്താകുന്ന ഈ മേലങ്കി ഒരിക്കലും എനിക്കു അഴിച്ചു വെക്കാനാവുകയില്ല. മുഴു ലോകവും അതോടൊപ്പം നിങ്ങളും എന്റെ ശത്രുക്കളായിത്തീർന്നാലും ആ ശത്രുതയ്ക്കു ഞാൻ ഒരു വിലയും കൽപിക്കുന്നില്ല. കൽപിക്കുകയുമില്ല. ആദ്യം നിങ്ങൾ ചെയ്തിരിക്കുന്ന ഉടമ്പടിയും കരാറും പൂർത്തിയാക്കുവിൻ. അപ്പോൾ വിജയം പ്രാപിക്കുന്നതും പുരോഗതി കൈവരിക്കുന്നതും നിങ്ങൾക്കു തന്നെ കാണുവാൻ സാധിക്കും. അതു എന്നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്.ഞാൻ നിങ്ങളോടു രണ്ടാമതും ബൈഅത്തു ചെയ്യുവാൻ ആവശ്യപ്പെടുന്നില്ല.നിങ്ങൾ ആദ്യം ചെയ്ത കരാറിൽ ഉറച്ചു നിൽക്കുവിൻ.

നിങ്ങൾ ഈ വൃദ്ധനു ഖുർആന്റെ ഏതെങ്കിലും ആയത്തോ ഹദീസോ, മസീഹ് മൗഊദി (അ)ന്റെ ഏതെങ്കിലും വചനങ്ങളുടെ അർഥമോ പറഞ്ഞു തരാൻ മാത്രം കഴിവുള്ളവരാണെന്ന ധാരണ വേണ്ട. ഞാനൊരു ദുർമാർഗിയാണെന്ന ചിന്ത നിങ്ങൾക്കുണ്ടെങ്കിൽ എന്നെ ഈ ലോകത്തു നിന്നും എത്രയും വേഗം കൊണ്ടു പോകാൻ അല്ലാഹുവിനോടു ദുആ ചെയ്യുവിൻ. അപ്പോൾ ആ ദുആ ആർക്കെതിരിലാണു സ്വീകരിക്കപ്പെടുന്നതെന്നു നിങ്ങൾക്കു കാണുവാൻ സാധിക്കും. നിങ്ങൾ നിങ്ങളിലുള്ള കുറ്റങ്ങളും കുറവുകളും സ്വയം തിരുത്തുവാൻ പരിശ്രമിക്കുക. ഒരു പരീക്ഷണം നിങ്ങൾക്കു വരേണ്ടെന്ന നിലയ്ക്കാണു നിങ്ങളെ ജമാഅത്തിൽ നിന്നും പുറത്താക്കാതിരിക്കുന്നത്. ഞാൻ പറഞ്ഞതെല്ലാം തന്നെ നിങ്ങളുടെ ഗുണത്തിനു വേണ്ടിയാണു. അല്ലാഹു തആല എനിക്കും നിങ്ങൾക്കും നേരായ മാർഗത്തിൽ ചരിക്കുവാനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. (തുടരും)

**പേജ് 23 ൽ നിന്ന് തുടർച്ച**

താണ്. അതിൽ പിന്നെ ആ സന്തതികളുടെ സന്തതികളും മരിച്ചു തീരും. എന്നാൽ അവരും മറിയമിന്റെ മകൻ ആകാശത്ത് നിന്നും ഇറങ്ങുന്നത് കാണുകയില്ല.!

അപ്പോൾ ഈ വിശ്വാസവും പ്രതീക്ഷയും വെച്ചുകൊള്ളുന്നവരുടെ ഹൃദയത്തിൽ പരിഭ്രമം ജനിക്കും. കാരണം അന്ന് കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മറിയമിന്റെ പുത്രൻ ആകാശത്ത് നിന്ന് ഇറങ്ങിവരികയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തു തുടങ്ങും. ഇങ്ങനെ ഇന്ന് മുതൽ മൂന്നു നൂറ്റാണ്ട് പൂർണ്ണമാകുന്നതിന്ന് മുമ്പെ തന്നെ ഈസായെ കാത്തിരിക്കുന്നവർ മുസ്‌ലിംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ ആഗമനത്തെ കുറിച്ച് നിരാശപ്പെടുകയും തീരെ മനം മടുത്ത് ഈ മിഥ്യാവിശ്വാസത്തെ പരിത്യജിക്കയും ചെയ്യും. പിന്നെ ലോകത്ത് ഒരേയൊരു മതവും ഒരേ നേതൃത്വവും മാത്രമായിരിക്കും. ആ ബീജം എന്റെ കൈയാൽ വിതക്കപ്പെട്ടിരിക്കുകയാണ്. അതിനി വളർന്ന് വരികയും യഥാകാലം പൂക്കുകയും കായ്ക്കുകയും ചെയ്യും. ഇതിനെ തടയുക ആർക്കും സാദ്ധ്യമല്ല. (തദ്കിറത്തുശ്ശഹാദത്തൈൻ)




കുറിപ്പുകൾ

# നരവേട്ടക്കിറങ്ങിയ ജിഹാദികൾ

## മുസാഫിർ


2023 ജനുവരി 11 ന് ബർക്കിന ഫാസോ എന്ന ആഫ്രിക്കൻ രാജ്യത്തുള്ള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പള്ളിയിൽ ഭീകരവാദികൾ നടത്തിയ അങ്ങേയറ്റം നിഷ്ഠൂരമായ കൂട്ടക്കൊലയിൽ ഒമ്പത് അഹ്മദികൾ അതിദാരുണമാം വിധം കൊലചെയ്യപ്പെടുകയുണ്ടായി. *'ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ'*. (തീർച്ചയായും നാം അല്ലാഹുവിന്റെതാണ് അവനിലേക്ക് തന്നെ മടങ്ങുന്നവരാണ്.) പ്രവാചക കാലഘട്ടങ്ങളിൽ കാണപ്പെടുന്ന രീതിയിൽ വിശ്വാസ ദാർഢ്യത്തിന്റെ ഐതിഹാസികമായ പ്രഖ്യാപനത്തിന് ശേഷമാണ് ഈ ഒമ്പത് രക്തസാക്ഷികളും ബലിദാനികളായത്. അഹ്മദിയ്യാ ജമാഅത്ത് ഉപേക്ഷിച്ചാൽ കൊല്ലില്ല എന്ന് ജിഹാദീ ഭീകരവാദികൾ ഉപാധിവെച്ചെങ്കിലും ധീരന്മാരായ ആ അഹ്മദികൾ അവരുടെ വാഗ്ദാനം അവജ്ഞയോടെ തള്ളിക്കളയുകയും ആ ശുഹദാക്കൾ റസൂൽതിരുമേനി (സ) യുടെ മസീഹിലുള്ള വിശ്വാസത്തിന് വേണ്ടി മരണം ഏറ്റുവാങ്ങുകയുമായിരുന്നു. അഹ്മദിയ്യത്ത് ഉപേക്ഷിച്ചില്ലെങ്കിൽ മറ്റുള്ളവർക്കും ഇതേ ഗതി വരുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടാണ് ഭീകരവാദികൾ ഗ്രാമം വിട്ടു പോയത്. അങ്ങേയറ്റം ഹൃദയഭേദകമായ ഈ സംഭവത്തിൽ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും ശഹീദാക്കപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും അഹ്മദികളെ സാന്ത്വനിപ്പിക്കുകയും സങ്കടങ്ങൾ അല്ലാഹുവിന്റെ മുന്നിൽ സമർപ്പിക്കാൻ ഉപദേശിക്കുകയും ചെയ്തു.



സർവ്വ ലോകത്തിനും അനുഗ്രഹീതനായ റസൂൽ തിരുമേനി(സ) യുടെയും ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം വിജയിപ്പിക്കാൻ ഇരുണ്ട ആഫ്രിക്കയിലടക്കം ലോകത്തിന്റെ കോണായ കോണുകളിൽ രാപ്പകലന്യേ വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന അഹ്മദികളെയാണ് ഇസ്‌ലാമിന്റെ പേരിൽ ഭീകരവാദവുമായി ഇറങ്ങിയ ഈ ജിഹാദികൾ വേട്ടയാടിക്കൊണ്ടിരിക്കുന്നത്.

മഹ്ദിയാബാദ് എന്ന അഹ്മദികൾ പണിത ഗ്രാമത്തിലാണ് ഈ അപലപനീയമായ കൂട്ടക്കൊല നടന്നത്. ഈ പ്രദേശത്ത് താമസിക്കുന്ന അഹ്മദികൾ ഇശാ നമസ്ക്കാരത്തിന് ഒത്തുകൂടിയതായിരുന്നു. അപ്പോഴാണ് മോട്ടോർ സൈക്കിളിൽ ആയുധധാരികളായ 8 ഭീകരർ പള്ളിക്കകത്ത് പ്രവേശിച്ചത്. അവർ അനഹ്മദികളുടെ പള്ളിയിലാണ് ആദ്യം ക്യാമ്പ് ചെയ്തത്. പിന്നീട് അഹ്മദിയ്യാ പള്ളിയിലേക്ക് വന്നാണ് ഈ നരമേധം നടത്തിയത്. അപ്പോൾ പള്ളിയിൽ സ്ത്രീകളും കുട്ടികളുമടക്കം 60 മുതൽ 70 വരെ അഹ്മദികളുണ്ടായിരുന്നു. അവർ ആദ്യം ആളുകളെ ഗ്രൂപ്പായി തിരിച്ചു. പള്ളി ഇമാം അൽഹാജ് ബൗറൈമ ബിഡിഗാ സാഹിബ് ഉൾപ്പെടെ മദ്ധ്യവസ്ക്കരും വൃദ്ധരുമായ ഒമ്പത് പേരെ തെരെഞ്ഞെടുത്ത് പള്ളിയങ്കണത്തിലേക്ക് കൊണ്ടുപോയി അവിടെ വെച്ച് 67 കാരനായ ഇമാം സാഹിബിനോട് അഹ്മദിയ്യാ വിശ്വാസം പരിത്യജിക്കാൻ ആദ്യം അവർ ആവശ്യപ്പെടുകയുണ്ടായി.

അദ്ദേഹം പ്രതികരിച്ചത് ഇപ്രകാര മായിരുന്നു. **'നിങ്ങൾ വേണമെങ്കിൽ എന്റെതലയെടുത്തുകൊള്ളുക, എന്ത് സംഭവിച്ചാലും ഞാൻ ഒരിക്ക ലും ഇസ്‌ലാം *അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നതല്ല.'*** നിറതോക്കിനു മുമ്പിൽ കൊലയാളി കാഞ്ചിയിൽ കൈവെച്ച് നിൽക്കുമ്പോഴും അചഞ്ചലമായ വിശ്വാസ പ്രഖ്യാപ നം തീർച്ചയായും മലക്കുകളുടെ സ്തുതി ഏറ്റുവാങ്ങുന്ന അസാധാര ണമായ ഒരു വിളംബരമാണ്. നാരാധമന്മാരായ കൊലയാളികൾ അത്കേട്ട് നടുങ്ങിപ്പോയിട്ടുണ്ടാ വണം. അതിന് ശേഷമാണ് ആ മഹാത്മാവ് ശഹീദാക്കപ്പെട്ടത്. അൽഹാജ് അഗാത ബൗറൈമ ബിഡിഗ സാഹിബ് അറബിഭാഷ യിലും ഇസ്‌ലാമിക വിഷയങ്ങളിലും അഗാധ പണ്ഡിതനായിരുന്നു. ഇമാം ബിഡിഗയുടെ അധരത്തിൽ നിന്നും അവസാനമായി മൊഴിഞ്ഞത് **'അല്ലാഹു അക്ബർ' (അല്ലാഹു വാണ് ഏറ്റവും വലിയവൻ)** എന്ന വിശ്വാസ ബോദ്ധ്യമായിരുന്നു. പിന്നീട് അവർ മറ്റ് എട്ടുപേരോടും ഓരോരുത്തരോടായി വാഗ്ദത്ത മസീഹിലുള്ള വിശ്വാസം ഉപേക്ഷി ക്കാൻ ആവശ്യപ്പെട്ടു. കൂട്ടത്തിൽ ഈസാ നബി (അ) മരിച്ചു പോയി എന്ന് വിശ്വസിക്കുന്ന അഹ്മദിക ളോട് ആകാശത്ത് ഈസാ നബി (അ) ജീവിച്ചിരിക്കുന്നു എന്നും ദജ്ജാൽ അതേപടി വരുമെന്ന് വിശ്വസിക്കാനും കൽപ്പിച്ചു. ഈ വിശ്വാസങ്ങളെല്ലാം ഉപേക്ഷച്ചിച്ചാൽ ഞങ്ങൾ കൊല്ലാതെ വിടാം എന്ന് അഹ്മദികളോട് ഭീകരവാദികൾ പറഞ്ഞു. അവരിൽ ഒരാൾ പോലും തങ്ങളുടെ വിശ്വാസം വെടിയാൻ സമ്മതിച്ചില്ല. സ്വന്തം കൺമുമ്പിൽ വെച്ച് അഹ്മദീ സഹോദരന്മാർ പിടഞ്ഞുമരിക്കുമ്പോഴും തൊട്ടടു ത്ത നിമിഷം തനിക്കും ഇതേ ഗതി വരും എന്നറിഞ്ഞിട്ടും ആ പരിശു ദ്ധാത്മാക്കൾ തങ്ങളുടെ വിശ്വാസം തൽക്കാലത്തേക്കെങ്കിലും തള്ളി പ്പറയാൻ കൂട്ടാക്കിയില്ല. ഹിമവാൻ പോലും തലതാഴ്ത്തിപ്പോവുന്ന വിശ്വാസദാർഢ്യത്തോടെ അവർ ഉറച്ചുനിന്നു. അങ്ങനെ അവർ ഓരോരുത്തരായി തങ്ങളുടെ പ്രിയ പ്പെട്ട വിശ്വാസത്തിന്റെ ബലിവേദി യിൽ വെടിയേറ്റ് പ്രാണൻ വെടി ഞ്ഞു. ഇരുണ്ട ആഫ്രിക്കയിൽ വീണ ഈ അരുണ ബീജങ്ങൾ വളരുകയും കായ്ക്കുകയും പുഷ്പ്പിക്കുകയും ചെയ്യാതിരി ക്കില്ല. വിശ്വാസ ലോകത്ത് അനശ്വരതാരങ്ങളായി തീർന്ന ആ എട്ട് ശുഹദാക്കളുടെ പേരുകൾ ഇപ്രകാരമാണ്. ഏജീ മാനിയൽ അൽഹസ്സനെ സാഹിബ് (70), ഏജീ ഹമീദൗ അബ്ദുറഹ് മാനെ സാഹിബ് (66), ഏജീ ഇബാഹീം സോലെ സാഹിബ് (66), ഏജീ മാലിയൽ ഒസ്സേനി സാഹിബ് (66), ഏജീ സൗദേയെ ഉസ്മാനെ സാഹിബ് (58), ഏജീ മാഗുൽ അഗാലി സാഹിബ് (52), ഏജീ ഇദ്രാസീ മൂസ സാഹിബ് (52), ഏജീ അദ്രമാനെ അഗൂമ സാഹിബ് (43) എല്ലാവർക്കും അല്ലാഹു ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹി ക്കട്ടെ.



പിഞ്ചുകുട്ടികളും സ്ത്രീകളു മടങ്ങുന്ന അഹ്മദികളുടെ മുമ്പിൽ വെച്ചാണ് നരാധമന്മാർ ഈ കിരാതകൃത്യം നടത്തിയത്. അഹ്മ ദീ മുസ്‌ലിംകൾ അവരുടെ വിശ്വാ സം ഉപേക്ഷിക്കാതെ പള്ളി തുറന്നാ ൽ തങ്ങൾ വീണ്ടും വന്ന് ഗ്രാമത്തി ലുള്ള എല്ലാ അഹ്മദികളെയും വധിക്കുമെന്ന് ഭീഷണി മുഴക്കിയാ ണ് ഭീകരർ സ്ഥലംവിട്ടത്. ആ രക്തസാക്ഷികളുടെ പുണ്യദേഹ ങ്ങൾ രാത്രി മുഴുവൻ പള്ളിമുറ്റത്ത് തന്നെ കിടന്നു. അടുത്ത ദിവസ മാണ് ആ പരിശുദ്ധാത്മാക്കളുടെ പുണ്യശരീരം അടക്കം ചെയ്തത്.

പടിഞ്ഞാറൻ ആഫ്രിക്കയിൽ ഫ്രഞ്ച് കോളനിയായിരുന്ന ബർക്കി നോ ഫോസോ 1960 ലാണ് സ്വതന്ത്രമായത്. ജനതയിൽ 63.2 ശതമാനവും മുസ്‌ലിംകളുള്ള ഒരു മുസ്‌ലിം ഭൂരിപക്ഷ രാജ്യമാണ് ബർക്കിനായുടെ 40 ശതമാനം ആളുകളും ദാരിദ്ര്യരേഖക്ക് താഴെ യാണ് ജീവിക്കുന്നത്. 1930 കളിൽ ബർക്കിനോ ഫാസൊയിലെ സനാ ഗോത്രജനത തൊട്ടടുത്ത രാജ്യമായ ഘാനയിൽ കാർഷിക ജോലികൾ ക്കും സ്വർണ്ണ ഖനിയിലും തൊഴി ലെടുക്കാൻ പോകുമായിരുന്നു. ഘാനയിലെ ആ തൊഴിലാളികളിൽ നിന്നാണ് സനാ ഗോത്ര വർഗ്ഗക്കാ രനായ ബിറ്റൊമോ ബാറോ സാഹിബ് എന്നയാൾ ആദ്യമായി അഹ്മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹം ബർക്കിനോ ഫോസയിൽ എത്തിയതിന് ശേഷം അഹ്മദിയ്യ ത്ത് തന്റെ സ്വദേശത്ത് പ്രചരിപ്പി ക്കുകയായിരുന്നു. മുസ്‌ലിംകളിൽ നിന്ന് വൻ എതിർപ്പാണ് നേരിട്ടത് അത് ഇന്നും തുടരുന്നു. സ്വാത ന്ത്ര്യം കിട്ടി രണ്ട് ദശകങ്ങൾക്ക് ശേഷം 1986 ലാണ് അഹ്മദിയ്യാ ജമാഅത്ത് ന്യൂനപക്ഷ പദവി യോടെ അവിടെ രജിസ്റ്റർ ചെയ്ത ത്.

വടക്കൻ ഭാഗത്തെ പട്ടണമായ ഡോറിക്കടുത്ത് സഹൽ റീജിയനിൽ ഗോൾഗൗണ്ടോ ഗ്രാമത്തിനടുത്ത് ജീവിക്കുന്ന 650 ഓളം അഹ്മ ദികൾ 2008 പണിത ഗ്രാമമാണ് മഹ്ദി ആബാദ്. ദരിദ്രരായ ആഫ്രിക്കൻ രാജ്യങ്ങളിൽ മാതൃകാ ഗ്രാമങ്ങൾ നിർമ്മിക്കുക എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ പദ്ധതി യുടെ ഭാഗമായിട്ടണ് ഈ ഗ്രാമം പണിതത്. ശുദ്ധ ജലം, സോളാർ എനർജി മുതലായ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമൊരു

ക്കി ആ ഗ്രാമത്തെ ഒരു മാതൃകാ ഗ്രാമമാക്കി വികസിപ്പിച്ചത് അഹ്മദി കളാണ്. മതപരമോ ഗോത്രീയമോ വർണ്ണപരമോ ഭാഷാപരമോ ആയ യാതൊരു പക്ഷഭേദങ്ങളുമില്ലാതെ ഗ്രാമവാസികളായ എല്ലാവർക്കും ഈ അടിസ്ഥാന സൗകര്യങ്ങൾ ഈ ഗ്രാമത്തിൽ ലഭ്യമാണ്.

## ഹിംസയുടെ ഉറവിടം

ഇസ്ലാം മതം അധികാരബലം കൊണ്ട് നടപ്പാക്കാമെന്ന പുത്തൻ ആശയം പ്രചരിപ്പിക്കുന്ന മത രാഷ്ട്രവാദത്തിന്റെ ആശയങ്ങളാണ് ഇസ്ലാമിന്റെ പേരിലുള്ള സംഹാരാത്മകമായ ജിഹാദിന്റെ ഉറവിടം. അധികാരസാന്ദ്രമായ രാഷ്ട്രത്തെ ഫാസിസത്തിന്റെ ശൈലിയിൽ ഇവർ ദൈവത്തോട് സമീകരിച്ചാണ് (ഹുകൂമത്തെ ഇലാഹി) പറയുക. അധികാരപൂജകരായ ഇക്കൂട്ടരുടെ രാഷ്ട്ര സിദ്ധാന്തമാണ് വാസ്തവത്തിൽ ഇസ്ലാമിന് അന്യമായ പുത്തൻ വാദം. മതം എന്നാൽ രാഷ്ട്രമാണെന്നും അഹ്മദികൾ മത (രാഷ്ട്രം) ത്തിൽ നിന്ന് പുറത്ത് പോയവരാണെന്നും ഇക്കൂട്ടർ പ്രചരിപ്പിക്കുന്നു. അത്തരക്കാർ രാജ്യദ്രോഹികളെ പോലെ വധാർഹരാണെന്നാണ് സൂചന. മനുഷ്യാത്മാവിന് മുമ്പിൽ ഒരു നിവേദനമായി സമർപ്പിക്കപ്പെട്ട ആത്മീയ പ്രധാനമായ ഇസ്ലാം മതത്തെ ഒരിക്കലും പരമാധികാരവും ശാസനാ സ്വഭാവമുള്ള രാഷ്ട്രമായി പരിവർത്തിപ്പിക്കാൻ സാദ്ധ്യമല്ല. ഈ അധികാരദുരയും ജിഹാദെന്ന വിപ്ലവ പരിപാടികളുമാണ് ഇവരുടെ സിദ്ധാന്തം. ആധുനിക കാലത്തെ ഒരു ഫാസിസ്റ്റ് അനുകരണം മാത്രമാണെന്ന് പറയാൻ കാരണം. ഈജിപ്തിലെ ഇഖ്വാൻ അൽ മുസ്ലിമൂൻ സ്ഥാപകരും നേതാക്കളുമായ ഹസനുൽ ബന്നയും സയ്യിദ് ഖുത്തുബും ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ജമാഅത്തെ ഇസ്ലാമീ സ്ഥാപകനായ മൗലാനാ മൗദൂദി സാഹിബുമാണ് ഈ സംഹാരത്മകമായ രാഷ്ട്രീയാശയങ്ങളുടെ സൈദ്ധാന്തിക നേതാക്കന്മാർ. മൗലാനാ മൗദൂദി സാഹിബ് തന്നെ ഈ സാദൃശ്യത്തെ പറ്റി പറയുന്നു: **'വിശാലമായ മനുഷ്യ ജീവിതമാകമാനമാണ് ഇസ്ലാമിക രാഷ്ട്രത്തിന്റെ പ്രവർത്തന മണ്ഡലം........അതിന്റെ മുമ്പിൽ ആർക്കും തന്നെ ഇതു തന്റെ സ്വകാര്യ ഇടപാടാണെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറുക സാദ്ധ്യമല്ല. ഈനിലക്ക് അതിനു ഫാസിസ്റ്റ് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളോട് ഒരു തരത്തിലുള്ള സാദൃശ്യമുണ്ടെന്ന് പറയാം' (ഇസ്ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം - അബുൽ അഅ് ലാ മൗദൂദി. പേജ് 44,45)** മൗദൂദി സാഹിബ് ചിന്തിച്ചു തുടങ്ങിയ കാലത്താണ് ലോകത്ത് ഫാസിസവും കമ്മ്യൂണിസവും വിജയോന്മാദത്തോടെ കടന്നു വന്നത്. രാഷ്ട്രീയ പ്രബുദ്ധനായ മൗദൂദി സാഹിബ് ഈ രാഷ്ട്രീയ വിപ്ലവ പ്രസ്ഥാനങ്ങളിൽ തദാത്മ്യപ്പെടുത്തി അലകും പിടിയും മാറ്റി ഇസ്ലാമികവത്ക്കരിക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ ആശയങ്ങൾ ഇസ്ലാമിന്റെ തനത് മൂല്യങ്ങൾക്ക് നിരക്കുന്നതല്ല. പരിശുദ്ധ ഇസ്ലാമിന്റെ പേരിലുള്ള ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും അടിവേരുകൾ ഇത്തരം അധികാര പൂജകരുടെ ആശയങ്ങളിലാണ് നിലകൊള്ളുന്നത്. ഖുർആൻ പറഞ്ഞത് പോലെ: **'നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. അറിയുക തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ'** (സൂറ: ബക്കറ 2:12,13)

ജമാഅത്തെ ഇസ്ലാമി സ്ഥാപകനായ അബുൽ അഅ്ലാ മൗദൂദിയുടെ ഫാസിസ്റ്റ് രീതിയിലുള്ള ആശയങ്ങളാണ് ഇത്തരം തീവ്രചിന്തകൾക്ക് അടിസ്ഥാനം. 'മുർത്തദ് കി സസാ ഇസ്ലാമി ഖാനൂൻ മെ' (മതപരിത്യാഗിയുടെ ശിക്ഷ ഇസ്ലാമിക നിയമത്തിൽ) എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു.

**'ഏതൊരു നാട്ടിലാണോ ഇസ്ലാമിക വിപ്ലവം വരുന്നത് അവിടെയുള്ള മുസ്ലിം ജനതക്ക് ഒരു നോട്ടീസ് നൽകപ്പെടും. അതായത് ആരാണോ ഇസ്ലാമിൽ നിന്ന് വിശ്വാസപരവും കർമ്മപരവുമായ കാര്യങ്ങളിൽ നിന്നും വിട്ടു നിൽക്കാൻ ആഗ്രഹിക്കുന്നവർ എന്ന് ആരാഞ്ഞുകൊണ്ടുള്ളതായിരിക്കും ആ നോട്ടീസ്. ഈ വിളംബരത്തിന് ശേഷം ഒരു വർഷത്തിനകം അമുസ്ലിം ആവാൻ ആഗ്രഹിക്കുന്നവർ അമുസ്ലിംകളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് മുസ്ലിം സൊസൈറ്റിയിൽ നിന്ന് പുറത്ത് പോകേണ്ടതാണ്. ഈ കാലപരിധിക്ക് ശേഷം ജന്മനാ മുസ്ലിംകളെ മുസ്ലിംകളായി കണക്കാക്കപ്പെടും. ഇസ്ലാമിന്റെ എല്ലാ നിയമങ്ങളും അവരിൽ പ്രാവർത്തികമാക്കപ്പെടുന്നതാണ്. ഇസ്ലാമിലെ എല്ലാ നിർബന്ധ ബാദ്ധ്യതകളും നടപ്പാക്കാൻ അവർ നിർബന്ധിതരായിത്തീരുന്നതാണ്. ഇതിന് ശേഷം ആരെങ്കിലും ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്ത് പോകാൻ ആഗ്രഹിച്ചാൽ അയാൾ വധിക്കപ്പെടുന്നതാണ്. കുഫ്റിന്റെ മടിത്തട്ടിൽ വീഴാൻ പോവുന്ന ധാരാളം സ്ത്രീ പുരുഷന്മാരെ ഈ വിധം രക്ഷപ്പെടുത്താൻ ശ്രമിക്കും. അതായത് ഒരു വിധത്തിലും രക്ഷപ്പെടാൻ സാധിക്കാത്തവർ നമ്മുടെ സൊസൈറ്റിയിൽ നിന്ന് വിഛേദിക്കപ്പെടും (വധിക്കപ്പെടും). ഈ ശുദ്ധീകരണത്തിന് ശേഷം സ്വമനസ്സാലെ മുസ്ലിമായി കഴിയാൻ ആഗ്രഹിക്കുന്നവരെ കൊണ്ട് പുതിയ ഇസ്ലാമിക സൊസൈറ്റിയുടെ ആരംഭം കുറിക്കുന്നതാണ്.' (മുർത്തദ് കി സസാ ഇസ്ലാമീ ഖാനൂൻ മെ 1950ൽ പ്രസിദ്ധീകരിച്ചത് പേജ് 80)**

മൗദൂദി സാഹിബ് വീണ്ടും എഴുതുന്നു: **'മതപരിത്യാഗത്തിന് വധശിക്ഷയാണെന്ന് തീരുമാനിക്കപ്പെട്ട് കഴിഞ്ഞതോടെ പ്രശ്നം**

**പരിഹരിച്ചു. ഒരു മുസ്‌ലിമിനും അന്യമതം സ്വീകരിക്കാൻ നാം അനുവദിക്കുന്നതല്ല എന്ന് വരുമ്പോൾ നമ്മുടെ അധികാര പരിധിയിൽ അന്യമതസ്ഥർക്ക് പ്രചാരണം നടത്തുക എന്ന പ്രശ്നം തന്നെ ഉത്ഭവിക്കുന്നില്ല. നാം ഒരിക്കലും അത് സഹിക്കുകയില്ല.' (മുർത്തദ് കീ സസാ ഇസ്‌ലാമീ ഖാനൂൻ മെ പേ. 32) മൗദൂദി സാഹിബ് തുടരുന്നു: 'ഇതിനുള്ള പ്രതിവിധി രണ്ടു വിധമാണ് ഒന്നുകിൽ അയാളെ (മതം മാറിയവനെ) സ്റ്റേറ്റിൽ എല്ലാവിധ പൗരാവകാശങ്ങളും ത്യജിക്കപ്പെട്ട നിലയിൽ ജീവിക്കാനനുവദിക്കുക. അല്ലെങ്കിൽ അയാളുടെ ജീവിതം അവസാനിപ്പിക്കുക. ആദ്യത്തെ രീതി രണ്ടാമത്തെ രീതിയേക്കാൾ കഠിനതരമായ ശിക്ഷയായിരിക്കും. കാരണം അതിന്റെ അർത്ഥം (ലാ യമൂത്തു ഫീഹാ വലാ യഹ്‌യാ) എന്ന അവസ്ഥയിൽ അതായത് ജീവച്ഛവം പോലെ ആവുകയാണ്. അത് കൊണ്ട് ശ്രേഷ്ഠമായ കാര്യം അയാൾക്ക് മരണശിക്ഷ നൽകിക്കൊണ്ട് അദ്ദേഹത്തിനും സൊസൈറ്റിക്കുമുള്ള എല്ലാ ആപത്തുകളും തൽക്ഷണം അവസാനിപ്പിക്കുകയാണ്'(മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ പേ. 51)**

ഏറ്റവും ദുഖകരവും അതിനേക്കാളേറെ അത്ഭുതകരവുമായ കാര്യം ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ വളരെ കാലം ജീവിച്ചിട്ടും ഇവിടുത്തെ രാഷ്ട്രീയ രംഗത്ത് സജീവമായി പ്രവർത്തിച്ചിട്ടും വലിയ മാധ്യമ സാമ്രാജ്യത്തിന്റെ നടത്തിപ്പുകാരായിട്ടും കേരളത്തിലെ മുഖ്യ മനുഷ്യാവകാശ സംഘടനയുടെ പ്രവർത്തകരായിരുന്നിട്ടും ഇവിടുത്തെ ജമാഅത്തെ ഇസ്‌ലാമി നേതാക്കൾക്ക് പോലും മൗലാനാ മൗദൂദിയുടെ മനുഷ്യത്വ വിരുദ്ധവും അതിനെക്കാളുപരി ഇസ്‌ലാമിക വിരുദ്ധവുമായ ഫാസിസ്റ്റ് തത്വങ്ങൾ തിരിച്ചറിഞ്ഞ് തള്ളി പറഞ്ഞിട്ടില്ല എന്നിട്ടാണോ പട്ടാള അട്ടിമറിയും ഗോത്രപോരുമുള്ള ആഫ്രിക്കൻ നാടുകളിലെ മതമൗലിക വാദികൾക്ക് മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഉന്നതതത്വങ്ങൾ തിരിച്ചറിയുക. മുർത്തദിനെ വധിക്കണമെന്ന മൗദൂദിയുടെ സിദ്ധാന്തത്തെ ന്യായീകരിച്ചുകൊണ്ട് ജമാഅത്ത് നേതാവായ ഒ അബ്ദുർറഹ്മാൻ സാഹിബ് എഴുതുന്നു. അതും യുക്തിവാദികൾക്കെതിരെയുള്ള മറുപടി പുസ്തകത്തിൽ!!


**'ഇപ്രകാരം ഇസ്‌ലാം സ്വീകരിക്കാതിരിക്കാനും പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കെ അത് സത്യമാണെന്ന് മനസ്സിലാക്കി സ്വമേധയാ അതിൽ പ്രവേശിച്ചാൽ പിന്നീട് ഉപേക്ഷിച്ച് പോകുന്നുവെങ്കിൽ തികഞ്ഞ വഞ്ചനയും മുസ്‌ലിം സൊസൈറ്റിയെ ശിഥിലമാക്കാനുള്ള കപടതന്ത്രവുമായിട്ടാണ് ഇസ്‌ലാം ആ നടപടിയെ വീക്ഷിക്കുന്നത്. അവരെ പിടികൂടാനോ ശിക്ഷിക്കാനോ വ്യക്തികൾക്ക് അധികാരമില്ലെങ്കിലും ഇസ്‌ലാമിക സ്റ്റേറ്റിന്റെ ഭദ്രത നിലനിർത്താൻ ദ്രോഹകാരികളായ അത്തരം ആളുകളെ ഇസ്‌ലാമിക കോടതി വിചാരണ ചെയ്യും. കുറ്റം തെളിഞ്ഞാൽ തെറ്റു തിരുത്താൻ അവസരം നൽകും. തിരുത്താനും തയ്യാറില്ലെങ്കിൽ മാത്രം വധശിക്ഷക്ക് വിധിക്കും' (ഇസ്‌ലാം യുക്തിവാദികളും പേജ് 163)** മുർത്തദിനെ അതായത് മതം മാറിയവനെ അക്കാരണത്താൽ വധിച്ചു കളയണയണമെന്ന് ജമാഅത്ത് പണ്ഡിതന്മാർ പറയുന്ന ന്യായങ്ങൾ ഇതൊക്കെയാണ്. ഇസ്‌ലാമിൽ നിന്ന് പുറത്ത് പോയാൽ കൊല്ലുമെന്ന് പറയുന്നവർ തന്നെ ഇസ്‌ലാമിലേക്ക് ഒരു അമുസ്‌ലിം വന്നാൽ ഇരുകൈകളും നീട്ടി സ്വീകരിക്കുകയും ചെയ്യുന്നു. പുറത്ത് പോകുന്നവന് കൊല. അകത്ത് വരുന്നവന് പൂമാല. ഈ ഇരട്ടത്താപ്പ് നീതിയാണോ? ഇതാണോ ഹുക്കൂമത്തെ ഇലാഹി മാതൃക?!! **അപ്പോൾ 'മതത്തിൽ യാതൊരു വിധ നിർബന്ധവുമില്ല'** എന്ന് ഖുർആൻ പറഞ്ഞതിന്റെ അർത്ഥം എന്താണ്.

## പാകിസ്താനിലെ അഹ്മദിയ്യാ പീഡനം

ലോകത്തെല്ലായിടത്തുമുള്ള അഹ്മദിയ്യ പീഡനത്തിന് പാകിസ്താനിൽ നിന്നുള്ള മതരാഷ്ട്രവാദികളുടെ ആശയ പിന്തുണയുണ്ട്. ഗവൺമെന്റിന്റെ നിയന്ത്രണമില്ലാത്ത നിരവധി ജിഹാദീ പരിവാർ സംഘടനകളുടെ പറുദീസയാണ് പാകിസ്താൻ. ബർക്കിനോ ഫാസോ രീതിയിലാണ് പാകിസ്താനിൽ ലാഹോറിലെ മോഡൽ ടൗണിലെ ബൈത്തുനൂർ, ഗാരിഗാഹുവിലെ ദാറുദിക്ർ എന്നീ രണ്ട് മസ്ജിദുകളിൽ 2010 മെയ് 28 ന് ഒരു സംഘം ഭീകരർ ബോംബെറിഞ്ഞും വെടിവെച്ചും 86 അഹമദികളെ ശഹീദാക്കിയത്. തഹ്‌രീകെ താലീബാൻ പാകിസ്താൻ എന്ന ഭീകര സംഘടനയാണ് ഈ ഘോരകൃത്യം നിർവ്വഹിച്ചത്. അഫ്ഘാൻ താലീബാന്റെ പാകിസ്താൻ പതിപ്പാണ് ഈ ഭീകര സംഘടന. ഇത്പോലെയുള്ള ഭീകര സംഘടനകൾ സ്വച്ഛന്ദം വിഹരിക്കുന്ന ഭൂമിയിലെ ഏറ്റവും അപകടം നിറഞ്ഞ സ്ഥലങ്ങളിലൊന്നാണ് പാകിസ്താൻ. അവിടെ അഹ്മദികൾ താമസിക്കുന്ന ചില നഗരങ്ങളിലും ഗ്രാമങ്ങളിലും മതമൗലിക വാദി പരിവാർ സംഘടനകൾ 'അഹ്മദികൾ വധാർഹരാണ് (വാജിബുൽ ഖതൽ)' എന്നെഴുതിയ ബാനറുകൾ സ്ഥാപിക്കുകയും ലഘുലേഖകൾ നിർബാധം വിതരണം ചെയ്യുകയും ചെയ്യാറുണ്ട്. അവരെ ആരും തടയാറില്ല. കഴിഞ്ഞ ഏതാനും ദശകങ്ങളായി ഉന്നതകിടയിലുള്ള നൂറുക്കണക്കിന് അഹ്മദികളെയാണ് വിശിഷ്യാ ഡോക്ടർമാരെയാണ് പാകിസ്താനിൽ ഓരോ ഭീകര സംഘടനയുടെയും സ്പോൺസർഷിപ്പിൽ മോട്ടോർ സൈക്കിളിൽ വന്ന് വെടിവെച്ച് കൊല്ലുന്നത്. പോലീസ് മിക്ക അതിക്രമങ്ങൾക്കെതിരെയും കേസെടുക്കില്ല. എടുത്തെങ്കിൽ തന്നെ ഫലപ്രദമായ അന്വേഷണമോ ശിക്ഷയോ ഇല്ല.


1954, 1974, 1984കളിൽ ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിൽ നടന്ന അഹ്മദിയ്യാ വിരുദ്ധകലാപത്തിൽ നിരവധി അഹ്മദികൾ കൊല്ലപ്പെട്ടു. അവരുടെ സ്വത്തുകൾ തീവെച്ചു നശിപ്പിക്കുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു. മുസ്‌ലികൾ വിശ്വസിക്കുന്ന വിശുദ്ധ ഖുർആൻ, സുന്നത്ത്, ഹദീസ് എന്നീ എല്ലാ ഇസ്‌ലാമിക പ്രമാണങ്ങളിലും അവരെക്കാൾ ദൃഢമായി വിശ്വസിക്കുന്ന അഹ്മദികളെ പാകിസ്താൻ നാഷണൽ അസംബ്ലി 1974 സെപ്തംബർ 7 ന് ഭരണഘടനാ ഭേദഗതിയിലൂടെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയും നമസ്ക്കരിച്ചാലും ഖുർആൻ ഓതിയാലും നോമ്പ് നോറ്റാലും ഏതൊരു ഇസ്‌ലാമിക ചിഹ്നം ഉപയോഗിച്ചാലും എന്തിനധികം 'അസ്സലാമു അലൈക്കും' എന്ന സമാധാന വചനം ആശംസിച്ചാൽ പോലും വധശിക്ഷ മുതൽ ജയിൽ ശിക്ഷവരെയുള്ള വകുപ്പുകൾ പാകിസ്താൻ പീനൽ കോടതിയിൽ എഴുതിചേർത്തു. പാകിസ്താനിൽ ഇങ്ങനെ ഭ്രാന്ത് ആൾകൂട്ടങ്ങൾക്ക് മാത്രമല്ല, നിയമങ്ങൾക്ക് തന്നെ ഭ്രാന്താണ്. 1984 ൽ പട്ടാള സ്വേഛാധിപതിയും മതമൗലിക വാദിയുമായ ജനറൽ സിയാ ഉൽ ഹഖ് 20-ാം ഓർഡിനൻസ് നടപ്പാക്കി അഹ്മദിയ്യാ ജമാഅത്തിന്റെ എല്ലാ പ്രവർത്തനങ്ങളും തടയപ്പെട്ടപ്പോൾ അന്നത്തെ ഖലീഫത്തുൽ മസീഹ് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ഇംഗ്ലണ്ടിലേക്ക് പലായനം ചെയ്യുകയുണ്ടായി. അതിന് ശേഷം ലണ്ടനിലാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ആസ്ഥാനം. പിന്നോക്കരാജ്യമായ പാകിസ്താന് ഏക നോബൽ സമ്മാനം നേടികൊടുത്ത പ്രഫ. അബ്ദുസ്സലാം സാഹിബ് ജീവിച്ചിരുന്നപ്പോൾ ഒരൊറ്റ യൂണിവേഴ്സിറ്റിയിലും മതമൗലികവാദികളുടെ വിദ്യാർത്ഥി സംഘടന പ്രസംഗിക്കാനനുവദിച്ചില്ല. നോബൽ പുരസ്ക്കാരം ലഭിച്ചപ്പോഴുള്ള സ്വീകരണം ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിലുള്ള വിദ്യാർത്ഥി സംഘടന ബഹിഷ്ക്കരിക്കുകയും അലങ്കോലപ്പെടുത്തുകയും ചെയ്തു. ഇസ്‌ലാമാബാദിലെ ഖായിദെ അഅ്സം യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് സെന്ററിന് അബ്ദുസ്സലാമിന്റെ പേരിടാൻ അന്നത്തെ പ്രധാനമന്ത്രി നവാസ് ഷെരീഫ് തീരുമാനിച്ചപ്പോൾ വൻ പ്രക്ഷോഭം നടത്തി അത് റദ്ദാക്കി. അബ്ദുസ്സലാം സാഹിബിന്റെ ഖബറിൽ ആദ്യത്തെ മുസ്‌ലിം നോബേൽ ജേതാവ് എന്നെഴുതിയത് മായ്ച്ച് കളഞ്ഞ് ഖബർ വികൃതമാക്കി. അദ്ദേഹത്തിന്റെ രണ്ട് മരുമക്കളെ തീവ്രവാദികൾ വെടിവെച്ചുകൊന്നു. സ്വന്തം പരിശ്രമം കൊണ്ട് പാകിസ്താന് നോബേൽ സമ്മാനം നേടികൊടുത്ത ലോകം ആദരിക്കുന്ന ഒരു അഹ്മദിയോട് പാകിസ്താൻ ഭരണകൂടവും രാഷ്ട്രീയ സംഘടനകളും മതപാർട്ടികളും ചെയ്തത് ഇതൊക്കെയാണങ്കിൽ സാധാരണക്കാരായ അഹ്മദികളോട് അവർ എങ്ങനെ പെരുമാറും എന്ന് ഊഹിച്ചാൽ മതി. ഇത്തരം പെരുമാറ്റം തടയാൻ വിവേകമതികളായ മുസ്‌ലിംകൾ അവിടെ മുന്നോട്ടുവരുന്നില്ല. എതിർത്ത് പറഞ്ഞാൽ അവരെയും അഹ്മദിയാക്കി മുദ്രകുത്തും.





പാകിസ്താനിൽ നിലവിലുള്ള തികച്ചും ഏകപക്ഷീയവും ജനാധിപത്യ വിരുദ്ധവുമായ മത നിന്ദാ നിയമത്തെ തള്ളിപറഞ്ഞതിനാണ് 2011 ജനുവരിയിൽ പഞ്ചാബ് ഗവർണ്ണറും പിപിപി നേതാവുമായിരുന്ന സൽമാൻ തയ്സീറിനെ തന്റെ സ്വന്തം അംഗരക്ഷകനായ ഒരു തീവ്രവാദി വെടിവെച്ച് കൊന്നത്. വിഖ്യാതനായ ഉറുദു കവി ഫൈയ്സ് അഹ്മദ് ഫൈയ്സിന്റെ മരുമകൻ കൂടിയായിരുന്നു സൽമാൻ തയ്സീർ. തയ്സീറിന്റെ ജനാസ നമസ്ക്കരിക്കാൻ തീവ്രവാദികളെ ഭയന്ന് ഒരൊറ്റ രാഷ്ട്രീയ നേതാവും വന്നില്ല. മനുഷ്യസ്നേഹിയും പുരോഗമനവാദിയുമായ പാകിസ്താനിലെ ഒരു ഗവർണ്ണറുടെ സ്ഥിതിയാണിത്. പിന്നെ ഈ ഭീകരവാദത്തെ എതിർക്കാൻ പാകിസ്താനിൽ ആരാണ് മുന്നോട്ടുവരിക. അല്ലാഹുതന്നെ ഒരു പരിഹാരം ഉണ്ടാക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. നിർഭാഗ്യവശാൽ മുല്ലായിസത്തിന് പ്രാമുഖ്യമുള്ള മുസ്‌ലിം രാജ്യസമൂഹങ്ങളിലെ ഇത്തരം അസഹിഷ്ണുതയും അക്രമണോത്സുകതയുമാണ് ഇസ്‌ലാമിന്റെ സംസ്ക്കാരമായി മറ്റുള്ളവർ തെറ്റിദ്ധരിക്കുന്നത്. അത് തിരുത്തിക്കുറിക്കാൻ റസൂൽ തിരുമേനി(സ)യെ സ്നേഹിക്കുന്ന എല്ലാ മുസ്‌ലിം സഹോദരന്മാരും മുന്നോട്ട് വരണം. മുസ്‌ലിങ്ങൾ ഇന്നനുഭവിക്കുന്ന എല്ലാ ഭവിഷ്യത്തുകൾക്കും ഒരളവോളം കാരണം ഇത്തരം പ്രവണതകളോട് അവർ ദീക്ഷിക്കുന്ന മൗനമാണ്. ലോകാനുഗ്രഹിയായ റസൂൽ തിരുമേനി(സ) യാണ് ഇത് മുഖേന തെറ്റിദ്ധരിക്കപ്പെടുന്നത്. രക്തസാക്ഷികളെ സംബന്ധിച്ച് ഖുർആൻ പറഞ്ഞ ഒരു വാചകം ഉദ്ദരിച്ചു കൊണ്ട് ഉപസംഹരിക്കാം.

**'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവനെ സംബന്ധിച്ച് മരിച്ചവർ എന്ന് നിങ്ങൾ പറയരുത്. അല്ല (അവർ) ജീവിച്ചിരിക്കുന്നവരാണ്. പക്ഷേ നിങ്ങൾ അത് ഗ്രഹിക്കുന്നില്ലെന്ന് മാത്രം.'** (2:155)



www.alislam.org

Published on 07.02.2023
Pages 44
Vol: 95 Issue. 02
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!



# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
Phone No: 9447086862 (G. Pay)

ISLAM INTERNATIONAL PUBLICATIONS
Scan and pay with any BHIM UPI app
G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim